

# സെഹിയോൻ

## പ്രാർത്ഥനാ പുസ്തകം

"ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട യേശുവിന്റെ
തിരുരക്തത്തോടൊപ്പം ഈ പ്രാർത്ഥനകളും
ദൈവപിതാവിന് സമർപ്പിക്കുന്നു."


നിത്യസ്തുതിക്ക് യോഗ്യമായ പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്
എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.



# സെഹിയോൻ പ്രാർത്ഥനാപുസ്തകം

സെഹിയോൻ ധ്യാനകേന്ദ്രം, താവളം പി.ഒ., അട്ടപ്പാടി
പാലക്കാട് - 678 589, ഫോൺ: 04924-253333, 253647



ദൈവവുമായുള്ള നമ്മുടെ സ്നേഹബന്ധം പ്രാർത്ഥനയെ ആശ്രയിച്ചാണിരിക്കുന്നത്. പ്രാർത്ഥിക്കുന്നവർക്കുമാത്രമേ ദൈവം തന്നെയായ നിത്യജീവനിലേക്ക് പ്രവേശിക്കാൻ കഴിയൂ. സ്വന്തം ഹിതത്തെ പിതാവിന്റെ ഹിതത്തോടു ചേർത്തുവയ്ക്കുന്നതാണ് ശരിയായ പ്രാർത്ഥനയെന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

പരിശുദ്ധ പിതാവ് ബനഡിക്ട് XVI



# ആശംസ

**“രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും” (മത്താ 18, 20).**

കുടുംബം കൂട്ടായ്മയുടെ അനുഭവമാണ്. കുടുംബത്തിലെ കൂട്ടായ്മയുടെ ജീവൻ പ്രാർത്ഥനയാണ്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കുന്നു. പ്രാർത്ഥിക്കുന്ന വ്യക്തികളിലും കുടുംബങ്ങളിലും ദൈവാരൂപിയും ദൈവിക ചിന്തകളും ശക്തിപ്രാപിക്കും. അന്ധകാരശക്തികൾ വിട്ടൊഴിഞ്ഞുപോകും.

ധ്യാനങ്ങളിലൂടെയും മറ്റും നമുക്കു ലഭിക്കുന്ന ദൈവാനുഭവത്തിൽ വളരാൻ എന്നും കുടുംബാംഗങ്ങൾ ഒന്നിച്ച് പ്രാർത്ഥിക്കണം. ഈ പ്രാർത്ഥനാപുസ്തകം അതിന് ഉത്തമ സഹായിയാണ്. കുടുംബത്തിലും വ്യക്തിജീവിതത്തിലും ആത്മീയ ഉണർവ് ലഭിക്കാൻ സഹായിക്കുന്ന അഭിഷേകമുള്ള പ്രാർത്ഥനകളുടെ ഒരു സമാഹാരമാണിത്. ഈ പ്രാർത്ഥനാപുസ്തകം ഉപയോഗിച്ച് പ്രാർത്ഥിക്കുന്നവരെ സർവ്വേശ്വരൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പാലക്കാട്
24-02-07

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ



# സെഹിയോൻ
## ധ്യാനകേന്ദ്രത്തിലേക്ക് സ്വാഗതം

അട്ടപ്പാടി മലമുകളിൽ, പ്രശാന്തമായ താഴ്വരയിൽ, നിശ്ശബ്ദതയുടെ മടിത്തട്ടിൽ ഒരു ധ്യാനകേന്ദ്രം '**സെഹിയോൻ.**' ദൈവസാന്നിദ്ധ്യത്തിന്റെ കുളിർമ്മയിൽ അനേകർ ഇവിടെ പ്രാർത്ഥിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളും സെഹിയോനിൽ പ്രാർത്ഥിക്കുന്നവർക്ക് പുണ്യദിനങ്ങളാണ്. കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ നിരവധി പ്രദേശങ്ങളിൽ നിന്നും ദൈവമക്കൾ ഇവിടെ വന്ന് പ്രാർത്ഥിക്കുന്നു.

**എല്ലാ മാസത്തിലെയും ആദ്യ ഞായറാഴ്ച ഒഴികെ മറ്റെല്ലാ ആഴ്ചകളിലും ഞായറാഴ്ച 2.00pm ന് ധ്യാനം ആരംഭിച്ച് വെള്ളിയാഴ്ച 8.30am ന് അവസാനിക്കുന്നു (മാസത്തിലെ ആദ്യ ഞായറാഴ്ച ധ്യാനം ഇല്ല).**

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധ്യാനത്തിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ഒരു കാരണവശാലും ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതല്ല. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ ഓഫീസുമായി ബന്ധപ്പെടുക.

ഇത് പരിശുദ്ധാത്മാവിന്റെ ഭവനമാണ്. കർത്താവായ യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തികളും ഇവിടെ സംഭവിക്കുന്നു. തന്റെ അത്ഭുത പ്രവൃത്തികളുടെ ഘോഷംകൊണ്ട് ദൈവം സെഹിയോനെ നിറയ്ക്കുന്നു. ഏവരേയും സെഹിയോനിലെ ഈ ആത്മീയ വിരുന്നിലേക്ക് ക്ഷണിച്ചുകൊണ്ട്

വിനയപൂർവ്വം,

വട്ടായിലച്ചൻ

# ഉള്ളടക്കം

## പൊതുവായ പ്രാർത്ഥനകൾ


കുരിശടയാളം (ചെറുത്) ..... 9
കുരിശടയാളം (വലുത്) ..... 9
ത്രിത്വ സ്തുതി ..... 9
സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ..... 9
നന്മനിറഞ്ഞ മറിയം ..... 9
കുമ്പസാരത്തിനുള്ള ജപം ..... 10
മനസ്താപ പ്രകരണം ..... 10
വിശ്വാസ പ്രകരണം ..... 11
ശരണപ്രകരണം ..... 11
സ്നേഹ പ്രകരണം ..... 11
വിശ്വാസ പ്രമാണം ..... 11


## പ്രബോധന ജപങ്ങൾ


ദൈവകല്പനകൾ ..... 12
തിരുസഭയുടെ കല്പനകൾ ..... 12
കൂദാശകൾ ..... 12
കാരുണ്യ പ്രവൃത്തികൾ ..... 13
സുവിശേഷ ഭാഗ്യങ്ങൾ ..... 13
സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ ..... 14
ദൈവത്തിന്റെ ലക്ഷണങ്ങൾ ..... 14
പരിശുദ്ധാരൂപിയുടെ ദാനങ്ങൾ ..... 14
പരിശുദ്ധാരൂപിയുടെ ഫലങ്ങൾ ..... 14
പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ ..... 14
ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ ..... 15
മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും ..... 15
മനുഷ്യന്റെ അന്ത്യങ്ങൾ ..... 15
നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ ..... 15
പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ 15
ദൈവികപുണ്യങ്ങൾ ..... 15


## അനുദിന പ്രാർത്ഥനകൾ


സാധാരണ ത്രിസന്ധ്യാ ജപം ..... 16
വിശുദ്ധവാര ത്രിസന്ധ്യാ ജപം ..... 16
ഉയിർപ്പുകാല ത്രിസന്ധ്യാ ജപം ..... 17
പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ..... 17
പരിശുദ്ധാത്മാവിനോടുള്ള ജപം ..... 18

പരിശുദ്ധ രാജ്ഞി ............ 19
എത്രയും ദയയുള്ള മാതാവേ ............ 19
വിശുദ്ധ യൗസേപ്പിതാവിനോടുള്ള ജപം ............ 20
മരിച്ച വിശ്വാസികൾക്കു വേണ്ടിയുള്ള ജപം ............ 20
പ്രഭാത പ്രാർത്ഥന ............ 21
ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന ............ 22
ഭക്ഷണത്തിനു ശേഷമുള്ള പ്രാർത്ഥന ............ 22
യാത്രയ്ക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന ............ 22
യാത്രയ്ക്കു ശേഷം ചൊല്ലാവുന്ന പ്രാർത്ഥന ............ 22
ജോലിക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന ............ 23
വിദ്യാർത്ഥികൾക്കായുള്ള പ്രാർത്ഥന ............ 23
പരീക്ഷയ്ക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന ............ 24
വി. ഫ്രാൻസിസ് അസ്സീസിയുടെ സമാധാന പ്രാർത്ഥന ............ 25
കുടുംബ വിശുദ്ധീകരണത്തിന് പ്രാർത്ഥന ............ 25
കുടുംബ പ്രതിഷ്ഠാജപം ............ 26
മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ............ 27
കരുണയുടെ ജപം (വലുത്) ............ 28
കരുണയുടെ ജപം (ചെറുത്) ............ 29
ക്ഷമയുടെ പ്രാർത്ഥന ............ 29
പാപ പരിഹാര ജപം ............ 30
ബന്ധന പ്രാർത്ഥന ............ 30
പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന ............ 31
രാത്രി ജപം ............ 32
ഉറങ്ങാൻ പോകുന്നതിന് മുമ്പും മറ്റവസരങ്ങളിലും
ചൊല്ലാവുന്ന പ്രാർത്ഥന ............ 32
ജീവിത പങ്കാളിയെ ലഭിക്കുവാൻ പ്രാർത്ഥന ............ 33
ദമ്പതികളുടെ പ്രാർത്ഥന ............ 33
വിശുദ്ധ മിഖായേൽ മാലാഖയോടുള്ള ജപം ............ 34
വൈദികർക്കുവേണ്ടി പ്രാർത്ഥന ............ 35

## പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

ജന്മദിന പ്രാർത്ഥന ............ 36
കുഞ്ഞുങ്ങളെ ലഭിക്കുവാൻ ദമ്പതികളുടെ പ്രാർത്ഥന ............ 36
ഗർഭിണികളുടെ പ്രാർത്ഥന ............ 37
കുഞ്ഞിന്റെ രോഗവിമുക്തിക്കായി മാതാക്കളുടെ പ്രാർത്ഥന ............ 38
രോഗികളുടെ പ്രാർത്ഥന ............ 38
രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന ............ 39
പകർച്ചവ്യാധിയുടെ കാലത്ത് പ്രാർത്ഥന ............ 40
യുദ്ധകാലത്തു പ്രാർത്ഥന ............ 40

പ്രകൃതിക്ഷോഭകാലത്തു പ്രാർത്ഥന ........ 41
നല്ല കാലാവസ്ഥയ്ക്കായി പ്രാർത്ഥന ........ 41
വീട്ടിലെ കീടബാധ മാറ്റാൻ പ്രാർത്ഥന ........ 41
വീട്ടിൽ വളർത്തുന്ന പക്ഷിമൃഗാദികൾക്കായി പ്രാർത്ഥന ........ 42

## ജപമാലകൾ

പരിശുദ്ധ കന്യകാമാതാവിന്റെ ജപമാല ........ 43
സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ ........ 44
പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ ........ 45
ദുഃഖകരമായ ദിവ്യ രഹസ്യങ്ങൾ ........ 46
മഹിമയുടെ ദിവ്യരഹസ്യങ്ങൾ ........ 47
ജപമാല സമർപ്പണം ........ 49
ദൈവമാതാവിന്റെ ലുത്തിനിയ ........ 49
കരുണയുടെ ജപമാല ........ 52
ഈശോയുടെ തിരുഹൃദയ ജപമാല ........ 53
തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ........ 59
നമ്മുടെ രക്ഷകനായ ഈശോയോടുള്ള ജപമാല ........ 60
തിരുരക്തത്തിന്റെ ജപമാല ........ 67
ത്രിത്വാരാധന പ്രാർത്ഥന ........ 70
മാതാവിന്റെ രക്തക്കണ്ണുനീർ ജപമാല ........ 71
ദൈവകാരുണ്യ നൊവേന ........ 73
സകല വിശുദ്ധരുടെ ലുത്തിനിയ ........ 82

## മരണസമയത്ത് പ്രാർത്ഥനകൾ

നന്മരണത്തിനുവേണ്ടിയുള്ള ജപം ........ 84
നന്മരണത്തിനായുള്ള സുകൃതജപം ........ 85
ആസന്നമരണർക്കു വേണ്ടിയുള്ള പ്രാർത്ഥന ........ 85
ആസന്നമരണർക്കു ചൊല്ലിക്കൊടുക്കാവുന്ന ജപങ്ങൾ ........ 86
രോഗി അന്ത്യശ്വാസം വലിക്കുമ്പോൾ ചൊല്ലിക്കൊടുക്കേണ്ട പ്രാർത്ഥന ........ 89
മരണസമയത്തു ചൊല്ലുന്ന പ്രാർത്ഥന ........ 90
മിശിഹായുടെ അന്ത്യപ്രാർത്ഥന ........ 96
പൂർണ്ണ ദണ്ഡവിമോചനത്തിനുള്ള അന്തിമാശീർവ്വാദം ........ 97

## സഭാത്മക പ്രാർത്ഥനകൾ

മരിച്ചവർക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ് ........ 98
കുരിശിന്റെ വഴി ........ 103
സെഹിയോൻ ധ്യാനകേന്ദ്രത്തിനുവേണ്ടിയുള്ള പ്രാർത്ഥന ........ 124
സ്തോത്രഗീതം ........ 125

# പ്രാർത്ഥന തുടങ്ങുമ്പോൾ

1. **ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടത്തെ കല്പനകൾ അനുസരിക്കുക എന്നർത്ഥം (1 യോഹ 5,3).**

   പ്രാർത്ഥന ആരംഭിക്കുമ്പോൾ ഹൃദയം ദൈവത്തിന് സമർപ്പിച്ച് ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കാമെന്ന് പ്രതിജ്ഞയെടുക്കുക.

2. **ജ്ഞാനം കപട ഹൃദയത്തിൽ പ്രവേശിക്കുകയില്ല; പാപത്തിന് അടിമയായ ശരീരത്തിൽ വസിക്കുകയുമില്ല (ജ്ഞാനം 1,4).**

   അനുതപിച്ച്, പാപം ഉപേക്ഷിച്ച് പ്രാർത്ഥക്കുക.

3. **എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളിൽ നിന്ന് പിന്തിരിയുകയും ചെയ്താൽ ഞാൻ സ്വർഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും (2 ദിന 7,14).**

   എളിമയോടെ പ്രാർത്ഥിക്കുക.

4. **പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും (മർക്കോ 11, 24).**

   വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

5. **ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ (ലൂക്കാ 6, 27-28).**

   വെറുപ്പും വിരോധവും ഉപേക്ഷിച്ച് പ്രാർത്ഥിക്കുക.

6. **ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ (മത്താ 6, 12).**

   മറ്റുള്ളവരോട് ക്ഷമിച്ച് പ്രാർത്ഥിക്കുക.

# പൊതുവായ പ്രാർത്ഥനകൾ

## കുരിശടയാളം (ചെറുത്)

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

## കുരിശടയാളം (വലുത്)

വിശുദ്ധ കുരിശിന്റെ ✶ അടയാളത്താൽ ഞങ്ങളുടെ ✶ ശത്രുക്കളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ ✶ ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

## ത്രിത്വ സ്തുതി

പിതാവിനും പുത്രനും✶ പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

## സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ



സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നു വേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. ആമ്മേൻ.

## നന്മനിറഞ്ഞ മറിയം

നന്മനിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ; സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു, അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

## കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും, നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് ഞാനപേക്ഷിക്കുന്നു. ആമ്മേൻ.

## മനസ്താപ പ്രകരണം

എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണ ഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും, സ്വർഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്കയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ)യിരിക്കുന്നു. ആമ്മേൻ.

## വിശ്വാസ പ്രകരണം

എന്റെ ദൈവമേ, കത്തോലിക്കാതിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സത്യങ്ങളെല്ലാം ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്തെന്നാൽ വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും കഴിയാത്തവനായ അങ്ങു തന്നെയാണ് അവ വെളിപ്പെടുത്തിയിരിക്കുന്നത്.

## ശരണപ്രകരണം

എന്റെ ദൈവമേ, അങ്ങ് സർവ്വശക്തനും അനന്തദയാലുവും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണ്. ആകയാൽ, ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോ മിശിഹായുടെ യോഗ്യതകളാൽ പാപമോചനവും, അങ്ങയുടെ പ്രസാദവരസഹായവും നിത്യജീവിതവും എനിക്കു ലഭിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

## സ്നേഹ പ്രകരണം

എന്റെ ദൈവമേ, അങ്ങ് അനന്ത നന്മസ്വരൂപനും പരമസ്നേഹയോഗ്യനുമാണ്. ആകയാൽ പൂർണ്ണ ഹൃദയത്തോടെ എല്ലാറ്റിനും ഉപരിയായി അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങയോടുള്ള സ്നേഹത്തെക്കുറിച്ച് മറ്റുള്ളവരെയും എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നു. എന്നെ ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു. ഞാൻ ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും മാപ്പപേക്ഷിക്കുകയും ചെയ്യുന്നു.

## വിശ്വാസ പ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു;പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ടു; പാതാളത്തിലേക്കിറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാൾ ഉയിർത്തു; സ്വർഗത്തിലേക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെ നിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

# പ്രബോധന ജപങ്ങൾ

## ദൈവകല്പനകൾ

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസാക്ഷി പറയരുത്.
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.
10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.

**ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം.**

1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.
2. തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കണം.

## തിരുസഭയുടെ കല്പനകൾ

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ട ജോലികൾ ചെയ്യുകയുമരുത്.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്തു പരിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യണം.
3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.
4. വിലക്കപ്പെട്ട കാലത്തു വിവാഹം ആഘോഷിക്കുകയോ, തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.
5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള ഓഹരികൾ കൊടുക്കണം.

## കൂദാശകൾ

1. മാമ്മോദീസ
2. സ്ഥൈര്യലേപനം
3. കുർബാന
4. കുമ്പസാരം
5. രോഗീലേപനം
6. തിരുപ്പട്ടം
7. വിവാഹം

## കാരുണ്യ പ്രവൃത്തികൾ

### ശാരീരികങ്ങൾ

1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നത്.
2. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നത്.
3. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നത്.
4. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നത്.
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്.
6. അവശരെ സഹായിക്കുന്നത്.
7. മരിച്ചവരെ അടക്കുന്നത്.

### ആദ്ധ്യാത്മികങ്ങൾ

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നത്.
3. ദുഃഖിതരെ ആശ്വസിപ്പിക്കുന്നത്.
4. തെറ്റു ചെയ്യുന്നവരെ തിരുത്തുന്നത്.
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്.
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്.
7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നത്.

## സുവിശേഷ ഭാഗ്യങ്ങൾ

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു.
2. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.
3. ദുഃഖിതർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.
4. നീതിയെക്കുറിച്ചു വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.
5. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.
6. ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.
7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രരെന്നു വിളിക്കപ്പെടും.
8. നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു.

## സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ

1. തിരുസഭ ഏകമാകുന്നു.
2. തിരുസഭ വിശുദ്ധമാകുന്നു.
3. തിരുസഭ കത്തോലിക്കമാകുന്നു.
4. തിരുസഭ ശ്ലൈഹികമാകുന്നു.

## ദൈവത്തിന്റെ ലക്ഷണങ്ങൾ

1. തന്നാൽ താനായിരിക്കുന്നു.
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ്വനന്മസ്വരൂപനായിരിക്കുന്നു.
5. എങ്ങും വ്യാപിച്ചിരിക്കുന്നു.
6. സകലത്തിന്റെയും ആദികാരണമായിരിക്കുന്നു.

## പരിശുദ്ധാരൂപിയുടെ ദാനങ്ങൾ

1. ജ്ഞാനം
2. ബുദ്ധി
3. ആലോചന
4. ആത്മശക്തി
5. അറിവ്
6. ഭക്തി
7. ദൈവഭയം

## പരിശുദ്ധാരൂപിയുടെ ഫലങ്ങൾ

1. ഉപവി
2. ആനന്ദം
3. സമാധാനം
4. ക്ഷമ
5. കനിവ്
6. നന്മ
7. സഹനശക്തി
8. സൗമ്യത
9. വിശ്വസ്തത
10. അടക്കം.
11. ആത്മസംയമനം
12. ശുദ്ധത

## പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ

1. മോക്ഷം കിട്ടുകയില്ലെന്നുള്ള വിചാരം (നിരാശ).
2. സത്പ്രവൃത്തി കൂടാതെ മോക്ഷം പ്രാപിക്കാമെന്ന മിഥ്യാപ്രതീക്ഷ.
3. ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നത്.
4. അന്യരുടെ നന്മയിലുള്ള അസൂയ.
5. പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽത്തന്നെ ജീവിക്കുന്നത്.
6. അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടി മരിക്കുന്നത്.

## ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ

1. മനഃപൂർവ്വം കൊലപാതകം ചെയ്യുന്നത്.
2. പ്രകൃതിവിരുദ്ധമായ മോഹപാപം ചെയ്യുന്നത്.
3. ദരിദ്രരെയും വിധവകളെയും മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളെയും പീഡിപ്പിക്കുന്നത്.
4. വേലക്കാർക്ക് ശരിയായ കൂലി കൊടുക്കാതിരിക്കുന്നത്.

## മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും

1. നിഗളം – എളിമ
2. ദ്രവ്യാഗ്രഹം – ഔദാര്യം
3. മോഹം – അടക്കം
4. കോപം – ക്ഷമ
5. കൊതി – മിതഭോജനം
6. അസൂയ – ഉപവി
7. മടി – ഉത്സാഹം

## മനുഷ്യന്റെ അന്ത്യങ്ങൾ

1. മരണം
2. വിധി
3. സ്വർഗം
4. നരകം

## നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്.
2. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നത്.
3. മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നത്.
4. ചെയ്തുപോയ മാരക പാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്.
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

## പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ

1. പ്രസാദവരം ഉണ്ടായിരിക്കുന്നത്.
2. ദിവ്യകാരുണ്യ സ്വീകരണത്തിനു മുമ്പ് ഒരു മണിക്കൂർ നേരത്തേക്ക് ഉപവസിക്കുന്നത്.
3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്.

## ദൈവികപുണ്യങ്ങൾ

1. വിശ്വാസം 2. ശരണം 3. ഉപവി

# അനുദിന പ്രാർത്ഥനകൾ

## സാധാരണ ത്രിസന്ധ്യാ ജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു; പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ! കർത്താവിന്റെ ദാസി! നിന്റെ വചനം പോലെ എന്നി ലാവട്ടെ. 1 നന്മ.

വചനം മാംസമായി; നമ്മുടെ ഇടയിൽ വസിച്ചു. 1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യ രാകുവാൻ.

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടത്തെ പീഡാനുഭവവും കുരി ശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനു ഗ്രഹിക്കണമേ എന്ന് ഞങ്ങളുടെ കർത്താവായ ഈശോമി ശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

3 ത്രിത്വ.

## വിശുദ്ധവാര ത്രിസന്ധ്യാ ജപം

(വലിയ ബുധനാഴ്ച സായാഹ്നം മുതൽ ഉയിർപ്പു ഞായറാഴ്ച വരെ ചൊല്ലേണ്ടത്)

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി; അതേ, അവിടന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി. അതിനാൽ സർവ്വേ ശ്വരൻ അവിടത്തെ ഉയർത്തി; എല്ലാ നാമത്തെയുംകാൾ ഉന്നത മായ നാമം അവിടത്തേക്ക് നല്കി. 1 സ്വർഗ.

സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാ മർദ്ദ കരുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ട്, കുരിശിലെ പീഡകൾ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺപാർക്കണമേ എന്ന് അങ്ങ യോടുകൂടി എന്നേ ക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവ് ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## ഉയിർപ്പുകാല ത്രിസന്ധ്യാ ജപം

(ഉയിർപ്പു ഞായറാഴ്ച തുടങ്ങി പരിശുദ്ധ ത്രിത്വത്തിന്റെ ഞായറാഴ്ച വരെ ചൊല്ലേണ്ടത്)

സ്വർല്ലോകരാജ്ഞീ, ആനന്ദിച്ചാലും! ഹല്ലേലൂയാ.
എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ
തിരുവുദരത്തിൽ അവതരിച്ചയാൾ! ഹല്ലേലൂയാ.
അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു! ഹല്ലേലൂയാ.
ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമേ!
ഹല്ലേലൂയാ.
കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും! ഹല്ലേലൂയാ.
എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു!
ഹല്ലേലൂയാ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നല്കണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



എല്ലാറ്റിനെയും നവീകരിക്കുന്നവനും വിശുദ്ധീകരിക്കുന്നവനുമായ പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ. അവിടന്നു ഞങ്ങളിൽ നിറഞ്ഞുനില്ക്കുകയും അവിടത്തെ സ്നേഹത്തിന്റെ കതിരുകൾ ഞങ്ങളിൽ പരത്തുകയും ചെയ്യണമേ.

നിത്യവും ഞങ്ങളിൽ വസിക്കുന്നവനായ പരിശുദ്ധാത്മാവേ, അനുതാപത്തിന്റെ അരൂപി ഞങ്ങൾക്കു തരണമേ. പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും ഞങ്ങളെ അകറ്റണമേ.

എല്ലാ വിജ്ഞാനത്തിന്റെയും, അറിവിന്റെയും ഉറവിടമായ പരിശുദ്ധാത്മാവേ, യേശുവിന്റെ പഠനങ്ങളാൽ ഞങ്ങളെ പ്രബുദ്ധരാക്കണമേ. വിശ്വാസത്തിൽ ഉറപ്പിക്കുകയും പ്രത്യാശയിൽ നടത്തുകയും ചെയ്യണമേ.

വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്നവനും ദുഃഖിതരെ ആനന്ദിപ്പിക്കുന്നവനുമായ പരിശുദ്ധാത്മാവേ, അവിടത്തെ സമാശ്വാസത്തിന്റെ ശീതളച്ഛായയിൽ ഞങ്ങളെ നിർത്തണമേ. സ്നേഹത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തണമേ.

അഗതികളുടെ ആശ്രയവും വരങ്ങളുടെ ദാതാവുമായ പരിശുദ്ധാത്മാവേ, അവിടത്തെ അനുഗ്രഹത്തിന്റെ സമൃദ്ധിയാൽ ഞങ്ങളുടെ ദാരിദ്ര്യം അകറ്റണമേ. മനസ്സിന്റെ ശൂന്യത മാറ്റി ഹൃദയം ഉജ്ജ്വലിപ്പിക്കണമേ.

ഞങ്ങളുടെ മദ്ധ്യസ്ഥനും മാർഗ്ഗവുമായ പരിശുദ്ധാത്മാവേ, ഞങ്ങളുടെ വഴികൾ അങ്ങ് നേരെയാക്കുകയും വഴിതെറ്റിപ്പോയവരെ നേർവഴിക്കു തിരിക്കുകയും ചെയ്യണമേ. സത്യത്തിലും നീതിയിലും ഞങ്ങളെ നടത്തണമേ.

ഐക്യത്തിന്റെ നിദാനമായ പരിശുദ്ധാത്മാവേ, അകന്നുപോയവരെ അടുപ്പിക്കുകയും ഭിന്നതകൾ അകറ്റുകയും ചെയ്യണമേ. ഞങ്ങളുടെ നെടുവീർപ്പുകളിലും വിലാപങ്ങളിലും ഞങ്ങളെ ആശ്വസിപ്പിക്കണമേ.

ഞങ്ങളുടെ സമ്മേളനങ്ങളെ അങ്ങു നയിക്കുകയും ഉദ്യമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ.

## പരിശുദ്ധാത്മാവിനോടുള്ള ജപം

പരിശുദ്ധാത്മാവേ, എഴുന്നള്ളി വരിക. അങ്ങേ വെളിവിന്റെ കതിരുകളെ ആകാശത്തിൽനിന്നു അയക്കണമേ. അഗതികളുടെ പിതാവേ, ദാനങ്ങൾ കൊടുക്കുന്നവനേ, ഹൃദയത്തിന്റെ പ്രകാശമേ, എഴുന്നള്ളി വരിക. എത്രയും നന്നായി ആശ്വസിപ്പിക്കുന്നവനേ, ആത്മാവിനു മധുരമായ വിരുന്നേ, മധുരമായ തണുപ്പേ, അലച്ചിലിൽ സുഖമേ, ഉഷ്ണത്തിൽ തണുപ്പേ, കരച്ചിലിൽ സൈ്വര്യമേ, എഴുന്നള്ളി വരിക. എത്രയും ആനന്ദത്തോടുകൂടിയായിരിക്കുന്ന പ്രകാശമേ, അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുക. അങ്ങേ വെളിവു കൂടാതെ, മനുഷ്യരിൽ പാപമല്ലാതെ യാതൊന്നുമില്ല. വൃത്തിഹീനമായത് കഴുകുക. വാടിപ്പോയത് നനയ്ക്കുക. മുറിവേറ്റിരിക്കുന്നത് വച്ചുകെട്ടുക. രോഗികളെ സുഖപ്പെടുത്തുക. കടുപ്പമുള്ളത് മയപ്പെടുത്തുക. തണുത്തത് ചൂടു പിടിപ്പിക്കുക. നേർവഴിയല്ലാതെ പോയത് തിരിക്കുക. അങ്ങിൽ ശരണപ്പെട്ടിരിക്കുന്ന വിശ്വാസികൾക്ക് അങ്ങേ ഏഴ് വിശുദ്ധ ദാനങ്ങൾ നല്കുക. പുണ്യയോഗ്യതയും ഭാഗ്യമരണവും നിത്യാനന്ദവും ഞങ്ങൾക്കു തരിക. ആമ്മേൻ.

## പരിശുദ്ധ രാജ്ഞി



പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി! ഹവ്വായുടെ പുറന്തള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽ നിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗൃഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

## എത്രയും ദയയുള്ള മാതാവേ



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം തേടി, നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്നു നീ ഓർക്കണമേ. കന്യകകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ടു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. വിലപിച്ച് കണ്ണുനീർ ചിന്തി, പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നില്ക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ! എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമേ. ആമ്മേൻ.

## വിശുദ്ധ യൗസേപ്പിതാവിനോടുള്ള ജപം



ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനർത്ഥങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്ന് അങ്ങേ പരിശുദ്ധ ഭാര്യയോടു സഹായം അപേക്ഷിച്ചതിന്റെ ശേഷം അങ്ങേ മദ്ധ്യസ്ഥതയേയും ഞങ്ങളിപ്പോൾ മനോശരണത്തോടുകൂടെ യാചിക്കുന്നു.

ദൈവജനനിയായ അമലോത്ഭവ കന്യകയോട് അങ്ങേ ഒന്നിപ്പിച്ച ദിവ്യ സ്നേഹത്തെക്കുറിച്ചും ഉണ്ണി ഈശോയെ അങ്ങ് ആലിംഗനം ചെയ്ത അങ്ങേ പൈതൃകമായ സ്നേഹത്തെക്കുറിച്ചും ഈശോമിശിഹാ തന്റെ തിരുരക്തത്താൽ നേടിയ അവകാശത്തിൻമേൽ കൃപയോടെ നോക്കണമെന്നും അങ്ങേ ശക്തിയാലും മഹത്ത്വത്താലും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമെന്നും സവിനയം അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. തിരുക്കുടുംബത്തിന്റെ എത്രയും വിവേകമുള്ള കാവൽക്കാരാ, ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ആദരിക്കണമേ. എത്രയും സ്നേഹമുള്ള പിതാവേ, അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളൊക്കെയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ എത്രയും വല്ലഭനായ പാലകാ അന്ധകാര ശക്തികളോടു ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വർഗത്തിൽ നിന്ന് ഞങ്ങളെ കൃപയോടെ സഹായിക്കണമേ.

അങ്ങ് ഒരിക്കൽ ഉണ്ണീയീശോയെ മരണകരമായ അപകടത്തിൽ നിന്നു രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിന്റെ തിരുസഭയെ ശത്രുവിന്റെ കെണിയിൽ നിന്നും എല്ലാ ആപത്തുകളിൽ നിന്നും കാത്തുകൊള്ളണമേ. ഞങ്ങൾ അങ്ങേ മാതൃക അനുസരിച്ച് അങ്ങേ സഹായത്താൽ ശക്തി പ്രാപിച്ച് പുണ്യജീവിതം കഴിക്കാനും നല്ല മരണം ലഭിച്ച് സ്വർഗത്തിൽ നിത്യഭാഗ്യം പ്രാപിക്കാനും തക്കവണ്ണം അങ്ങേ മദ്ധ്യസ്ഥതയാൽ ഞങ്ങളെല്ലാവരേയും എല്ലായ്പോഴും കാത്തുകൊള്ളണമേ. ആമ്മേൻ.

## മരിച്ച വിശ്വാസികൾക്കു വേണ്ടിയുള്ള ജപം

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ അനുഗ്രഹത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ.

നിത്യപിതാവേ! ഈശോമിശിഹാ കർത്താവിന്റെ വിലതീരാത്ത തിരുച്ചോരയെക്കുറിച്ച് അവരുടെമേൽ കൃപയുണ്ടാകണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ. (5 പ്രാവശ്യം).

## പ്രഭാത പ്രാർത്ഥന

സ്നേഹമുള്ള ഈശോയേ, അങ്ങുതന്ന ഈ പ്രഭാതത്തിന്റെ ആദ്യനിമിഷങ്ങളിൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു, സ്തുതിക്കുന്നു, ആരാധിക്കുന്നു. കഴിഞ്ഞ രാത്രിയിൽ അങ്ങു നല്കിയ അനുഗ്രഹങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. എന്റെ ശരീരവും ആത്മാവും ഇവയുടെ എല്ലാ കഴിവുകളും ഇന്നത്തെ എന്റെ എല്ലാ പ്രവൃത്തികളും പ്രാർത്ഥനകളും സന്തോഷങ്ങളും സങ്കടങ്ങളും വിചാരങ്ങൾപോലും പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയം വഴി, എന്റെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരുടെ യോഗ്യതകളോടുകൂടെ, അങ്ങേക്കു സമർപ്പിക്കുന്നു.

എന്റെ എല്ലാ ഉദ്യമങ്ങളെയും അങ്ങ് ആശീർവദിക്കണമേ. പ്രവൃത്തികളെ അങ്ങ് നിയന്ത്രിക്കണമേ. അങ്ങേ തിരുരക്തത്തിൽ പൊതിഞ്ഞ് എന്നെ സൂക്ഷിക്കണമേ. അങ്ങേ സ്നേഹത്തിൽനിന്ന് ഒരു ശക്തിക്കും എന്നെ അകറ്റാൻ കഴിയാതിരിക്കട്ടെ. ഞാനിന്നു ബന്ധപ്പെടുന്ന എല്ലാവരിലും അങ്ങയുടെ സ്നേഹം പകർന്നുകൊടുക്കുവാൻ കൃപ തരണമേ. ഞാൻ കാണുന്ന എല്ലാറ്റിനെയും അങ്ങ് ആഗ്രഹിക്കുന്നതുപോലെ കാണുവാൻ സാധിക്കട്ടെ. ഞാനിന്നു മരിക്കുവാൻ അങ്ങ് തിരുമനസ്സാകുന്നെങ്കിൽ അങ്ങേ തിരുമുഖം കാണുവാൻ എനിക്കിടയാക്കണമേ.

സ്നേഹമുള്ള ഈശോയേ, എന്റെ മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയും സ്നേഹിതരെയും ഗുരുജനങ്ങളെയും ഉപകാരികളെയും എന്റെ പ്രാർത്ഥന ആഗ്രഹിക്കുന്ന ഏവരേയും അങ്ങ് അനുഗ്രഹിക്കണമേ. അവരെയെല്ലാം അങ്ങയോടുള്ള ഐക്യത്തിൽ സദാ കാത്തുകൊള്ളണമേ. ആദ്ധ്യാത്മികവും ശാരീരികവുമായ അനുഗ്രഹങ്ങൾ അവർക്കു നല്കണമേ. വേദനയിൽ സഹനശക്തിയും അപകടങ്ങളിൽ ധൈര്യവും രോഗത്തിൽ ശാന്തിയും പ്രയാസങ്ങളിൽ സന്തോഷവും കൊടുത്തനുഗ്രഹിക്കണമേ.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു നിത്യശാന്തി നല്കണമേ. ഇന്നു മരിക്കാനിരിക്കുന്നവർക്ക് അങ്ങയുടെ സ്നേഹത്തിന്റെ ശക്തി കാണിച്ചുകൊടുക്കണമേ. പ്രലോഭനങ്ങളിൽ അകപ്പെടുന്നവർക്ക് കരുണയും പുണ്യജീവിതം നയിക്കുന്നവർക്ക് സ്ഥിരതയും കൊടുക്കണമേ. സഭയെയും രാഷ്ട്രത്തെയും അനുഗ്രഹിക്കണമേ.

എന്റെ കാവൽമാലാഖയേ, ദൈവത്തിന്റെ കൃപയാൽ അങ്ങേക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന എന്നെ ഈ ദിവസം മുഴുവനും സ്നേഹപൂർവ്വം കാത്തുസൂക്ഷിക്കുകയും നിരന്തരം പരിപാലിക്കുകയും ചെയ്യണമേ. ആമ്മേൻ.

## ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ, ഞങ്ങളെയും, അവിടന്ന് കാരുണ്യപൂർവം ഞങ്ങൾക്ക് നല്കിയ ഈ ആഹാരസാധനങ്ങളെയും ആശീർവദിക്കണമേ. ഇതു ഞങ്ങൾക്കായി ഒരുക്കിയ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ആമ്മേൻ.

## ഭക്ഷണത്തിനു ശേഷമുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, അങ്ങു ഞങ്ങൾക്ക് നല്കിയ ഈ ആഹാരത്തെ പ്രതി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. വളർന്നു വലിയവരായി മറ്റുള്ളവർക്കു നന്മ ചെയ്ത് ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## യാത്രയ്ക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനായ ഈശോയേ, അങ്ങയുടെ അനന്തപരിപാലനയെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയിലുള്ള ആഴമായ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അവിടത്തെ അനുഗ്രഹത്തിനായി ഞങ്ങളിതാ അങ്ങയുടെ സന്നിധിയിൽ അണഞ്ഞിരിക്കുന്നു. കർത്താവേ, ഞങ്ങൾ ആരംഭിക്കുന്ന ഈ യാത്രയേയും അതിലെ എല്ലാ കാര്യങ്ങളേയും അങ്ങയുടെ പ്രത്യേക സംരക്ഷണയ്ക്കും പരിപാലനയ്ക്കുമായി സമർപ്പിക്കുന്നു. ഈശോയേ, അങ്ങയുടെ വലതുകരം നീട്ടി ഞങ്ങളെ (എന്നെ) അനുഗ്രഹിച്ചാലും. അങ്ങയുടെ സാന്നിദ്ധ്യവും സഹായവും ഈ യാത്രയിലുടനീളം ഞങ്ങൾക്ക് (എനിക്ക്) താങ്ങും തണലുമായിരിക്കട്ടെ. യാത്രയിലുണ്ടാകാവുന്ന എല്ലാവിധ ആപത്തുകളിലും അപകടങ്ങളിലും നിന്നു ഞങ്ങളെ (എന്നെ) കാത്തുകൊള്ളണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയമേ, വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങൾക്കു (എനിക്കു) വേണ്ടി അപേക്ഷിക്കണമേ. ഞങ്ങളെ (എന്നെ) കാക്കുന്ന കർത്താവിന്റെ മാലാഖമാരേ (മാലാഖയേ) ഞങ്ങൾക്ക് (എനിക്ക്) കൂട്ടായിരിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## യാത്രയ്ക്കു ശേഷം ചൊല്ലാവുന്ന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, ഈ യാത്രയുടെ അവസാനത്തിൽ അങ്ങയുടെ അനന്തപരിപാലനയെ ഓർത്ത് നന്ദി പറയുവാനും അങ്ങയുടെ തിരുനാമം കീർത്തിക്കുവാനുമായി ഞാനിതാ അങ്ങയുടെ സന്നിധിയിൽ വന്നിരിക്കുന്നു.

കർത്താവേ, ഈ യാത്രാമദ്ധ്യേ അങ്ങ് എനിക്ക് നല്കിയ അനുഗ്രഹങ്ങളെയോർത്ത് ഞാനങ്ങയെ സ്തുതിക്കുന്നു. ഈ യാത്രയിൽ സംഭവിച്ച എല്ലാ കാര്യങ്ങളും എന്റെ ജീവിത നന്മയ്ക്ക് ഉപകരിക്കുമാറാകട്ടെ. അങ്ങനെ അങ്ങയെ കൂടുതൽ മഹത്ത്വപ്പെടുത്തുവാനും അങ്ങേക്കു പ്രീതികരമായി ജീവിക്കുവാനും എനിക്കിടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## ജോലിക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അങ്ങുന്ന് എന്നെ ഭരമേല്പിച്ചിരിക്കുന്ന ഈ പ്രത്യേക ശുശ്രൂഷയെ പ്രതി (അവരവരുടെ ജോലിയെക്കുറിച്ച് ഓർക്കുക) ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. മനുഷ്യസേവനത്തിനായി അങ്ങ് എനിക്കു നല്കിയിരിക്കുന്ന അവസരമായി ഈ ശുശ്രൂഷയെ കാണുവാനും അതിൽ അഭിമാനംകൊള്ളുവാനും എന്നെ അങ്ങുന്ന് അനുഗ്രഹിക്കണമേ. എന്റെ എല്ലാ കഴിവുകളെയും സാഹചര്യങ്ങളെയും അങ്ങയുടെ പ്രത്യേക സംരക്ഷണയ്ക്കും പരിപാലനയ്ക്കുമായി ഞാൻ സമർപ്പിക്കുന്നു. എന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പക്കൽ അണയുന്ന എല്ലാവരോടും സ്നേഹത്തോടും സൗമ്യതയോടും കൂടി പെരുമാറുവാൻ അങ്ങ് എന്നെ അനുഗ്രഹിക്കണമേ. നീതിബോധത്തോടും സത്യസന്ധതയോടും കൂടെ സേവനമനുഷ്ഠിക്കുവാനും നിരുത്തരവാദിത്വപരമായ പെരുമാറ്റം വഴി ആരേയും വേദനിപ്പിക്കാതിരിക്കുവാനും അങ്ങുന്ന് എന്നെ ശക്തനാക്കണമേ (ശക്തയാക്കണമേ). എന്റെ ചിന്തകളോ വാക്കുകളോ പ്രവൃത്തികളോ വഴി അങ്ങയുടെ മുമ്പിൽ കുറ്റക്കാരനായിത്തീരാൻ (കുറ്റക്കാരിയായിത്തീരാൻ) അങ്ങുന്ന് എന്നെ അനുവദിക്കരുതേ. എല്ലായ്പ്പോഴും അങ്ങേക്കു പ്രീതികരമായ വിധം ശുശ്രൂഷ ചെയ്തുകൊണ്ട് അവിടത്തെ മഹത്ത്വപ്പെടുത്തുവാനും അവസാനം ഞങ്ങളെല്ലാവരുമൊരുമിച്ച് അങ്ങയുടെ മഹത്ത്വത്തിൽ പങ്കുകാരാകുവാനും ഞങ്ങളെ അങ്ങുന്ന് അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## വിദ്യാർത്ഥികൾക്കായുള്ള പ്രാർത്ഥന

എന്റെ ഹൃദയത്തിൽ വസിക്കുന്ന ത്രിത്വൈക ദൈവമേ, അങ്ങയെ ഞാൻ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു. എന്നെ തിന്മയിലേക്കു നയിക്കുന്ന

എല്ലാ ആസക്തികളെയും, ചിന്തകളെയും, വികാരവിചാരങ്ങളെയും നിയന്ത്രിച്ച് മനസ്സിനെയും, ബുദ്ധിയെയും യേശുവിന്റെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. എന്റെ മാതാപിതാക്കളെയും ഗുരുഭൂതരെയും സ്നേഹിക്കാനും, അനുസരിക്കാനും എന്നെ പഠിപ്പിക്കണമേ. ബോധജ്ഞാനത്തിന്റെയും അറിവിന്റെയും ഉറവിടമായ ഈശോയേ, എന്നെ പൂർണ്ണമായി ഞാൻ സമർപ്പിക്കുന്നു. എന്റെ സഹായകനായ പരിശുദ്ധാത്മാവേ, പഠനകാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ എന്നെ സഹായിക്കണമേ. നേരായ ബുദ്ധി, ഓർമ്മ, അറിവ് എന്നിവയാൽ നിറച്ച്, പഠിക്കുന്ന കാര്യങ്ങൾ ഓർമ്മിക്കുവാൻ അങ്ങ് എന്നെ സഹായിക്കണമേ. പരിശുദ്ധ അമ്മ വഴി ഞാൻ സമർപ്പിക്കുന്ന ഈ പ്രാർത്ഥന സ്വീകരിക്കണമേ. ആമ്മേൻ.

യേശുവേ നന്ദി, യേശുവേ സ്തുതി, യേശുവേ സ്തോത്രം.

## പരീക്ഷയ്ക്കു പോകുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, അങ്ങയുടെ പ്രത്യേക അനുഗ്രഹം സ്വീകരിക്കുവാനായി അവിടത്തെ സന്നിധിയിൽ അണഞ്ഞിരിക്കുന്ന എന്നെ അങ്ങ് കരുണാപൂർവ്വം അനുഗ്രഹിക്കണമേ. പരീക്ഷ എഴുതുവാനായി പോകുന്ന എന്നേയും എന്റെ എല്ലാ കഴിവുകളേയും അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു. അങ്ങയുടെ വലതുകരം നീട്ടി എന്നെ അനുഗ്രഹിച്ചാലും. വിശുദ്ധഗ്രന്ഥവും പ്രവചനങ്ങളും ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിനെ അയച്ച് ശ്ലീഹന്മാരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്ത കർത്താവേ, എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. പഠിച്ച കാര്യങ്ങൾ വേണ്ടവിധം ഓർക്കുവാനും ചോദ്യങ്ങൾ യഥോചിതം മനസ്സിലാക്കി, കൃത്യമായി ഉത്തരം എഴുതുവാനും ആവശ്യമായ കൃപാവരം അങ്ങെനിക്കു നല്കണമേ. അങ്ങയുടെ പ്രത്യേക സംരക്ഷണവും പരിപാലനയും ഈ പരീക്ഷയിലുടനീളം എനിക്കു ലഭിക്കുമാറാകട്ടെ. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അങ്ങേ മഹത്ത്വപ്പെടുത്തിക്കൊണ്ട് ജീവിക്കുവാൻ എന്നെ അങ്ങു സഹായിക്കുകയും ചെയ്യണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയമേ, വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖയേ, എനിക്കു കൂട്ടായിരിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## വി. ഫ്രാൻസിസ് അസ്സീസിയുടെ സമാധാന പ്രാർത്ഥന



കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ. വിദ്വേഷമുള്ളിടത്ത് സ്നേഹവും, ദ്രോഹമുള്ളിടത്ത് ക്ഷമയും, സന്ദേഹമുള്ളിടത്ത് വിശ്വാസവും, നിരാശയുള്ളിടത്ത് പ്രത്യാശയും, അന്ധകാരമുള്ളിടത്ത് പ്രകാശവും, സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ.

ഓ! ദിവ്യനാഥാ, ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കുന്നതിനും, മനസ്സിലാക്കപ്പെടുന്നതിനെക്കാൾ മനസ്സിലാക്കുന്നതിനും, സ്നേഹിക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കുന്നതിനും എനിക്ക് ഇടയാക്കണമേ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്കപ്പെടുന്നത്. മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്കു ജനിക്കുന്നത്. ആമ്മേൻ.

## കുടുംബ വിശുദ്ധീകരണത്തിന് പ്രാർത്ഥന


കുടുംബത്തെ സ്ഥാപിക്കുകയും കുടുംബജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങ് ഞങ്ങളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾക്കു നല്കിയിട്ടുള്ള ആത്മീകവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് മനസ്തപിക്കുന്നു. അവയ്ക്ക് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. ഞങ്ങളുടെ ഭവനത്തിൽ അങ്ങു വാസമുറപ്പിക്കണമേ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും വ്യാപാരങ്ങളും അങ്ങ് നിയന്ത്രിക്കണമേ. വിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തണമേ. പരസ്പര സ്നേഹവും ബഹുമാനവും ഞങ്ങൾക്കു നല്കണമേ. ഭിന്നതയും കലഹവുമുണ്ടാകാതെ സമാധാനത്തിലും ഐക്യത്തിലും ഞങ്ങളെ നയിക്കണമേ.

ദൈവശുശ്രൂഷയ്ക്കും സഭാസേവനത്തിനുമായി ഞങ്ങളുടെ കുടുംബത്തിൽ നിന്ന് പ്രേക്ഷിതരെ വിളിക്കണമേ, രോഗികളേയും ആസന്നമരണരേയും കാത്തു പരിപാലിക്കണമേ. പാപസാഹചര്യത്തിൽ നിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ ഓരോരുത്ത

രേയും കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ കുടുംബത്തിൽ നിന്നു മരിച്ചുപോയിട്ടുള്ളവർക്ക് സ്വർഗഭാഗ്യം നല്കണമേ. ഞങ്ങളുടെ അയല്ക്കാരേയും ചാർച്ചക്കാരേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഞങ്ങളെല്ലാവരും അവസാനം അങ്ങയോടൊന്നിച്ച് സ്വർഗഭാഗ്യം അനുഭവിക്കുവാൻ ഇടവരുത്തുകയും ചെയ്യണമേ. ആമ്മേൻ.

## കുടുംബ പ്രതിഷ്ഠാജപം

(മാസാദ്യ വെള്ളിയാഴ്ച തിരുഹൃദയരൂപത്തിനു
മുമ്പാകെ ചൊല്ലേണ്ടത്)



ക്രിസ്തീയ കുടുംബങ്ങളിൽ വാഴുവാനുള്ള ആഗ്രഹം ഭാഗ്യവതിയായ മർഗ്ഗരീത്താ മറിയത്തോടു വെളിപ്പെടുത്തിയ ഈശോയുടെ പരിശുദ്ധ ഹൃദയമേ, ഞങ്ങളുടെ കുടുംബത്തിന്മേലുള്ള അങ്ങയുടെ പരമാധികാരം ഇന്ന് ഇവിടെ പ്രഖ്യാപനം ചെയ്യുന്നതിനായി ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ തുടങ്ങി അങ്ങേയ്ക്കു ഇഷ്ടമുള്ള ജീവിതം നയിക്കാൻ ഞങ്ങൾ മനസ്സാകുന്നു. ഈ ലോകജീവിതത്തിൽ, ഏതെല്ലാം സുകൃതങ്ങൾ അഭ്യസിച്ചാൽ സമാധാനം തരുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിരിക്കുന്നുവോ, ആ സുകൃതങ്ങൾ ഈ കുടുംബത്തിൽ സമൃദ്ധമായി വളരുന്നതിന് ഞങ്ങൾ യത്നിക്കുന്നതാണ്. അങ്ങ് ശപിച്ചിരിക്കുന്ന ലോകാരൂപിയെ ഞങ്ങളിൽ നിന്ന് ദൂരത്തിൽ അകറ്റുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

ഞങ്ങളുടെ വിശ്വാസത്തിന്റെ ആത്മാർത്ഥത വഴി അങ്ങ് ഞങ്ങളുടെ ബോധത്തിലും, അങ്ങയോടുള്ള ഉജ്ജ്വലമായ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളിലും വാഴണമേ, ഈ സ്നേഹാഗ്നി കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സ്വീകരണത്തിൽ അധികമധികം ഉജ്ജ്വലിക്കുന്നതിനു ഞങ്ങൾ പരിശ്രമിക്കും.


ഓ, ദിവ്യഹൃദയമേ, ഞങ്ങളുടെ സമ്മേളനങ്ങളിൽ അദ്ധ്യക്ഷപീഠമലങ്കരിക്കുവാൻ അങ്ങു മനസ്സാകണമേ. ഞങ്ങളുടെ ആത്മീയവും, ലൗകികവുമായ സംരംഭങ്ങളെ അങ്ങ് ആശീർവദിക്കണമേ. ഞങ്ങളുടെ ഉത്കണ്ഠകളെയും ആകുലചിന്തകളെയും ഞങ്ങളിൽനിന്ന് അകറ്റണമേ. ഞങ്ങളുടെ സന്തോഷങ്ങളെ അങ്ങ് സംശുദ്ധമാക്കണമേ. ഞങ്ങളുടെ ക്ലേശങ്ങളെ ലഘൂകരിക്കണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയുടെ അനിഷ്ടത്തിൽ വീഴാനിടയായാൽ,

ഓ, ദിവ്യഹൃദയമേ, അങ്ങ് മനസ്തപിക്കുന്ന പാപിയോട് എപ്പോഴും നന്മയും കരുണയും കാണിക്കുന്നവനാണെന്ന് അയാളെ ഓർമ്മിപ്പിക്കണമേ. ജീവിതാന്ത്യത്തിൽ അന്ത്യവേർപാടിന്റെ മണിനാദം മുഴങ്ങുകയും, മരണം ഞങ്ങളെ സന്താപത്തിൽ ആഴ്ത്തുകയും ചെയ്യുമ്പോൾ അങ്ങയുടെ അലംഘനീയമായ ആ കല്പന സ്വമേധയാ അനുസരിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ ഈ കുടുംബാംഗങ്ങളെല്ലാവരും മോക്ഷത്തിൽ ഒന്നുചേർന്ന് അങ്ങയുടെ മഹത്ത്വത്തെയും കാരുണ്യത്തെയും പാടിസ്തുതിക്കുന്ന ഒരു ദിവസം ആഗതമാകുമെന്നുള്ള പ്രതീക്ഷ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

മറിയത്തിന്റെ വിമലഹൃദയവും, മഹത്ത്വമേറിയ പിതാവായ വിശുദ്ധ യൗസേപ്പും ഈ പ്രതിഷ്ഠയെ അങ്ങേക്ക് കാഴ്ചവയ്ക്കുകയും ഇതിന്റെ ഓർമ്മ ജീവിതത്തിലെ എല്ലാ ദിവസങ്ങളിലും ഞങ്ങളുടെ ബോധത്തിൽ ആവിർഭവിപ്പിക്കുകയും ചെയ്യട്ടെ. നമ്മുടെ രാജാവും രക്ഷകനുമായ ഈശോയുടെ ദിവ്യഹൃദയത്തിന് എല്ലാ മഹത്ത്വവും സ്തുതിയും ഉണ്ടായിരിക്കട്ടെ.

ഈശോയുടെ ഏറ്റവും പരിശുദ്ധ ഹൃദയമേ,
–ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.
മറിയത്തിന്റെ വിമല ഹൃദയമേ,
–ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ യൗസേപ്പിതാവേ,
–ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ മർഗ്ഗരീത്താ മറിയമേ,
–ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം




ക്രിസ്ത്യാനികളുടെ സഹായവും മനുഷ്യവർഗ്ഗത്തിന്റെ അഭയവുമായ പരിശുദ്ധ മറിയമേ, യുദ്ധംകൊണ്ടും അവിശ്വാസംകൊണ്ടും അധഃപതിച്ചുപോകുന്ന ലോകത്തേയും പല വിധത്തിൽ പീഡിപ്പിക്കപ്പെടുന്ന തിരുസഭയേയും വിവിധ സങ്കടങ്ങൾ നിമിത്തം വലയുന്നവരായ ഞങ്ങളേയും അങ്ങേ അമലോത്ഭവ ഹൃദയത്തിനു പ്രതിഷ്ഠിക്കുന്നു. മിശിഹായുടെ സമാധാനം ഞങ്ങൾക്കും ലോകത്തിനുമായി വാങ്ങിത്തരണമേ. അങ്ങേ വിമലഹൃദയ

ത്തിനു പ്രതിഷ്ഠിതരായ ഞങ്ങളെ പരിശുദ്ധരായി ജീവിക്കുന്ന തിനും പ്രേഷിത ചൈതന്യത്തിൽ വളർന്നുവരുന്നതിനും അനുഗ്രഹിക്കണമേ. തിരുസഭാംബികേ, തിരുസഭയ്ക്ക് സർവ്വസ്വാതന്ത്ര്യവും സമാധാനവും അരുളണമേ. വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും പാതയിലൂടെ ദൈവജനത്തെ അങ്ങു നയിക്കണമേ. മാനവ വംശത്തിനു വേണ്ടിയുള്ള ഈശോയുടെ സമർപ്പണത്തോടു യോജിച്ച് അങ്ങയോടു വിശ്വസ്തത പുലർത്തി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ.അമലോത്ഭവഹൃദയമേ, മനുഷ്യഹൃദയങ്ങളിൽ രൂപംകൊള്ളുന്ന തിന്മയുടെ ശക്തികളെയും, മാനവ പുരോഗതിയെ തളർത്തുന്ന തിന്മയുടെ ദൂഷ്യഫലങ്ങളേയും നേരിടാനുള്ള കഴിവു ഞങ്ങൾക്ക് നല്കണമേ. പരിശുദ്ധ അമ്മേ, ഞങ്ങളുടെ മാർപാപ്പമാർ അങ്ങേക്കു സമർപ്പിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ നവീകരിക്കുന്നതുമായ ഈ പ്രതിഷ്ഠയെ സ്വീകരിച്ച് അങ്ങേ അമലോത്ഭവ ഹൃദയത്തിന്റെ സ്വന്തമായി ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മേൻ.

മറിയത്തിന്റെ വിമല ഹൃദയമേ,
ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

## കരുണയുടെ ജപം (വലുത്)





കാരുണ്യവാനായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയായിരിക്കണമേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും സ്നേഹിതരും അധികാരികളും വഴി വന്നുപോയ സകല തെറ്റുകളും കുറ്റങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. അവിടത്തെ പ്രിയപുത്രൻ ഞങ്ങൾക്കു വേണ്ടി ചിന്തിയ വിലയേറിയ തിരുരക്തത്താൽ കഴുകി, ഞങ്ങളെ വിശുദ്ധീകരിക്കുകയും ശിക്ഷാവിധിയിൽ ഉൾപ്പെടുത്താതെ അങ്ങയുടെ സ്വന്തമായി ഞങ്ങളെ സ്വീകരിക്കുകയും ചെയ്യണമേ. അങ്ങയുടെ വിശുദ്ധ കുരിശിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും പ്രലോഭനങ്ങളിൽ ഉൾപ്പെടാതെ കാത്തുകൊള്ളുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## കരുണയുടെ ജപം (ചെറുത്)

കർത്താവായ ദൈവമേ! ഞങ്ങളെ രക്ഷിക്കണമേ. അങ്ങേ മക്കളോടു കരുണ കാണിക്കണമേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും വഴി വന്നുപോയ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ. ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങളുടെ കടങ്ങൾ ഇളച്ചുതരണമേ. ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിച്ച് അങ്ങേ അരൂപിയിലൂടെ നയിക്കണമേ.

## ക്ഷമയുടെ പ്രാർത്ഥന



ക്ഷമിച്ചുകൊണ്ട് സഹിക്കുകയും സഹിച്ചുകൊണ്ട് മരിക്കുകയും ചെയ്ത സ്നേഹനാഥാ, എന്നെ വേദനിപ്പിച്ചവരോടെല്ലാം അങ്ങേ തിരുനാമത്തിൽ ഞാൻ ക്ഷമിക്കുന്നു. ഞാൻ വേദനിപ്പിച്ചവരോടെല്ലാം അങ്ങേ തിരുനാമത്തിൽ ഞാൻ മാപ്പ് അപേക്ഷിക്കുന്നു. അവർക്ക് എന്നോടു ക്ഷമിക്കാൻ കൃപ നല്കണമേ. നാഥാ, ഇന്നേ ദിവസം ആരുടെയെല്ലാം തിന്മ ഞാൻ കാണുകയോ, കേൾക്കുകയോ, അറിയുകയോ ചെയ്യുന്നുവോ അവർക്കുവേണ്ടി ഞാൻ മാപ്പ് അപേക്ഷിക്കുന്നു. അവരോടു ക്ഷമിക്കുന്നു. യേശുനാഥാ, ഞങ്ങൾ ഏവരേയും അങ്ങേ തിരുരക്തത്താൽ കഴുകി ഞങ്ങളുടെ മുറിവ് ഉണക്കണമേ. അങ്ങേ സന്തോഷവും, സമാധാനവും, സ്നേഹവുംകൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. പരിശുദ്ധാത്മാവിനെ ഞങ്ങൾക്ക് നല്കണമേ.

ഈശോയേ, കുഞ്ഞുനാളിൽ സ്നേഹം തിരസ്കരിക്കപ്പെട്ടപ്പോൾ എനിക്കുണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ മുറിവുകളെയും, പ്രശ്നങ്ങളെയും, ദുഃഖങ്ങളെയും ഓർത്ത് ഞാൻ അങ്ങയെ സ്തുതിക്കുന്നു.

യേശുവേ, എന്റെ തകർച്ചയുടെയും ദുഃഖത്തിന്റെയും രോഗപീഡകളുടെയും അവസരത്തിൽ അങ്ങേ ആത്മാവാൽ എന്നെ നിറയ്ക്കണമേ. എന്റെ വേദനകളും സഹനങ്ങളും എല്ലാം അങ്ങേ പീഡാസഹനങ്ങളോടു ചേർത്ത് രക്ഷണീയമാക്കി തീർക്കണമേ. ആമ്മേൻ.

യേശുവേ നന്ദി, യേശുവേ സ്തോത്രം.

## പാപ പരിഹാര ജപം



എന്റെ സ്വർഗീയ പിതാവേ, ഇന്നുവരെ ഞാൻ ചെയ്തുപോയ എല്ലാ പാപങ്ങളെയും അങ്ങയുടെ സന്നിധിയിൽ വരുത്തിയ കുറ്റകരമായ വീഴ്ചകളെയും ഓർത്ത് പൂർണ്ണ ഹൃദയത്തോടെ ഞാൻ അനുതപിക്കുന്നു. പാപവും പാപവഴികളും ഞാൻ വെറുത്ത് ഉപേക്ഷിക്കുന്നു. യേശുവിനെ എന്റെ കർത്താവും രക്ഷകനുമായി ഞാൻ സ്വീകരിക്കുന്നു. എന്റെ എല്ലാ പാപങ്ങൾക്കും പരിഹാരമായി ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളും കുരിശുമരണവും ഉത്ഥാനവും ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. എന്റെ പിതാവേ, അവിടത്തെ തിരുക്കുമാരന്റെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിച്ച് അവിടത്തെ അരൂപിയാൽ നിറയ്ക്കണമേ. ആമ്മേൻ.

(കുമ്പസാരത്തിന് മുമ്പ് ആവർത്തിച്ചു ചൊല്ലി പ്രാർത്ഥിക്കുക.)

## ബന്ധന പ്രാർത്ഥന



ഈശോയുടെ നാമത്തിൽ, ഈശോയുടെ തിരുരക്തത്തിന്റെ ശക്തിയാൽ, ഈശോയുടെ കുരിശിന്റെ അടയാളത്തിൽ എല്ലാ നാരകീയ ശക്തികളെയും പൈശാചിക സാന്നിദ്ധ്യങ്ങളെയും ഞാൻ ബന്ധിക്കുന്നു. നാരകീയ ശക്തികളേ, അന്ധകാര ശക്തികളേ നിങ്ങളോടു ഞാൻ കല്പിക്കുന്നു; നസ്രായനായ യേശുവിന്റെ നാമത്തിൽ എന്നെയും ഈ കുടുംബത്തെയും (ഈ സ്ഥാപനത്തെയും) വിട്ടുപോകുക. നിത്യ നരകാഗ്നിയിലേക്കു പോകുക. ഇനി ഒരിക്കലും മടങ്ങി വരരുതെന്ന് ഈശോയുടെ തിരുനാമത്തിൽ ഞാൻ കല്പിക്കുന്നു.

യേശുവേ സ്തോത്രം, യേശുവേ നന്ദി.

(അല്പസമയം സ്തുതിക്കുക.)

(ഈ ബന്ധനപ്രാർത്ഥന ആവർത്തിച്ചു ചൊല്ലുന്നത് നല്ലതാണ്).

## പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന

സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിക്കുകയും പാപംമൂലം അധഃപതിച്ച മനുഷ്യകുലത്തെ രക്ഷിക്കാൻവേണ്ടി തന്റെ തിരുക്കുമാരനെ അയയ്ക്കുകയും ചെയ്ത സ്നേഹത്തെ ഓർത്ത് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോയിലൂടെ ഞങ്ങളെ മാനസാന്തരത്തിലേക്കു ക്ഷണിക്കുകയും നിത്യജീവിതത്തിലേക്കാനയിക്കുകയും ചെയ്ത കർത്താവേ,......... എന്ന ദുഃശീലത്തിന്റെ / തിന്മയുടെ അടിമയായിരിക്കുന്ന (പേര് പറയുക) എന്ന സഹോദരന്റെ /സഹോദരിയുടെ മേൽ കരുണയായിരിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ നശിക്കും എന്നരുളിച്ചെയ്തുകൊണ്ട് പാപവും പാപസാഹചര്യങ്ങളും വിട്ടകലുവാൻ ആഹ്വാനം ചെയ്ത കർത്താവേ, തിന്മയെയും അതിന്റെ സാഹചര്യങ്ങളെയും ഉപേക്ഷിക്കാൻ ആവശ്യമായ എല്ലാ കൃപകളുംകൊണ്ട് ഈ സഹോദരനെ/ സഹോദരിയെ അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രിയപുത്രൻ സഹിച്ച പാടുപീഢകളേയും കുരിശുമരണത്തേയും ഓർത്ത് തിന്മയുടെ എല്ലാ ബന്ധനങ്ങളിലും നിന്ന് ഈ സഹോദരനെ / സഹോദരിയെ മോചിപ്പിക്കുകയും അങ്ങയുടെ തിരുക്കുമാരനായ ഈശോയേയും അവിടത്തെ ആത്മാവിനേയും സ്വീകരിക്കുവാൻ തക്കവിധം ഇയാളുടെ ഹൃദയത്തെ തുറക്കുകയും ചെയ്യണമേ. പാപമോചനത്തിനായി അവിടന്നു കുരിശിൽ ചിന്തിയ തിരുരക്തം തളിച്ച് ഇയാളെ വിശുദ്ധീകരിക്കുകയും എല്ലാവിധ പൈശാചിക ശക്തിയിൽ നിന്നും, പാപഫലങ്ങളിൽ നിന്നും അവിടത്തെ വി. കുരിശിന്റെ ശക്തിയാൽ രക്ഷിക്കുകയും ചെയ്യണമേ.

അങ്ങേ പ്രിയപുത്രനായ ഈശോയിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാനുള്ള വരം നല്കിയിരിക്കുന്ന ദൈവമേ, ഈശോയിൽ വിശ്വസിക്കുവാനും, അവിടത്തെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ദൈവമായ അങ്ങയെ പിതാവേ എന്നു വിളിക്കുവാനും ഇയാളെ അനുഗ്രഹിക്കണമേ. അങ്ങനെ ഞങ്ങളെല്ലാവരും ഒത്തൊരുമിച്ച് അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുവാനും അങ്ങയെ മഹത്ത്വപ്പെടുത്തുവാനും ഞങ്ങൾക്കിടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

## രാത്രി ജപം

സർവ്വശക്തനായ ദൈവമേ, ഞാൻ അങ്ങിൽ വിശ്വസിക്കുന്നു, അങ്ങിൽ ശരണപ്പെടുന്നു. അങ്ങയെ സ്നേഹിക്കുന്നു, അങ്ങയെ ആരാധിക്കുന്നു. അങ്ങിൽ വിശ്വസിക്കുകയും ശരണപ്പെടുകയും അങ്ങയെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യാതിരിക്കുന്നവർക്കു വേണ്ടിക്കൂടി ഞാൻ അങ്ങിൽ വിശ്വസിക്കുകയും ശരണപ്പെടുകയും അങ്ങയെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

വഴിയും സത്യവും ജീവനുമായ ക്രിസ്തുനാഥാ, മുറിവേറ്റ അങ്ങയുടെ തൃക്കരങ്ങൾ എന്റെ തലയിൽവച്ചാശീർവദിച്ച് പ്രഭാതത്തിൽ എന്നെ അങ്ങ് യാത്രയാക്കിയതാണ്. എന്റെ ജോലികൾ അവസാനിപ്പിച്ച ശേഷം അങ്ങയോടു നന്ദി പറയുവാനായി ഞാൻ അങ്ങയുടെ സന്നിധിയിൽ എത്തിയിരിക്കുന്നു. അങ്ങയുടെ കരങ്ങൾ എന്നെ താങ്ങിയില്ലായിരുന്നെങ്കിൽ ഞാൻ പലവട്ടം വീണുപോകുമായിരുന്നു. എന്റെ ഈശോയേ, അങ്ങയുടെ തിരുമുറിവുകളെക്കുറിച്ച് എന്റെ പാപങ്ങൾ പൊറുക്കണമേ, എന്നെ അനുഗ്രഹിക്കണമേ. പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയുടെ ദിവ്യപ്രചോദനമനുസരിച്ച് പ്രവർത്തിക്കാതിരുന്നിട്ടുള്ളതിനെപ്പറ്റി ഞാൻ പശ്ചാത്തപിക്കുന്നു. കൂടുതൽ തീഷ്ണതയോടെ ജീവിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, മാലാഖമാരുടെ കീർത്തനങ്ങളോടുകൂടെ, വിശ്രമത്തിന് ഒരുക്കമായി ഞാൻ അർപ്പിക്കുന്ന ഈ നിശാപ്രാർത്ഥനയും സ്വീകരിക്കണമേ. രാത്രികാലത്ത് എന്നെ സംരക്ഷിക്കുവാൻ അങ്ങയുടെ ദൂതന്മാരെ നിയോഗിക്കണമേ. എന്റെ ജീവിതയാത്ര അവസാനിക്കുമ്പോൾ നിത്യഭാഗ്യത്തിന്റെ കവാടങ്ങൾ എനിക്കു തുറന്നു തരികയും ചെയ്യണമേ. അമലോത്ഭവയായ മറിയമേ, അങ്ങിൽ അഭയം തേടുന്ന എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ. 3 നന്മ.

## ഉറങ്ങാൻ പോകുന്നതിന് മുമ്പും മറ്റവസരങ്ങളിലും ചൊല്ലാവുന്ന പ്രാർത്ഥന

യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോയെ, പെട്ടെന്നുള്ള മരണത്തിൽനിന്നും, അപകടങ്ങളിലും അസുഖങ്ങളിലും നിന്നും, ഭയത്തിലും പൈശാചിക ബാധയിൽനിന്നും, ദുഷ്ചിന്തകളിലും ദുഷ്ചര്യകളിലും നിന്നും എന്നേയും എന്റെ കുടുംബത്തേയും കാത്തുരക്ഷിക്കണമേ. ആമ്മേൻ

(നെറ്റിയിൽ *യു.രാ.ന.ഈ.* എന്നു വരച്ചുകൊണ്ട് ഈ സുകൃതജപം ചൊല്ലുന്നു.)

## ജീവിത പങ്കാളിയെ ലഭിക്കുവാൻ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച അങ്ങയെ ഞാൻ സ്തുതിക്കുന്നു. അവരെ ദാമ്പത്യത്തിലേക്ക് നയിക്കുകയും മാതാപിതാക്കൻമാരാക്കി ഉയർത്തുകയും ചെയ്ത അങ്ങയുടെ അനന്തപരിപാലനയെ ഞാൻ വാഴ്ത്തുന്നു. ദാമ്പത്യ ജീവിതത്തിനുള്ള അഭിലാഷവും പ്രേരണയും നല്കി എന്നെ അനുഗ്രഹിച്ച അങ്ങയോടു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ തിരുഹിതമനുസരിച്ചു ദാമ്പത്യ ജീവിതം നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയാഭിലാഷങ്ങളും പ്രതീക്ഷകളും നന്മയും എന്നേക്കാൾ നന്നായി അറിയുന്ന കർത്താവേ, എനിക്ക് ഏറ്റം യോജിച്ച ഒരു ജീവിതപങ്കാളിയെ അങ്ങുതന്നെ എനിക്കായി തിരഞ്ഞെടുത്തു തരണമേ. എനിക്ക് അനുയോജ്യയായ വധുവിനെ / അനുയോജ്യനായ വരനെ, കണ്ടെത്തുവാൻ വേണ്ടി എന്റെ പ്രിയപ്പെട്ടവർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ സഫലമാക്കണമേ. തോബിയാസിനെയും സാറായെയും അത്ഭുതകരമായി തിരഞ്ഞെടുത്ത്, അവരെ സൗഭാഗ്യകരമായ ദാമ്പത്യത്തിലേക്കുയർത്തിയ കർത്താവേ, അനാദി മുതലേ എനിക്കായി അങ്ങു തെരഞ്ഞെടുത്തിട്ടുള്ള വധുവിനെ / വരനെ, എനിക്കു കാണിച്ചു തരണമേ. ഞങ്ങളുടെ വിവാഹം യഥാകാലം മംഗളകരമായി നടക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

## ദമ്പതികളുടെ പ്രാർത്ഥന

സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങയുടെ അനുഗ്രഹത്തോടെ ഞങ്ങൾ സമാരംഭിച്ച ദാമ്പത്യ ജീവിതത്തെ ഓർത്ത് ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു. വിശ്വസ്തതയോടും വിശുദ്ധിയോടും കൂടെ പരസ്പര സ്നേഹത്തിലും ധാരണയിലും ജീവിക്കുവാൻ അങ്ങ് ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ആശകളും അഭിലാഷങ്ങളും, പ്രതീക്ഷകളും ഉത്കണ്ഠകളും, വിജയങ്ങളും പരാജയങ്ങളും, സന്തോഷങ്ങളും സങ്കടങ്ങളും എല്ലാം ഒരുപോലെ സ്നേഹത്തോടെ പങ്കുവയ്ക്കുവാൻ ഞങ്ങളെ അങ്ങ് ശക്തരാക്കണമേ. പരസ്പരം പഴിചാരാനും കുറ്റപ്പെടുത്താനും ഞങ്ങളെ അങ്ങ് അനുവദിക്കരുതേ. എല്ലാവിധ തെറ്റിദ്ധാരണകളിൽ നിന്നും അസ്വസ്ഥതകളിൽനിന്നും അങ്ങു ഞങ്ങളെ കാത്തുകൊള്ളണമേ. ലോകത്തിലെ യാതൊരു ശക്തിക്കും വ്യക്തിക്കും ഞങ്ങളെ വേർതിരിക്കാൻ കഴിയാതിരിക്കട്ടെ. ഞങ്ങളുടെ വേദ

നകളിലും ബുദ്ധിമുട്ടുകളിലും ഏകമനസ്സോടെ അങ്ങയുടെ സന്നിധിയിൽ അണയാനും പ്രാർത്ഥനയിൽ അഭയം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ. സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതിനും സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുന്നതിനും വേണ്ട ശക്തി ഞങ്ങൾക്കു നല്കണമേ. അങ്ങുന്ന് ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടെ നിറവേറ്റി, അങ്ങേക്കു പ്രീതികരമായ വിധം ജീവിക്കുവാൻ ഞങ്ങളെ അങ്ങു സഹായിക്കണമേ.

കർത്താവേ, അങ്ങ് ഞങ്ങൾക്ക് ദാനമായി നല്കിയിരിക്കുന്ന മക്കളെ ഓർത്ത് (പേരുകൾ ഓർക്കുക) ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ അനന്തമായ സ്നേഹത്തിലും അങ്ങയിലുള്ള വിശ്വാസത്തിലും അങ്ങേക്കു പ്രീതികരമായ ജീവിതത്തിലും വളർന്നുവരുവാൻ അവരെ അങ്ങ് സഹായിക്കുകയും തിന്മയുടെ എല്ലാവിധ ശക്തികളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും അവരെ കാത്തുകൊള്ളുകയും ചെയ്യണമേ. അങ്ങനെ ഞങ്ങളെല്ലാവരും ഒത്തൊരുമിച്ച് അങ്ങയുടെ സ്വർഗീയഭവനത്തിൽ എത്തിച്ചേരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## വിശുദ്ധ മിഖായേൽ മാലാഖയോടുള്ള ജപം



മുഖ്യദൂതനായ വി.മിഖായേലേ, സ്വർഗീയ സൈന്യങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നതശക്തികളോടും അധികാരങ്ങളോടും ഇരുളടഞ്ഞ ഈ ലോകത്തിലെ ഭരണകർത്താക്കളോടും ഉപരിതലങ്ങളിലെ ദുരാത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കണമെ. ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വിലകൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽ നിന്നും രക്ഷിക്കുവാൻ വരണമേ. അങ്ങയെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവ് രക്ഷിച്ച ആത്മാക്കളെ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടു

പോകുവാൻ നിയുക്തനായിരിക്കുന്നത് അങ്ങു തന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിപ്പെടുത്തുവാൻ സമാധാന ദാതാവായ ദൈവത്തോടു പ്രാർത്ഥിക്കണമേ. പിശാച് ഒരിക്കലും മനുഷ്യരെ കീഴ്പ്പെടുത്തുകയോ തിരുസഭയെ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കട്ടെ. കർത്താവിന്റെ കരുണ വേഗം ഞങ്ങളുടെമേൽ ഉണ്ടാകുന്നതിനായി ഞങ്ങളുടെ യാചനകൾ അത്യുന്നതന്റെ മുമ്പിൽ സമർപ്പിക്കണമേ. ദുഷ്ടജന്തുവും പഴയ സർപ്പവുമായ സാത്താനേയും അവന്റെ കൂട്ടുകാരേയും പിടിച്ചുകെട്ടി പാതാളത്തിൽ തള്ളിതാഴ്ത്തണമേ. അവൻ ഇനി ഒരിക്കലും ജനങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. ആമ്മേൻ.

## വൈദികർക്കുവേണ്ടി പ്രാർത്ഥന



നിത്യപുരോഹിതനായ ഈശോ, അങ്ങേ ദാസന്മാരായ വൈദികർക്ക് യാതൊരാപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നല്കണമേ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസം തോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാക്കാതെ കാക്കണമേ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തുകൊള്ളണമേ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽനിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്നു സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ.

ലോകരക്ഷകനായ ഈശോ,
അങ്ങേ പുരോഹിതരെയും വൈദികശുശ്രൂഷകരെയും ശുദ്ധീകരിക്കണമേ.
വൈദികരുടെ രാജ്ഞിയായ മറിയമേ,
വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ജന്മദിന പ്രാർത്ഥന

സ്നേഹസമ്പന്നനായ ഈശോയേ, എന്റെ ജീവിതത്തിൽ ഒരു വർഷംകൂടി എനിക്കങ്ങു തന്നതിൽ ഞാനങ്ങയെ സ്തുതിക്കുന്നു. കഴിഞ്ഞ വർഷം എനിക്കു ലഭിച്ച എല്ലാ നന്മകളെയും എനിക്കു തന്ന എല്ലാ നല്ല അനുഭവങ്ങളെയും ഓർത്തു നന്ദി പറയുന്നു.

കർത്താവേ, എനിക്കു കൈവന്ന വിജയങ്ങൾ സന്തോഷകരമായ ഓർമ്മകളായും സംഭവിച്ച പരാജയങ്ങൾ എന്റെതന്നെ ബലഹീനതകളുടെ ആഴങ്ങളെ മനസ്സിലാക്കി അങ്ങിൽ കൂടുതൽ ആശ്രയിക്കുന്നതിനുള്ള അവസരങ്ങളായും എന്റെ ദുഃഖങ്ങൾ അങ്ങിലേക്കു വലിച്ചടുപ്പിക്കുന്ന സന്ദർഭങ്ങളായും മാറ്റുവാൻ ഇടയാക്കണമേ.

ഞാൻ നഷ്ടപ്പെടുത്തിയ മണിക്കൂറുകളും പാഴാക്കിക്കളഞ്ഞ അവസരങ്ങളും അങ്ങയെ വേദനിപ്പിച്ച നിമിഷങ്ങളും ഓർത്തു ദുഃഖിക്കുന്നു.

എന്റെ ജീവിതത്തെ അങ്ങയുടെ ഇഷ്ടമനുസരിച്ചു നെയ്തെടുക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. എങ്കിലും എന്റെ പോരായ്മകൾ പരിഹരിച്ച് ഈ പുതിയ വർഷം ഏറ്റവും നല്ല രീതിയിൽ ജീവിക്കുന്നതിനും എന്റെ മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും എനിക്കു തന്നെയും അഭിമാനിക്കാവുന്ന വിധത്തിൽ ജീവിതം കരുപ്പിടിപ്പിക്കുന്നതിനും എന്നെ സഹായിക്കണമേ.

എനിക്കു ജന്മം നല്കുകയും വളർത്തുകയും ചെയ്ത മാതാപിതാക്കളെയും എനിക്കു സ്നേഹം നല്കി പരിപോഷിപ്പിക്കുന്ന ബന്ധുജനങ്ങളെയും ഈ ദിവസം എന്നെ ഓർക്കുകയും അനുമോദിക്കുകയും എനിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുകയും ഉദാരമായി പ്രതിസമ്മാനം നല്കുകയും ചെയ്യണമേ. ആമ്മേൻ.

## കുഞ്ഞുങ്ങളെ ലഭിക്കുവാൻ ദമ്പതികളുടെ പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

സ്നേഹപിതാവായ ദൈവമേ, ഞങ്ങളെ ദാമ്പത്യജീവിതത്തിൽ

പ്രവേശിപ്പിച്ച അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ അഭിലാഷങ്ങളും ആഗ്രഹങ്ങളും നന്നായി അറിയുന്ന കർത്താവേ, അങ്ങേക്ക് ഇഷ്ടമാണെങ്കിൽ ഞങ്ങൾക്ക് ഒരു കുഞ്ഞിനെ നല്കി അനുഗ്രഹിക്കണമേ. പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും നാഥ നായ അങ്ങ്, ഞങ്ങളുടെ കുറ്റങ്ങളും പാപങ്ങളും പൊറുത്ത് ഞങ്ങളെ ആശീർവദിക്കണമേ. നിർമ്മലകന്യകയായിരുന്ന മറി യത്തെ അത്ഭുതകരമാംവിധം മാതാവാക്കി ഉയർത്തിയ ദൈവമേ, അബ്രാഹത്തെയും സാറായെയും വാർദ്ധക്യത്തിൽ മാതാപിതാ ക്കളാക്കിയ പിതാവേ, അങ്ങേക്കിഷ്ടമാണെങ്കിൽ ഞങ്ങൾക്കും മാതാപിതാക്കളാകുവാനുള്ള അനുഗ്രഹം നല്കണമേ. ഒരു കുഞ്ഞിന്റെ നിർമ്മലമായ സാന്നിദ്ധ്യത്താലും സ്നേഹത്താലും ഞങ്ങളുടെ ജീവിതത്തെ ധന്യമാക്കണമേ. അങ്ങനെ അങ്ങയുടെ സ്നേഹാമൃതം ഈ ലോകത്തിൽ അനുഭവിച്ചു ധന്യരാകുവാൻ ഞങ്ങളെ അനുവദിക്കുകയും ചെയ്യണമേ. ആമ്മേൻ.

## ഗർഭിണികളുടെ പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ, ആമ്മേൻ.

മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും പുരു ഷനു പിതൃത്വവും സ്ത്രീക്കു മാതൃത്വവും നല്കുകയും ചെയ്ത ദൈവമേ, എന്നെ ഒരു മാതാവാക്കി ഉയർത്തിയതിന് അങ്ങയോടു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ സൃഷ്ടി കർമ്മത്തിൽ പങ്കാളി യാകുവാൻ അനുവദിച്ച അങ്ങുതന്നെ, എന്റെ ഉദരത്തിൽ ഉദ്ഭൂത മായിരിക്കുന്ന ശിശുവിനെ ആരോഗ്യവും, സൗന്ദര്യവും നല്കി അനുഗ്രഹിക്കണമേ. ആശയും ആശങ്കയും മാറി മാറിവരികയും ഞാൻ ബലഹീനയായി ഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അങ്ങയുടെ ദിവ്യസാന്നിദ്ധ്യത്താലും ചൈതന്യ ത്താലും എന്നെ ധൈര്യവതിയാക്കണമേ. 'മാതൃത്വം വഴി സ്ത്രീ അനുഗൃഹീതയാകണ'മെന്നാഗ്രഹിക്കുന്ന ദൈവമേ, മാതൃത്വ ത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ആശങ്കകളെയും ക്ലേശ ങ്ങളെയും സമചിത്തതയോടെ നേരിടുവാൻ പ്രാപ്തയാക്കണമേ. വേദന സഹിച്ചുകൊണ്ടാണെങ്കിലും ഒരു കുഞ്ഞിന്റെ മുഖംകണ്ടു സന്തോഷിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷയിൽ എന്നെ നയി ക്കണമേ. പരിശുദ്ധ കന്യകാമറിയത്തെ അങ്ങയുടെ തിരുസുതന്റെ മാതാവാക്കി ഉയർത്തിക്കൊണ്ടു മാതൃത്വത്തെ മഹത്ത്വപ്പെടുത്തിയ

ദൈവമേ, എന്നെയും എന്റെ ശിശുവിനെയും അനുഗ്രഹിച്ച് ആശീർവദിക്കണമേ. ആമ്മേൻ.

ദൈവമാതാവായ കന്യകാമറിയമേ,
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.
മാതാക്കളുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജെരാർദ്ദേ,
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## കുഞ്ഞിന്റെ രോഗവിമുക്തിക്കായി മാതാക്കളുടെ പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

ശിശുവായി പിറന്നുകൊണ്ടു ശിശുക്കളുടെ പരിമിതികളും ബലഹീനതകളും അനുഭവിച്ച ലോകരക്ഷകാ, ഈ കുഞ്ഞിനെ ഞങ്ങൾക്കു നല്കിയതിനും എന്നെ ഒരമ്മയാക്കിയതിനും അങ്ങയോടു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ ദാനമായ ഈ ശിശുവിനെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. ആത്മാവിലും ശരീരത്തിലും ആരോഗ്യവും സുഭഗതയും നല്കി ഈ ശിശുവിനെ അനുഗ്രഹിക്കണമേ. ഇപ്പോൾ കുഞ്ഞിനെ ബാധിച്ചിരിക്കുന്ന.....രോഗം മൂലം ഞങ്ങളെല്ലാവരും ദുഃഖിതരും ആകുലചിത്തരുമാണെന്ന് അങ്ങേക്കറിയാമല്ലോ. ഒരമ്മയുടെ ദുഃഖം ശരിയായി ഗ്രഹിക്കുന്ന കർത്താവേ, എന്റെ കുഞ്ഞിന്റെ രോഗംമൂലം വേദനിക്കുന്ന ഞങ്ങളോടു കരുണയായിരിക്കണമേ. ജീവന്റെയും ആരോഗ്യത്തിന്റെയും ഉടയവനായ മിശിഹായേ, "അങ്ങ് ഒരു വാക്കു മാത്രം അരുളിച്ചെയ്താൽ എന്റെ കുഞ്ഞ് സുഖം പ്രാപിക്കു" മെന്നു ഞാൻ വിശ്വസിക്കുന്നു. പ്രതീക്ഷയോടെയുള്ള എന്റെ ഈ പ്രാർത്ഥന കരുണാപൂർവ്വം ശ്രവിച്ച് ഈ കുഞ്ഞിനെ അനുഗ്രഹിക്കണമേ. ആമ്മേൻ.

*(ആശീർവദിച്ച പനിനീർ തൊട്ടു കുഞ്ഞിന്റെ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു.)*

## രോഗികളുടെ പ്രാർത്ഥന

"ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം" എന്നരുളിച്ചെയ്തുകൊണ്ട് രോഗികളോടും പീഡിതരോടും അവശരോടും വേദനയനുഭവിക്കുന്നവരോടും അതിയായ സ്നേഹവും പരിഗണനയും പ്രകടിപ്പിച്ച ഈശോയേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ആത്മീയവും ശാരീരികവുമായി വേദനയനുഭവിക്കുന്ന എല്ലാ രോഗികളേയും അങ്ങുന്ന് ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യണമേ. അന്ധർക്ക് കാഴ്ചയും ചെകിടർക്ക് കേൾവിയും രോഗികൾക്ക് സൗഖ്യവും നല്കിയ കർത്താവേ, അങ്ങയുടെ നാമം വിളി

ച്ചപേക്ഷിക്കുകയും അങ്ങയിൽ ആശ്രയമർപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ മേൽ അങ്ങുന്ന് കരുണയായിരിക്കണമേ. അങ്ങേ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരുടേയും ഭൂമിയിലെ എല്ലാ നീതിമാന്മാരുടെയും സുകൃതങ്ങളും പ്രാർത്ഥനകളും പരിഗണിച്ച് രോഗത്താൽ വലയുന്ന ഞങ്ങളോട് അങ്ങുന്ന് കരുണ കാണിക്കണമേ. എല്ലാ വേദനകളും ആകുലതകളും ആത്മാവിനും ശരീരത്തിനും ഉപകരിക്കത്തക്കവിധം ക്ഷമയോടും സന്തോഷത്തോടും ദൈവതിരുമനസ്സിനുള്ള വിധേയത്വത്തോടുംകൂടി ശാന്തമായി സ്വീകരിക്കുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. ഞങ്ങളെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്നവരെ അങ്ങുന്ന് ധാരാളമായി അനുഗ്രഹിക്കണമേ. രോഗികളുടെ ആശ്രയമായ ഈശോയേ, അങ്ങയുടെ സൗഖ്യദായകമായ വലതുകരം നീട്ടി ഞങ്ങളെ അനുഗ്രഹിക്കുകയും പൂർണ്ണ സൗഖ്യം നല്കി ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന

"ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം" എന്നരുളിച്ചെയ്ത ഈശോയേ, രോഗികളോടും പീഡിതരോടും അവശരോടും അങ്ങ് സവിശേഷമായ പരിഗണനയും സ്നേഹവും പ്രകടിപ്പിക്കുന്നു. ആത്മീയമായും ശാരീരികമായും അവശത അനുഭവിക്കുന്ന രോഗികളെ അങ്ങ് സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങേ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരുടെയും ഭൂമിയിലെ എല്ലാ നീതിമാന്മാരുടെയും സുകൃതങ്ങളും പ്രാർത്ഥനകളും പരിഗണിച്ച് രോഗത്താൽ വലയുന്ന ഞങ്ങളുടെ ഈ സഹോദരനോട്/സഹോദരിയോട് (പേര്) കരുണ കാണിക്കണമേ. എല്ലാ വേദനകളും ആകുലതകളും ആത്മാവിനും ശരീരത്തിനും ഉപകരിക്കത്തക്കവിധം ക്ഷമയോടും സന്തോഷത്തോടും ദൈവതിരുമനസ്സിനോടുള്ള വിധേയത്വത്തോടും കൂടെ ശാന്തമായി സ്വീകരിക്കുവാൻ വേണ്ട അനുഗ്രഹങ്ങൾ നല്കണമേ. ഇയാളെ (ഇവരെ) ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്നവരെ അങ്ങ് അനുഗ്രഹിക്കണമേ. രോഗികളുടെ ആശ്രയമായ ഈശോയേ, ഈ സഹോദരന്റെ/സഹോദരിയുടെ പക്കൽ അങ്ങ് കാവലിരിക്കുകയും പാപപ്പൊറുതിയും ശരീരസൗഖ്യവും നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

## പകർച്ചവ്യാധിയുടെ കാലത്ത് പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവമേ, ആരോഗ്യവും ആയുസ്സും നല്കി ഞങ്ങളെ അനുഗ്രഹിക്കുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. നാനാവിധ രോഗങ്ങൾ മൂലം ക്ലേശിച്ചിരുന്നവരെയും പിശാചുബാധിതരെയും മറ്റും അത്ഭുതകരമായി സൗഖ്യമാക്കിയ അങ്ങയുടെ തിരുസുതനെ ഞങ്ങൾക്കു രക്ഷകനായി നല്കിയതിന് അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ നാടിനെ ഗ്രസിക്കുകയും, ഞങ്ങളെ ആശങ്കാകുലരാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന.....എന്ന പകർച്ചവ്യാധിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. ഇസ്രായേൽക്കാരെ ബാധകളിൽനിന്നു രക്ഷിക്കുകയും സുരക്ഷിതരായി വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്ത് എത്തിക്കുകയും ചെയ്ത അങ്ങ്, എല്ലാ പകർച്ചവ്യാധികളിൽ നിന്നും ഞങ്ങളെ സുരക്ഷിതരായി കാത്തുപരിപാലിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

## യുദ്ധകാലത്തു പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, മാനവസമൂഹത്തിന്റെ പിതാവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു . “ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ സൂര്യപ്രകാശം ചൊരിയുകയും മഴ പെയ്യിക്കുകയും” ചെയ്തുകൊണ്ട് എല്ലാവരെയും സ്നേഹിക്കുന്ന പിതാവേ, ഭിന്നതകൊണ്ടും യുദ്ധംകൊണ്ടും സമാധാനം നഷ്ടപ്പെട്ടിരിക്കുന്ന ലോകത്തെ തൃക്കൺപാർക്കണമേ. വിരുദ്ധചേരികളിൽ നിലയുറപ്പിച്ചു കൊണ്ടു പരസ്പരം മത്സരിക്കുന്ന രാഷ്ട്രങ്ങളെ അങ്ങയുടെ സ്നേഹത്തിൽ ഒന്നിപ്പിക്കണമേ. പരിശുദ്ധമായ സ്നേഹവും ശാശ്വതമായ സമാധാനവും നല്കി ലോകത്തെ അനുഗ്രഹിക്കണമേ. സനാതനനീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ ലോകജനതയെ സഹായിക്കണമേ. ജീവിതാന്ത്യത്തിൽ ഞങ്ങളെല്ലാവരും അങ്ങയോടൊത്തു നിത്യാനന്ദം അനുഭവിക്കുവാൻ ഇടവരുത്തുകയും ചെയ്യണമേ. ആമ്മേൻ.

സമാധാനരാജനായ ഈശോ,
ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.
സമാധാനത്തിന്റെ രാജ്ഞീ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രകൃതിക്ഷോഭകാലത്തു പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

സർവ്വശക്തനും സ്രഷ്ടാവുമായ ദൈവമേ, പ്രപഞ്ചത്തെ ഒറ്റവാക്കാൽ സംവിധാനം ചെയ്യുകയും അത്യത്ഭുതകരമായ പ്രകൃതിനിയമങ്ങളാൽ സർവ്വചരാചരങ്ങളെയും നയിക്കുകയും ചെയ്യുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. വസ്ത്രം കൊണ്ടെന്നപോലെ ആഴികൊണ്ടു ഭൂമിയെ ആവരണം ചെയ്യുകയും, നീർച്ചാലുകളെ നദിയിലേക്ക് തിരിച്ചുവിടുകയും, ഇടിമുഴക്കി പർവ്വതങ്ങളെ വിറപ്പിക്കുകയും ചെയ്യുന്ന അങ്ങയുടെ ശക്തി എത്രയോ വിസ്മയാവഹം. ഇപ്പോൾ ഞങ്ങളെ ഭയചകിതരും ആകുലചിത്തരുമാക്കിക്കൊണ്ടിരിക്കുന്ന ജലപ്രളയത്തിൽ (ഭൂചലനത്തിൽ, കൊടുങ്കാറ്റിൽ, ഇടിവെട്ടിൽ) നിന്നു ഞങ്ങളെ ദയാപൂർവ്വം രക്ഷിക്കണമേ. കൊടുങ്കാറ്റിനെ ഒറ്റവാക്കാൽ ശാന്തമാക്കിക്കൊണ്ട് പ്രകൃതിശക്തികളിലുള്ള അങ്ങയുടെ അധികാരം തെളിയിച്ച മിശിഹായേ, ഈ ഭയാനക സന്ദർഭത്തിൽ ഞങ്ങളുടെ മദ്ധ്യേ പ്രത്യേകമാംവിധം സന്നിധിചെയ്തു പ്രകൃതിയുടെ കോപത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും കരുണാപൂർവ്വം അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

## നല്ല കാലാവസ്ഥയ്ക്കായി പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

കാരുണ്യവാനായ ദൈവമേ, കഴിഞ്ഞതും വരുവാനിരിക്കുന്നതുമായ എല്ലാം കാണുകയും ഗ്രഹിക്കുകയും ചെയ്യുന്ന പിതാവേ, ഞങ്ങളെയും ഞങ്ങളുടെ നാടിനെയും അനുഗ്രഹിക്കണമേ. ഞങ്ങളെ ഇപ്പോൾ അലട്ടിക്കൊണ്ടിരിക്കുന്ന കഠിനവേനലിൽ നിന്ന് (അതിവൃഷ്ടിയിൽ നിന്ന്, കീടബാധയിൽ നിന്ന്) ഞങ്ങളുടെ കൃഷികളെയും വിളകളെയും സംരക്ഷിക്കണമേ. അങ്ങ് തിരുമനസ്സാകുന്നെങ്കിൽ മാത്രമേ ഞങ്ങളുടെ അദ്ധ്വാനവും പരിശ്രമങ്ങളും ഫലമണിയുകയുള്ളുവെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ പാപങ്ങളും തെറ്റുകളും പൊറുത്ത്, ഞങ്ങളുടെ നന്മയ്ക്കും നാടിന്റെ അഭിവൃദ്ധിക്കും ആവശ്യമായ നല്ല കാലാവസ്ഥയും സമൃദ്ധമായ വിളവുകളും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## വീട്ടിലെ കീടബാധ മാറ്റാൻ പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

സർവ്വജീവജാലങ്ങളുടെയും സ്രഷ്ടാവായ ദൈവമേ, അങ്ങയെ

ഞങ്ങൾ ആരാധിക്കുന്നു. അങ്ങ് ഞങ്ങൾക്കു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾക്കായി ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. നല്ല ജീവികളെപ്പോലെ തന്നെ ക്ഷുദ്രജീവികളെയും സൃഷ്ടിച്ചതിൽ അങ്ങേക്കു പ്രത്യേകമായ ഉദ്ദേശ്യമുണ്ടെന്നു ഞങ്ങൾ ഗ്രഹിക്കുന്നു. അങ്ങയുടെ സൃഷ്ടിവൈചിത്ര്യത്തെ ഞങ്ങൾ പുകഴ്ത്തുന്നു. എല്ലാം നന്മയ്ക്കായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അങ്ങ് ക്ഷുദ്രജീവികൾമൂലം ഞങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. അവ ഞങ്ങളെ ഉപദ്രവിക്കാതിരിക്കാൻ അവയോടു കല്പിക്കണമേ. സന്തുഷ്ടവും സംതൃപ്തവുമായ കുടുംബജീവിതം അഭിലഷിക്കുന്ന സ്നേഹപിതാവേ, ഇപ്പോൾ ഞങ്ങളെ ബാധിച്ചിരിക്കുന്ന.... ബാധയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. അങ്ങയെ എതിർക്കുന്നവനും, ഞങ്ങളെ ഉപദ്രവിക്കുന്നവനുമായ പിശാചിന്റെ എല്ലാ കുതന്ത്രങ്ങളിലും ആക്രമണങ്ങളിലും നിന്നു ഞങ്ങളെ മോചിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ.

*(ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആശീർവദിച്ച പനിനീർ തളിക്കുകയും പള്ളിയിൽനിന്ന് ആശീർവദിച്ചുകൊണ്ടു വന്നിരിക്കുന്ന കുന്തുരുക്കം പുകയ്ക്കുകയും ചെയ്യുന്നു.)*

## വീട്ടിൽ വളർത്തുന്ന പക്ഷിമൃഗാദികൾക്കായി പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

മനുഷ്യരായ ഞങ്ങളുടെ സഹായത്തിനും ഉപയോഗത്തിനുമായി പക്ഷികളെയും മൃഗങ്ങളെയും സൃഷ്ടിച്ചു നല്കിയ ദൈവമേ, അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. വിതയും കൊയ്ത്തും സംഭരണവുമില്ലാത്ത പറവകൾക്കും, വീടും നിക്ഷേപങ്ങളുമില്ലാത്ത മൃഗങ്ങൾക്കും ഭക്ഷണം നല്കി സംരക്ഷിക്കുന്ന അങ്ങയുടെ അദൃശ്യവും അത്ഭുതാവഹവുമായ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. ഞങ്ങൾ വളർത്തുന്ന ഈ പക്ഷികളെ (മൃഗങ്ങളെ) ആശീർവദിക്കണമേ. എല്ലാവിധ രോഗങ്ങളിലും ക്രൂരജന്തുക്കളുടെ ഉപദ്രവങ്ങളിലും നിന്ന് ഇവയെ കാത്തുകൊള്ളണമേ. പകർച്ചവ്യാധികളിലും അപമൃത്യുവിലും നിന്ന് ഇവയെ സംരക്ഷിച്ചുകൊള്ളണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

*(അനന്തരം ആശീർവദിച്ച പനിനീർ തളിക്കുന്നു. പകർച്ചവ്യാധികളുടെയും മറ്റും സന്ദർഭത്തിലാണെങ്കിൽ പള്ളിയിൽ നിന്ന് ആശീർവദിച്ചുകൊണ്ടുവന്ന കുന്തുരുക്കം കൂട്ടിൽ (തൊഴുത്തിൽ) പുകയ്ക്കുക നന്നായിരിക്കും).*



# പരിശുദ്ധ കന്യകാമാതാവിന്റെ ജപമാല

## പ്രാരംഭ പ്രാർത്ഥന

അളവില്ലാത്ത സകല നന്മ സ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ, നിസ്സാരരും നന്ദിയറ്റ പാപികളുമായ ഞങ്ങൾ നിസ്സീമപ്രതാപവാനായ അങ്ങേ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും അങ്ങേ അനന്തമായ ദയയിൽ ശരണപ്പെട്ടുകൊണ്ട്, പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ജപമാലയർപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അർപ്പണം ഭക്തിയോടും ശ്രദ്ധയോടും കൂടെ ചെയ്യുന്നതിനു കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

### സർവ്വശക്തനായ പിതാവും.......

1. സ്വർഗ.

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

1. നന്മ.

പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

1. നന്മ.

പരിശുദ്ധാത്മാവായ ദൈവത്തിന് ഏറ്റവും പ്രിയമുള്ള പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

1. നന്മ. 1. ത്രിത്വ.

## കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞ് ചൊല്ലുന്ന ഫാത്തിമാ സുകൃതജപം




ഓ! എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ, നരകാഗ്നിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകം അങ്ങേ സഹായവും കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗത്തിലേക്ക് ആനയിക്കണമേ.
പരിശുദ്ധ ജപമാലയുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ
## (തിങ്കൾ, ശനി ദിവസങ്ങളിൽ ചൊല്ലുന്നു.)

1. പരിശുദ്ധ ദൈവമാതാവ് ഗർഭം ധരിച്ച് ഈശോമിശിഹായെ പ്രസവിക്കുമെന്ന മംഗളവാർത്ത ഗബ്രിയേൽ മാലാഖ ദൈവകല്പനയാൽ അറിയിച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.






2. പരിശുദ്ധ ദൈവമാതാവ്, ഏലീശ്വാ ഗർഭിണിയായ വിവരം കേട്ടപ്പോൾ ആ പുണ്യവതിയെ ചെന്നുകണ്ട് മൂന്നു മാസത്തോളം അവൾക്കു ശുശ്രൂഷ ചെയ്തു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

3. പരിശുദ്ധ ദൈവമാതാവ് തന്റെ ഉദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിപ്പാൻ കാലമായപ്പോൾ ബെത്‌ലഹം നഗരിയിൽ പാതിരായ്ക്കു പ്രസവിച്ച് ഒരു തൊഴുക്കൂട്ടിൽ കിടത്തി എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.






4. പരിശുദ്ധ ദൈവമാതാവ് തന്റെ ശുദ്ധീകരണത്തിന്റെ നാൾ വന്നപ്പോൾ ഈശോമിശിഹായെ ദൈവാലയത്തിൽ കൊണ്ടുചെന്നു ദൈവത്തിനു കാഴ്ചവച്ച് ശെമയോൻ എന്ന മഹാത്മാവിന്റെ കരങ്ങളിൽ ഏല്പിച്ചു എന്നു ധ്യാനിക്കുക.


1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

5. പരിശുദ്ധ ദൈവമാതാവ് തന്റെ ദിവ്യകുമാരനു പന്ത്രണ്ടു വയസ്സായിരിക്കെ മൂന്നു ദിവസം അവിടത്തെ കാണാതെ അന്വേഷിച്ചിട്ട് മൂന്നാം നാൾ ദൈവാലയത്തിൽ വച്ച് വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അവിടത്തെ കണ്ടെത്തി എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.



## പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ
## (വ്യാഴാഴ്ചകളിൽ ചൊല്ലുന്നു)





1. നമ്മുടെ കർത്താവീശോമിശിഹാ ജോർദാൻ നദിയിൽ വച്ച് സ്നാപകയോഹന്നാന്റെ കരങ്ങളിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടത്തെമേൽ എഴുന്നള്ളി വരികയും ചെയ്തു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

2. നമ്മുടെ കർത്താവീശോമിശിഹാ കാനായിൽ വച്ച് വിവാഹവിരുന്നിന്റെ അവസരത്തിൽ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്താൽ വെള്ളം വീഞ്ഞാക്കി തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.






3. നമ്മുടെ കർത്താവീശോമിശിഹാ ജോർദാനിലെ മാമോദീസായ്ക്കും മരുഭൂമിയിലെ ഒരുക്കത്തിനും ശേഷം ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

4. നമ്മുടെ കർത്താവീശോമിശിഹാ താബോർ മലമുകളിൽ വച്ച് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ രൂപാന്തരപ്പെട്ട് തന്റെ സ്വർഗീയമഹത്ത്വം അവർക്ക് വെളിപ്പെടുത്തി എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.





5. നമ്മുടെ കർത്താവീശോമിശിഹാ സെഹിയോൻ ഊട്ടുശാലയിൽ വച്ച് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അവർക്ക് സ്നേഹത്തിന്റെ പുതിയ കല്പന നല്കുകയും ചെയ്ത ശേഷം അവിടത്തെ സ്നേഹത്തിന്റെ ശാശ്വത സ്മാരകമായ വിശുദ്ധ കുർബാന സ്ഥാപിച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

## ദുഃഖകരമായ ദിവ്യ രഹസ്യങ്ങൾ
## (ചൊവ്വ, വെള്ളി ദിവസങ്ങളിൽ ചൊല്ലുന്നു)

1. നമ്മുടെ കർത്താവീശോമിശിഹാ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ ചോര വിയർത്തു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.





2. നമ്മുടെ കർത്താവീശോമിശിഹാ പീലാത്തോസിന്റെ വീട്ടിൽ വച്ചു ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

3. നമ്മുടെ കർത്താവീശോമിശിഹായെ യൂദന്മാർ മുൾമുടി ധരിപ്പിച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.






4. നമ്മുടെ കർത്താവീശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടതിനുശേഷം തനിക്ക് അധികം അപമാനവും വ്യാകുലവുമുണ്ടാകുവാൻ വേണ്ടി അവിടത്തെ തിരുത്തോളിൻമേൽ ഭാരമുള്ള കുരിശുമരം ചുമത്തപ്പെട്ടുഎന്നു ധ്യാനിക്കുക.


1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

5. നമ്മുടെ കർത്താവീശോമിശിഹാ ഗാഗുൽത്താമലയിൽ ചെന്നപ്പോൾ വ്യാകുലസമുദ്രത്തിൽ മുഴുകിയ പരിശുദ്ധ മാതാവിന്റെ മുമ്പാകെ തിരുവസ്ത്രങ്ങളുരിഞ്ഞെടുക്കപ്പെട്ട്, കുരിശിൻമേൽ തറയ്ക്കപ്പെട്ടുഎന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.



## മഹിമയുടെ ദിവ്യരഹസ്യങ്ങൾ
## (ബുധൻ, ഞായർ ദിവസങ്ങളിൽ ചൊല്ലുന്നു)



1. നമ്മുടെ കർത്താവീശോമിശിഹാ പീഡസഹിച്ചു മരിച്ചതിന്റെ മൂന്നാം നാൾ ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നള്ളി എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

2. നമ്മുടെ കർത്താവീശോമിശിഹാ തന്റെ ഉയിർപ്പിന്റെ ശേഷം നാല്പതാം നാൾ അത്ഭുതകരമായ മഹിമയോടും ജയത്തോടും കൂടെ തന്റെ ദിവ്യമാതാവും ശിഷ്യരും കണ്ടുകൊണ്ടു നില്ക്കുമ്പോൾ സ്വർഗാരോഹണം ചെയ്തു എന്നു ധ്യാനിക്കുക.



1. സ്വർഗ. 10. നന്മ. 1. ത്രിത്വ.




3. നമ്മുടെ കർത്താവീശോമിശിഹാ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എഴുന്നള്ളിയിരിക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിന്റെ മേലും ശ്ലീഹന്മാരുടെ മേലും പരിശുദ്ധാത്മാവിനെ അയച്ചു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

4. നമ്മുടെ കർത്താവീശോമിശിഹാ ഉയിർത്തെഴുന്നെള്ളി കുറേക്കാലം കഴിഞ്ഞപ്പോൾ കന്യകാമാതാവ് ഈ ലോകത്തിൽനിന്ന് മാലാഖമാരാൽ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്നു ധ്യാനിക്കുക.



1. സ്വർഗ. 10. നന്മ. 1. ത്രിത്വ.



5. പരിശുദ്ധ ദൈവമാതാവ്, പരലോകത്തെത്തിയ ഉടനെ തന്റെ ദിവ്യകുമാരനാൽ സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടി ധരിക്കപ്പെട്ടു എന്നു ധ്യാനിക്കുക.

1. സ്വർഗ. 10. നന്മ. 1. ത്രിത്വ.

## ജപമാല സമർപ്പണം

മുഖ്യദൂതനായ വി. മിഖായേലേ, ദൈവദൂതന്മാരായ വി. ഗബ്രിയേലേ, വി. റപ്പായേലേ, മഹാത്മാവായ വി. യൗസേപ്പേ, ശ്ലീഹന്മാരായ വി. പത്രോസേ, മാർ പൗലോസേ, മാർ യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർ തോമ്മാ, ഞങ്ങൾ വലിയ പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തനങ്ങളോടുകൂടെ ഒന്നായി ചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ദൈവമാതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ- കർത്താവേ......
മിശിഹായേ, അനുഗ്രഹിക്കണമേ - മിശിഹായേ...
കർത്താവേ, അനുഗ്രഹിക്കണമേ - കർത്താവേ .......
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
- മിശിഹായേ.......
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ - മിശിഹായേ........

സ്വർഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

പരിശുദ്ധ മറിയമേ,
ദൈവത്തിന്റെ പരിശുദ്ധ ജനനീ,
കന്യകകൾക്കു മകുടമായ നിർമ്മല കന്യകേ,
മിശിഹായുടെ മാതാവേ,
ദൈവവരപ്രസാദത്തിന്റെ മാതാവേ,
ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്ത വിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,
അത്ഭുതത്തിനു വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
ഏറ്റം വിവേകമതിയായ കന്യകേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാവല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏറ്റം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,
ആത്മജ്ഞാനപൂരിതപാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മല ദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗത്തിന്റെ വാതിലേ,
ഉഷഃകാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞീ,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞീ,
ദീർഘദർശികളുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
വേദസാക്ഷികളുടെ രാജ്ഞീ,
വന്ദകന്മാരുടെ രാജ്ഞീ,
കന്യകകളുടെ രാജ്ഞീ,
സകല വിശുദ്ധരുടേയും രാജ്ഞീ,
അമലോത്ഭവയായ രാജ്ഞീ,
സ്വർഗാരോപിതയായ രാജ്ഞീ,
പരിശുദ്ധ ജപമാലയുടെ രാജ്ഞീ,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ,
സമാധാനത്തിന്റെ രാജ്ഞീ,
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ, ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. ഭാഗ്യവതിയും അനുഗൃഹീതയുമായ കന്യകാമാതാവേ, സകല ആപത്തുകളിൽനിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണമനസ്സോടുകൂടി സാഷ്ടാംഗം വീണുകിടക്കുന്ന ഈ കുടുംബത്തെ (കൂട്ടത്തെ) തൃക്കൺപാർത്ത് നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെയും ഉപദ്രവങ്ങളിൽനിന്നു രക്ഷിച്ചുകൊള്ളണമേ, ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്കു തരണമേ. ആമ്മേൻ.

**പരിശുദ്ധ രാജ്ഞീ...... (ശേഷവും)**

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ ആദിയിൽ അങ്ങു നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവളുടെ ശക്തിയുള്ള അപേക്ഷകളാൽ ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷപ്പെടുവാൻ കൃപ ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്കു തരണമേ. ആമ്മേൻ.




# കരുണയുടെ ജപമാല

**1 സ്വർഗ. 1 നന്മ.**

**വിശ്വാസ പ്രമാണം.**

നിത്യ പിതാവേ, ഞങ്ങളുടെ പാപങ്ങൾക്കും ലോകം മുഴുവനുമുള്ള പാപങ്ങൾക്കും പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ ഏറ്റവും വാത്സല്യമുള്ള പുത്രനുമായ ഈശോമിശിഹായുടെ ശരീരവും രക്തവും ആത്മാവും ദൈവത്വവും അങ്ങേക്കു ഞാൻ അർപ്പിക്കുന്നു.

(1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ പീഡാനുഭവത്തെക്കുറിച്ച്/ ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ.

(10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ.

(3 പ്രാവശ്യം)

**(ഇങ്ങനെ 5 പ്രാവശ്യം ചൊല്ലുക)**

# ഈശോയുടെ തിരുഹൃദയ ജപമാല

(വെള്ളിയാഴ്ച ദിവസങ്ങളിലെ
കുടുംബ പ്രാർത്ഥനയിൽ തിരുഹൃദയ
ജപമാലയുടെ ആഘോഷമായ ഈ
ക്രമം ഉപയോഗിക്കുന്നത്
അഭികാമ്യമായിരിക്കും.)



## പ്രാരംഭ പ്രാർത്ഥന

അനന്തനന്മ സ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ, കർത്താവേ, നിസ്സാരരും പാപികളുമായിരിക്കുന്ന ഞങ്ങൾ നിസ്സീമപ്രതാപവാനായ അങ്ങയുടെ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും അങ്ങയുടെ അനന്തമായ ദയയിൽ ശരണപ്പെട്ടുകൊണ്ട്, ഞങ്ങൾ അർപ്പിക്കുന്ന ഈ ജപമാല ഭക്തിയോടും ശ്രദ്ധയോടും കൂടെ ചെയ്യുന്നതിനു കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

മിശിഹായുടെ ദിവ്യാത്മാവേ! - എന്നെ ശുദ്ധീകരിക്കണമേ.
മിശിഹായുടെ തിരുശ്ശരീരമേ -എന്നെ രക്ഷിക്കണമേ.
മിശിഹായുടെ തിരുരക്തമേ - എന്നെ ലഹരി പിടിപ്പിക്കണമേ.
മിശിഹായുടെ തിരുവിലാവിലെ വെള്ളമേ -എന്നെ കഴുകണമേ.
മിശിഹായുടെ കഷ്ടാനുഭവമേ- എന്നെ ധൈര്യപ്പെടുത്തണമേ.
നല്ല ഈശോ! - എന്റെ അപേക്ഷ കേൾക്കണമേ.
അങ്ങേ തിരുമുറിവുകളുടെ ഇടയിൽ - എന്നെ മറച്ചുകൊള്ളണമേ.
അങ്ങയിൽനിന്നു പിരിഞ്ഞുപോകുവാൻ - എന്നെ അനുവദിക്കരുതേ.
ദുഷ്ടശത്രുക്കളിൽ നിന്ന് - എന്നെ കാത്തുകൊള്ളണമേ.
എന്റെ മരണനേരത്ത് - എന്നെ അങ്ങേപ്പക്കലേക്കു വിളിക്കണമേ.
അങ്ങേ പരിശുദ്ധന്മാരോടുകൂടെ നിത്യമായി അങ്ങയെ സ്തുതിക്കുന്നതിന് - അങ്ങേ അടുക്കൽ വരുവാൻ എന്നോടു കല്പിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ - എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

## ഒന്നാം രഹസ്യം

"മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന എന്റെ ഹൃദയം കണ്ടാലും. എന്നാൽ മനുഷ്യർ എന്നെ എത്ര തുച്ഛമായി മാത്രം സ്നേഹിക്കുന്നു" എന്നു വി. മർഗ്ഗരീത്താ മറിയത്തോട് അരുളിച്ചെയ്ത ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ട് അവിടത്തെ സ്നേഹത്തിൽ വളരുവാൻ വേണ്ട അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

ഓരോ ചെറിയ മണിക്ക്

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
– അങ്ങ് എന്റെ സ്നേഹമായിരിക്കണമേ. (10 പ്രാവശ്യം)

(ഓരോ ദശകത്തിന്റെയും അവസാനം)

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
– എന്റെ രക്ഷയായിരിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ!
– എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന്
ഒത്തതാക്കിയരുളണമേ.

## രണ്ടാം രഹസ്യം

"എനിക്ക് ഈ ജനത്തോട് അനുകമ്പ തോന്നുന്നു" എന്നരുളിച്ചെയ്തുകൊണ്ട് മനുഷ്യരോടുള്ള അനന്തമായ ദയയും കാരുണ്യവും കാണിച്ച ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

നമ്മുടെ സഹജീവികളോട് അനുകമ്പയുള്ളവരായി ജീവിക്കുവാൻ വേണ്ട അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
–അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.(10 പ്രാവശ്യം)

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
– എന്റെ രക്ഷയായിരിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ
–എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന്
ഒത്തതാക്കിയരുളണമേ.

## മൂന്നാം രഹസ്യം

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നരുളിച്ചെയ്ത ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

മറ്റുള്ളവരുടെ ദുഃഖങ്ങളിൽ അവരെ ആശ്വസിപ്പിക്കാൻ വേണ്ട മനോഭാവം വളർത്തിയെടുക്കുവാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
–അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.(10 പ്രാവശ്യം)

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
– എന്റെ രക്ഷയായിരിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ!
– എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

## നാലാം രഹസ്യം

"ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ്" എന്ന് അരുളിച്ചെയ്ത ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

പാപികളോടു കരുണകാണിക്കാനും അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും വേണ്ട അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
– അങ്ങ് എന്റെ സ്നേഹമായിരിക്കണമേ. (10 പ്രാവശ്യം)

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
– എന്റെ രക്ഷയായിരിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ!
– എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

## അഞ്ചാം രഹസ്യം

"പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോടു ക്ഷമിക്കണമേ" എന്നു പ്രാർത്ഥിച്ച ഈശോയുടെ ദിവ്യഹൃദയത്തെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

നമ്മളോടു തെറ്റു ചെയ്യുന്നവരോടു ക്ഷമിക്കുവാൻ വേണ്ട കൃപാവരം ലഭിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
– അങ്ങ് എന്റെ സ്നേഹമായിരിക്കണമേ(10 പ്രാവശ്യം)

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
– എന്റെ രക്ഷയായിരിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ!
– എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന്
ഒത്തതാക്കിയരുളണമേ.

## കാഴ്ചവയ്പ്

ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ!
ഞങ്ങളുടെമേൽ അലിവുണ്ടായിരിക്കണമേ.
അമലോത്ഭവമറിയത്തിന്റെ കറയില്ലാത്ത ദിവ്യഹൃദയമേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
തിരുഹൃദയത്തിന്റെ നാഥേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഈശോയുടെ തിരുഹൃദയം
എല്ലായിടത്തും സ്നേഹിക്കപ്പെടട്ടെ!
മരണവേദന അനുഭവിച്ച ഈശോയുടെ തിരുഹൃദയമേ!
മരിക്കുന്നവരുടെമേൽ കൃപയായിരിക്കണമേ.

## ഈശോയുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ,
കർത്താവേ.....
മിശിഹായെ അനുഗ്രഹിക്കണമേ,
മിശിഹായേ......
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
മിശിഹായേ.....
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
മിശിഹായേ.....

സ്വർഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,
നിത്യപിതാവിന്റെ തിരുക്കുമാരനായ
ഈശോയുടെ തിരുഹൃദയമേ,
കന്യകാമറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാരൂപിയാൽ
ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവ വചനത്തോടു കാതലായ വിധത്തിൽ
ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ
ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ
ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ
ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ
ഈശോയുടെ തിരുഹൃദയമേ,
നന്മയും സ്നേഹവും നിറഞ്ഞ
ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ
ഈശോയുടെ തിരുഹൃദയമേ,
സകല പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ
ഈശോയുടെ തിരുഹൃദയമേ,
സകല ഹൃദയങ്ങൾക്കും അധിപനും
കേന്ദ്രവുമായ ഈശോയുടെ തിരുഹൃദയമേ,
ജ്ഞാനത്തിന്റെയും അറിവിന്റെയും
നിധിയൊക്കെയും ഉൾക്കൊണ്ടിരിക്കുന്ന
ഈശോയുടെ തിരുഹൃദയമേ,
ദൈവത്വത്തിൻ പൂർണ്ണതയൊക്കെയും വസിക്കുന്നതായ
ഈശോയുടെ തിരുഹൃദയമേ,
നിത്യപിതാവിനു പ്രസാദിച്ചിരിക്കുന്നതായ
ഈശോയുടെ തിരുഹൃദയമേ,
ഞങ്ങൾക്കെല്ലാവർക്കും സിദ്ധിച്ചിരിക്കുന്ന
നന്മകളുടെ സമ്പൂർണ്ണനിധിയായ
ഈശോയുടെ തിരുഹൃദയമേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

നിത്യപർവ്വതങ്ങളുടെ ആശയമായ
ഈശോയുടെ തിരുഹൃദയമേ,
ക്ഷമയും അധികദയയുമുള്ള
ഈശോയുടെ തിരുഹൃദയമേ,
അങ്ങേ കൃപ അപേക്ഷിക്കുന്ന സകലരേയും
ഐശ്വര്യപ്പെടുത്തുന്ന
ഈശോയുടെ തിരുഹൃദയമേ,
ജീവന്റെയും വിശുദ്ധിയുടെയും ഉറവയായ
ഈശോയുടെ തിരുഹൃദയമേ,
ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരമായിരിക്കുന്ന
ഈശോയുടെ തിരുഹൃദയമേ,
നിന്ദകളാൽ പൂരിതമായ
ഈശോയുടെ തിരുഹൃദയമേ,
ഞങ്ങളുടെ അക്രമങ്ങൾ നിമിത്തം തകർന്ന
ഈശോയുടെ തിരുഹൃദയമേ,
മരണത്തോളം കീഴ്‌വഴങ്ങിയ
ഈശോയുടെ തിരുഹൃദയമേ,
സകല ആശ്വാസങ്ങളുടേയും ഉറവയായ
ഈശോയുടെ തിരുഹൃദയമേ,
ഞങ്ങളുടെ ജീവനും ഉയിർപ്പുമായ
ഈശോയുടെ തിരുഹൃദയമേ,
ഞങ്ങളുടെ സമാധാനവും അനുരഞ്ജനവുമായ
ഈശോയുടെ തിരുഹൃദയമേ,
പാപങ്ങൾക്കു പരിഹാരബലിയായ
ഈശോയുടെ തിരുഹൃദയമേ.
അങ്ങിൽ ആശ്രയിക്കുന്നവരുടെ രക്ഷയായ
ഈശോയുടെ തിരുഹൃദയമേ,
അങ്ങിൽ മരിക്കുന്നവരുടെ ശരണമായ
ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാന്മാരുടേയും ആനന്ദമായ
ഈശോയുടെ തിരുഹൃദയമേ,

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ,
ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയുടെ
തിരുഹൃദയത്തിന് അനുയോജ്യമാക്കണമേ.

## നമുക്കു പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, അങ്ങേ ദിവ്യ പുത്രന്റെ തിരുഹൃദയത്തേയും പാപികൾക്കായി അവിടന്നു ചിന്തിയ തിരുരക്തത്തേയും തൃക്കൺപാർത്ത് അങ്ങയുടെ കാരുണ്യം യാചിക്കുന്ന ഞങ്ങളുടെ മേൽ കൃപയായിരിക്കണമേ. അങ്ങേക്ക് അവിടന്നു സമർപ്പിച്ച സ്തുതികളോടും പരിഹാര പ്രവൃത്തികളോടും ചേർത്തു ഞങ്ങളുടെ ഈ ജപമാലയെയും അങ്ങുന്ന് സ്വീകരിക്കണമേ. ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്തു ഞങ്ങളെ വിശുദ്ധീകരിക്കുകയും അങ്ങയുടെ അനുഗ്രഹത്താൽ സമ്പന്നരാക്കുകയും ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാ വഴി അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. ആമ്മേൻ.

## തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം

**കുടുംബനായകൻ:** ഈശോയുടെ തിരുഹൃദയമേ, (സമൂഹവും കൂടി) ഈ കുടുംബത്തേയും ഞങ്ങളെ ഓരോരുത്തരേയും/ ഞങ്ങൾ അങ്ങേക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ/അങ്ങു രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങുതന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം/ആശീർവദിക്കുകയും/ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും/സങ്കടങ്ങളിൽ ആശ്വാസം നല്കുകയും ചെയ്യണമേ. ഞങ്ങളിൽ ആരെങ്കിലും/അങ്ങയെ ഉപദ്രവിക്കുവാനിടയായാൽ/ഞങ്ങളോടു ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരെയും/ഇവിടെനിന്ന് അകന്നിരിക്കുന്നവരെയും/സമൃദ്ധമായി അനുഗ്രഹിക്കണമേ. (മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ നിത്യഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കണമേ.) അങ്ങയെ കണ്ടാനന്ദിക്കുവാൻ/സ്വർഗത്തിലെത്തുന്നതുവരെ ആത്മീയവും ശാരീരികവുമായ എല്ലാ വിപത്തുകളിലും നിന്ന്/ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിന്റെ വിമലഹൃദയവും/മാർ യൗസേപ്പിതാവും/ഞങ്ങളുടെ പ്രതിഷ്ഠയെ/ അങ്ങേക്കു സമർപ്പിക്കുകയും/ജീവിതകാലം മുഴുവനും/ഇതിന്റെ സജീവസ്മരണ/ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോമിശിഹായുടെ തിരുഹൃദയമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.
മറിയത്തിന്റെ വിമലഹൃദയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ യൗസേപ്പേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ മർഗ്ഗരീത്താ മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# നമ്മുടെ രക്ഷകനായ ഈശോയോടുള്ള ജപമാല

(ഞായറാഴ്ചകളിൽ കുടുംബ പ്രാർത്ഥനക്കു ചൊല്ലാവുന്നത്)

## പ്രാരംഭ പ്രാർത്ഥന

അനന്തനന്മ സ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ, കർത്താവേ, നിസ്സാരരും പാപികളുമായിരിക്കുന്ന ഞങ്ങൾ നിസ്സീമപ്രതാപവാനായ അങ്ങയുടെ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും അങ്ങയുടെ അനന്തമായ കരുണയിൽ ശരണപ്പെട്ടുകൊണ്ട്, ഞങ്ങൾ അർപ്പിക്കുന്ന ഈ ജപമാല ഭക്തിയോടും ശ്രദ്ധയോടുംകൂടെ ചെയ്യുന്നതിനു കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വശക്തനായ പിതാവും.......

സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങ് പരമസത്യമായിരിക്കയാൽ അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. വിശ്വാസമെന്ന പുണ്യത്തിൽ വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, അങ്ങുന്ന് ദയാലുവും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാകയാൽ അങ്ങിൽ ഞാൻ ശരണപ്പെടുന്നു. ശരണമെന്ന പുണ്യത്തിൽ വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. 1 സ്വർഗ.

അനന്തനന്മ സ്വരൂപനും രക്ഷയുടെ വാഗ്ദാനവുമായ പരിശു

ദ്ധാത്മാവേ, അങ്ങയെ ഞാൻ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നു. സ്നേഹമെന്ന പുണ്യത്തിൽ വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ. 1 ത്രിത്വ.

## ഒന്നാം രഹസ്യം

"നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5, 48) എന്ന് അരുളിച്ചെയ്തുകൊണ്ട് നമ്മെ പരിപൂർണ്ണതയിലേക്കു ക്ഷണിക്കുന്ന ഈശോയെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ ഈ ക്ഷണം സ്വീകരിച്ച് അവിടത്തെ മാതൃക പിഞ്ചെന്നുകൊണ്ട് പരിപൂർണ്ണതയിൽ വളരുവാൻ വേണ്ട അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ.

(10 പ്രാവശ്യം). 1 ത്രിത്വ.

ഓ! എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ, നരകാഗ്നിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളേയും വിശിഷ്യാ അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗത്തിലേക്ക് ആനയിക്കണമേ. (ഓരോ രഹസ്യത്തിനു ശേഷവും ഈ പ്രാർത്ഥന ചൊല്ലുന്നു.)

## രണ്ടാം രഹസ്യം

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13, 34) എന്ന് അരുളിച്ചെയ്ത ഈശോയെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ ഈ കല്പന പാലിച്ചുകൊണ്ട് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരുവാൻ വേണ്ട കൃപാവരത്തിനായി നമുക്കു പ്രാർത്ഥിക്കാം.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ.

(10 പ്രാവശ്യം). 1 ത്രിത്വ.

ഓ! എന്റെ ഈശോയേ......

## മൂന്നാം രഹസ്യം

"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകുവിൻ" (യോഹ 13,14) എന്ന് അരുളിച്ചെയ്ത നമ്മുടെ ഗുരുവും നാഥനുമായ ഈശോയെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ മാതൃക പിഞ്ചെന്നുകൊണ്ട് മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാൻ വേണ്ട നല്ല മനോഭാവം ലഭിക്കുവാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ.

(10 പ്രാവശ്യം). 1 ത്രിത്വ.

ഓ! എന്റെ ഈശോയേ.....

## നാലാം രഹസ്യം

"നിങ്ങൾ നിങ്ങളുടെ സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ തെറ്റുകൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവും ക്ഷമിക്കുകയില്ല" (മത്താ 6, 15) എന്ന് അരുളിച്ചെയ്ത ഈശോയെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ ഈ ഉപദേശം സ്വീകരിച്ചുകൊണ്ട് സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുവാൻ വേണ്ട കൃപാവരത്തിനായി നമുക്കു പ്രാർത്ഥിക്കാം.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ.

(10 പ്രാവശ്യം). 1 ത്രിത്വ.

ഓ ! എന്റെ ഈശോയേ......

## അഞ്ചാം രഹസ്യം

"ഞാൻ ശാന്തശീലനും വിനീതനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ" (മത്താ 11,29) എന്ന് അരുളിച്ചെയ്ത ഈശോയെക്കുറിച്ചു നമുക്കു ധ്യാനിക്കാം.

ഈശോയുടെ ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ഹൃദയശാന്തതയിലും എളിമയിലും വളരുവാൻ വേണ്ട കൃപാവരത്തിനായി നമുക്കു പ്രാർത്ഥിക്കാം.

1 സ്വർഗ.

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ.

(10 പ്രാവശ്യം). 1 ത്രിത്വ.

ഓ! എന്റെ ഈശോയേ.....

**ജപമാല സമർപ്പണം**

മുഖ്യദൂതനായ വിശുദ്ധ മിഖായേലേ, ദൈവദൂതന്മാരായ വിശുദ്ധ ഗബ്രിയേലേ, വിശുദ്ധ റപ്പായേലേ, ശ്ലീഹന്മാരായ വിശുദ്ധ പത്രോസേ, വിശുദ്ധ പൗലോസേ, വിശുദ്ധ യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർ തോമ്മായേ, മഹാത്മാവായ വിശുദ്ധ യൗസേപ്പേ, ഞങ്ങൾ വലിയ പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തനങ്ങളോടു കൂടെ ഒന്നായിച്ചേർത്ത് ഈശോയുടെ തൃപ്പാദത്തിങ്കൽ കാഴ്ചവയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**നമ്മുടെ രക്ഷകനായ ഈശോയുടെ ലുത്തിനിയ**

കർത്താവേ, അനുഗ്രഹിക്കണമേ,
കർത്താവേ.......
മിശിഹായേ, അനുഗ്രഹിക്കണമേ,
മിശിഹായേ......
കർത്താവേ, അനുഗ്രഹിക്കണമേ,
കർത്താവേ.......
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
മിശിഹായേ......
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന
കൈക്കൊള്ളണമേ,
മിശിഹായേ........
സ്വർഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ,
ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ,
ഞങ്ങളുടെ ജീവനും ശരണവുമായ ഈശോയേ,
ഞങ്ങളുടെ നാഥനും സ്നേഹിതനുമായ ഈശോയേ,
ഞങ്ങളുടെ ഗുരുവും മാതൃകയുമായ ഈശോയേ,
ഞങ്ങളുടെ കർത്താവും ദൈവവുമായ ഈശോയേ,
ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ഈശോയേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

പിതാവായ ദൈവത്തിന്റെ പ്രതിരൂപമായ ഈശോയേ,
കന്യകാമറിയത്തിന്റെ വത്സലപുത്രനായ ഈശോയേ,
നിത്യപ്രകാശത്തിന്റെ ജ്വാലയായ ഈശോയേ,
സത്യദൈവവും സത്യമനുഷ്യനുമായ ഈശോയേ,
ദൈവരാജ്യത്തിന്റെ പ്രഘോഷകനും
സമാധാനത്തിന്റെ രാജാവുമായ ഈശോയേ,
മനുഷ്യകുലത്തിന്റെ രക്ഷകനും
നിത്യപുരോഹിതനുമായ ഈശോയേ,
ദരിദ്രരുടെ ആശ്രയവും
പാപികളുടെ സങ്കേതവുമായ ഈശോയേ,
രോഗികളുടെ ആരോഗ്യവും
ദുഃഖിതരുടെ ആശ്വാസവുമായ ഈശോയേ,
ബന്ധിതരുടെ മോചനവും
പീഡിതരുടെ രക്ഷകനുമായ ഈശോയേ,
ലോകത്തിന്റെ പ്രകാശവും
ഭൂമിയുടെ ഉപ്പുമായ ഈശോയേ,
അനന്തശക്തി പ്രതാപവാനും
കൃപാപൂർണ്ണനുമായ ഈശോയേ,
വഴിയും സത്യവും ജീവനുമായ ഈശോയേ,
ദൈവത്തിന്റെ വചനവും
ജീവന്റെ അപ്പവുമായ ഈശോയേ,
പാപികളുടെ സ്നേഹിതനും
നല്ല ഇടയനുമായ ഈശോയേ,
സ്നേഹസ്വരൂപനും ക്ഷമാശീലനുമായ ഈശോയേ,
ദയാവത്സലനും കരുണാമയനുമായ ഈശോയേ,
ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ,
വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ ഈശോയേ,
സകല നന്മസ്വരൂപനായ ഈശോയേ,

**കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ,**

തിന്മയുടെ എല്ലാ ബന്ധനങ്ങളിലും നിന്ന്,
പിശാചിന്റെ എല്ലാ പരീക്ഷണങ്ങളിലും നിന്ന്,
തിന്മ ചെയ്യാനുള്ള എല്ലാ പ്രലോഭനങ്ങളിലും നിന്ന്,

ദുഷ്ടന്റെ എല്ലാവിധ ഉപദ്രവങ്ങളിലും നിന്ന്,
നിത്യനാശത്തിലും മരണത്തിലും നിന്ന്,
എല്ലാവിധ കഷ്ടതകളിലും ദുരിതങ്ങളിലും നിന്ന്,
എല്ലാവിധ ആപത്തുകളിലും
അപകടങ്ങളിലും നിന്ന്,
എല്ലാവിധ രോഗങ്ങളിലും
പകർച്ചവ്യാധികളിലും നിന്ന്,
എല്ലാവിധ തെറ്റിദ്ധാരണകളിലും
സംശയങ്ങളിലും നിന്ന്,
എല്ലാവിധ പാപങ്ങളിലും കടങ്ങളിലും നിന്ന്,
അങ്ങയുടെ മനുഷ്യാവതാരത്തേയും
ജീവിതത്തേയും കുറിച്ച്,
അങ്ങയുടെ പീഡാനുഭവത്തേയും
കുരിശുമരണത്തേയും കുറിച്ച്,
അങ്ങയുടെ തിരുമുറിവുകളേയും
തിരുരക്തത്തേയും കുറിച്ച്,
അങ്ങയുടെ തിരുവുത്ഥാനത്തേയും
സ്വർഗാരോഹണത്തേയും കുറിച്ച്,
അങ്ങയുടെ രണ്ടാമത്തെ ആഗമനത്തേയും
അനന്തസാന്നിദ്ധ്യത്തേയും കുറിച്ച്,



ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു
ഞങ്ങൾ യോഗ്യരാകുവാൻ
സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## നമുക്കു പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, അങ്ങേ പ്രിയപുത്രന്റെ മനുഷ്യാവതാരത്തെയും പീഡാനുഭവത്തെയും കുരിശുമരണത്തെയും തൃക്കൺപാർത്ത് അങ്ങയുടെ കാരുണ്യം യാചി

ക്കുന്ന ഞങ്ങളുടെമേൽ കൃപയായിരിക്കണമേ. അങ്ങേക്ക് അവിടന്നു സമർപ്പിച്ച സ്തുതികളോടും പരിഹാര പ്രവൃത്തികളോടും ചേർത്തു ഞങ്ങളുടെ ഈ ജപമാലയെയും അങ്ങുന്നു സ്വീകരിക്കണമേ. ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്തു ഞങ്ങളെ വിശുദ്ധീകരിക്കുകയും അങ്ങയുടെ അനുഗ്രഹത്താൽ സമ്പന്നരാക്കുകയും ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാ വഴി അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. ആമ്മേൻ.

എത്രയും ദയയുള്ള മാതാവേ...

വി. യൗസേപ്പിതാവിനോടുള്ള ജപം.

മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള ജപം.


## സമാപന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ, അങ്ങയുടെ പ്രത്യേക സംരക്ഷണയ്ക്കും പരിപാലനയ്ക്കുമായി ഞങ്ങളെ ഓരോരുത്തരേയും അങ്ങേക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ ബലഹീനതകളോടും കുറവുകളോടും കൂടെ ഞങ്ങളെ അങ്ങു സ്വീകരിക്കുകയും അങ്ങേക്കു പ്രിയങ്കരമായവിധം ജീവിക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ആപത്തുകളിൽ അഭയവും അപകടങ്ങളിൽ സംരക്ഷണവും സങ്കടങ്ങളിൽ ആശ്വാസവും നല്കി ഞങ്ങളെ അങ്ങു കാത്തുകൊള്ളണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ വേദനിപ്പിക്കുവാൻ ഇടയായാൽ ഞങ്ങളോടു ക്ഷമിക്കണമേ. അങ്ങയുടെ നാമത്തിൽ ആരംഭിക്കുന്ന എല്ലാ ഉദ്യമങ്ങളെയും അങ്ങുന്ന് വിജയിപ്പിക്കണമേ. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും അങ്ങേക്കു പ്രീതികരമാംവിധം ജീവിക്കുവാനും എല്ലാ കാര്യങ്ങളിലും അങ്ങയുടെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് അങ്ങയെ മഹത്ത്വപ്പെടുത്തുവാനും ഞങ്ങളെ അങ്ങു ശക്തരാക്കണമേ. അങ്ങയെക്കണ്ട് ആനന്ദിക്കുവാൻ സ്വർഗത്തിലെത്തുന്നതുവരെ ഞങ്ങളെ അങ്ങു കാത്തുകൊള്ളുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

*(സമാപനഗാനം)*

**പരിശുദ്ധാത്മാവേ വരണമെ, അവിടത്തെ ഇഷ്ടദാസിയായ മറിയത്തിന്റെ വിമലഹൃദയത്തിന്റെ ശക്തമായ മദ്ധ്യസ്ഥത്താൽ എഴുന്നള്ളി വരണമെ; ഞങ്ങളിൽ വന്ന് വസിക്കണമെ!**

**ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ, പാപിയായ എന്റെമേൽ കരുണയായിരിക്കണമേ.**



# തിരുരക്തത്തിന്റെ ജപമാല

കാൽവരിയിലെ കുരിശിൽ നിന്ന് ലോകപാപങ്ങളുടെ പരിഹാരാർത്ഥം ഇറ്റിറ്റു വീണ യേശുക്രിസ്തുവിന്റെ തിരുരക്തമേ എന്നെ കഴുകണമേ. അങ്ങേ അമൂല്യ തിരുരക്തത്തിന്റെ യോഗ്യതയാൽ എന്റെ പാപങ്ങളും ബലഹീനതകളും എടുത്തുമാറ്റണമേ. അങ്ങേ വാഗ്ദാനമായ പരിശുദ്ധാത്മാവിനാൽ എന്നെ പുതിയ സൃഷ്ടിയായി രൂപപ്പെടുത്തണമേ. അങ്ങേ ജീവിക്കുന്ന സാക്ഷിയാക്കി എന്നെ മാറ്റണമേ. ആമ്മേൻ.

യേശുവിനാത്മാവേ! -എന്നെ ശുദ്ധീകരിക്കണമേ.

മിശിഹായുടെ തിരുശ്ശരീരമേ -എന്നെ രക്ഷിക്കണമേ.

മിശിഹായുടെ തിരുരക്തമേ -എന്നെ ലഹരിപിടിപ്പിക്കണമേ.

മിശിഹായുടെ തിരുവിലാവിലെ വെള്ളമേ
-എന്നെ കഴുകണമേ.

മിശിഹായുടെ കഷ്ടാനുഭവമേ
-എന്നെ ധൈര്യപ്പെടുത്തണമേ.

നല്ല ഈശോ ! -എന്റെ അപേക്ഷ കേൾക്കണമേ.

അങ്ങേ തിരുമുറിവുകളുടെ ഇടയിൽ
-എന്നെ മറച്ചുകൊള്ളണമേ.

അങ്ങയിൽ നിന്നു പിരിഞ്ഞുപോകുവാൻ
-എന്നെ അനുവദിക്കരുതേ.

ദുഷ്ട ശത്രുക്കളിൽ നിന്ന് -എന്നെ കാത്തുകൊള്ളണമേ.

എന്റെ മരണനേരത്ത്-എന്നെ അങ്ങേ പക്കലേക്ക് വിളിക്കണമേ.

അങ്ങേ പരിശുദ്ധന്മാരോടു കൂടെ നിത്യമായി അങ്ങയെ സ്തുതിക്കുന്നതിന് -അങ്ങേ അടുക്കൽ വരുവാൻ എന്നോടു കല്പിക്കണമേ.

ഹൃദയശാന്തതയും എളിമയുമുള്ള ഈശോ
-എന്റെ ഹൃദയം അങ്ങേ ദിവ്യ ഹൃദയത്തിന് ഒത്തതാക്കിയരുളണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

1 വിശ്വാസപ്രമാണം....

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്ത ക്കണ്ണീർ കണങ്ങളെയും കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്ക ളുടെമേൽ കൃപ വർഷിക്കണമേ.

## ഒന്നാം രഹസ്യം

നല്ല ഈശോയെ, സൈത്ത് തോട്ടത്തിൽ വച്ച് അങ്ങ് ചിന്തിയ രക്ത വിയർപ്പിനെക്കുറിച്ച്, നഷ്ടപ്പെട്ടുപോയ പ്രസാദവരം ഞങ്ങൾക്ക് വീണ്ടും നൽകണമേ.

യേശുവിനാത്മാവേ......., നിത്യപിതാവേ.......

## രണ്ടാം രഹസ്യം

മാധുര്യവാനായ ഈശോ, ചമ്മട്ടിയടിയേറ്റപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, ഞങ്ങളുടെ മനസിന്റെ മുറിവു കൾ ഉണക്കി ഞങ്ങൾക്ക് ശാന്തി നൽകണമേ.

യേശുവിനാത്മാവേ....., നിത്യപിതാവേ.......

## മൂന്നാം രഹസ്യം

സ്നേഹ ഈശോ, മുൾമുടി ധരിപ്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, അഹങ്കാരം ഞങ്ങളിൽ നിന്നും നീക്കി, വിന യവും എളിമയും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

യേശുവിനാത്മാവേ......., നിത്യപിതാവേ......

## നാലാം രഹസ്യം

കുരിശ് ചുമന്നപ്പോഴും, മുഖം കുത്തി നിലത്തുവീണപ്പോഴും ചിതറി വീണ തിരുരക്തത്തെക്കുറിച്ച്, ദൈവഹിതം അന്വേഷിക്കു വാനും അത് നിറവേറ്റുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

യേശുവിനാത്മാവേ......, നിത്യപിതാവേ.....

## അഞ്ചാം രഹസ്യം

കരുണാനിധിയായ ഈശോ, തിരുവസ്ത്രം ഉരിഞ്ഞെടുത്ത പ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, പരിശുദ്ധാത്മാ

വിന്റെ വരദാനഫലങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.

യേശുവിനാത്മാവേ....., നിത്യപിതാവേ......

## ആറാം രഹസ്യം

നല്ല ഈശോയെ, മൂന്ന് ആണികളാൽ അങ്ങ് കുരിശിൽ തറക്കപ്പെട്ടപ്പോൾ ചിന്തിയ തിരുരക്തത്തെക്കുറിച്ച്, സൃഷ്ടികളോടും, സൃഷ്ട വസ്തുക്കളോടുമുള്ള അമിതമായ സ്നേഹത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ.

യേശുവിനാത്മാവേ......, നിത്യപിതാവേ......

## ഏഴാം രഹസ്യം

സഹനമൂർത്തിയായ യേശുനാഥാ, കുന്തം കൊണ്ട് അങ്ങേ തിരുവിലാവിൽ കുത്തി മുറിവേല്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച്, അങ്ങയെ ഞാൻ സ്വന്തമാക്കി, ഞാൻ മുഴുവനും അങ്ങയുടേതും അങ്ങു എന്റേതുമായി തീരുവാൻ കൃപയരുളണമേ.

യേശുവിനാത്മാവേ......., നിത്യപിതാവേ......

## പ്രാർത്ഥിക്കാം

സ്നേഹ ഈശോയേ! ഞങ്ങളോടുള്ള സ്നേഹത്തെപ്രതി അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, സ്നേഹിക്കുന്നു, നന്ദി പറയുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങേ തിരുരക്തത്തിന്റെ യോഗ്യതയാൽ ഞങ്ങളെ വിശുദ്ധീകരിച്ച്, ആത്മാവിൽ നിറച്ച് അങ്ങയുടെ സ്വന്തമാക്കണമേ. നിലനില്പിന്റെ വരവും, നിത്യരക്ഷയും, ആത്മാക്കളെ നേടാനുള്ള അഭിഷേകവും തരണമേ. ആമ്മേൻ.

ദൈവമേ നന്ദി, സ്തുതി, സ്തോത്രം!
യേശുവേ നന്ദി, സ്തുതി, സ്തോത്രം!
പരിശുദ്ധാത്മാവേ നന്ദി, സ്തുതി, സ്തോത്രം!
പരിശുദ്ധ ത്രിത്വമേ നന്ദി, സ്തുതി, സ്തോത്രം!

(സ്വതന്ത്രമായി സ്തുതിക്കുന്നു)

പാപികളുടെ സങ്കേതമേ, കന്യകകളുടെ രാജ്ഞി ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആമ്മേൻ.

# ത്രിത്വാരാധന പ്രാർത്ഥന

സ്വർഗീയ പിതാവേ, രക്ഷകനായ യേശുവേ!
ആശ്വാസദായകനായ പരിശുദ്ധാത്മാവേ!
ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു,
ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു,
ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു. (3 പ്രാവശ്യം)
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

ലീഡർ: ആബാ പിതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ!

സമൂഹം: അവിടത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ. (10 പ്രാവശ്യം)

***ഞങ്ങളെ എന്നതിനു പകരം മറ്റ് നിയോഗങ്ങൾ കൂടിച്ചേർക്കാം.***


(ലീഡർ: ആബാ പിതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ ഞങ്ങളുടെ കുടുംബങ്ങളെ വിശുദ്ധീകരിക്കണമേ!

സമൂഹം: അവിടത്തെ പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ കുടുംബങ്ങളെ നിറയ്ക്കണമേ).

***ജപമാല ചൊല്ലുന്നതുപോലെ ഈ പ്രാർത്ഥന കൊന്ത ഉപയോഗിച്ചു ചൊല്ലാം.***

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ.
സ്വർഗീയ പിതാവേ.... 3 പ്രാവശ്യം
ഹല്ലേലുയ്യാ.... 3 പ്രാവശ്യം
ആബാ പിതാവേ..
അവിടത്തെ പരിശുദ്ധാ.... 10 പ്രാവശ്യം
സ്വർഗീയ പിതാവേ.... 1 പ്രാവശ്യം

**(ഇങ്ങനെ 5 പ്രാവശ്യം ചൊല്ലുക).**



# മാതാവിന്റെ രക്തക്കണ്ണുനീർ ജപമാല

(പ്രചരിപ്പിക്കുന്നവരിലും ചൊല്ലുന്നവരിലും നിന്ന് പിശാച് തോറ്റ് ഓടിമറയുന്നു)

ക്രൂശിതനായ എന്റെ ഈശോയെ, അങ്ങേ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണു കരുണാർദ്രമായ സ്നേഹത്തോടെ, കാൽവരിയിലേക്കുള്ള വേദന നിറഞ്ഞ യാത്രയിൽ അങ്ങേ അനുഗമിച്ച പരി. അമ്മയുടെ രക്തക്കണ്ണുനീരിനെ ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ലവനായ കർത്താവേ, പരി. അമ്മയുടെ രക്തം കലർന്ന കണ്ണുനീർത്തുള്ളികൾ തരുന്ന സന്ദേശം ശരിക്കു മനസിലാക്കുന്നതിനും, അങ്ങനെ ഞങ്ങൾ ഇഹത്തിൽ അങ്ങയുടെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് സ്വർഗത്തിൽ അമ്മയോടൊത്ത് നിത്യമായി അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നതിനും യോഗ്യരാകുന്നതിനുവേണ്ട അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. ആമ്മേൻ.

(ജപമാലയുടെ വലിയ മണികളിൽ)

ഓ! ഈശോയെ, ഈ ലോകത്തിൽ അങ്ങയെ അധികമായി സ്നേഹിക്കുകയും സ്വർഗത്തിൽ അങ്ങയെ ഏറ്റം ഗാഢമായി സ്നേഹിച്ച് അങ്ങയോടൊത്ത് വാഴുകയും ചെയ്യുന്ന പരി. അമ്മയുടെ രക്തക്കണ്ണുനീർ കണങ്ങളെ അങ്ങു കരുണയോടെ വീക്ഷിക്കണമേ. (1 പ്രാവശ്യം)

(ജപമാലയുടെ ചെറിയ മണികളിൽ)

സ്നേഹം നിറഞ്ഞ ഈശോയെ! അങ്ങയുടെ പരി. അമ്മ ചിന്തിയ രക്തക്കണ്ണുനീരിനെക്കുറിച്ച് ഞങ്ങളുടെ യാചനകൾ കേൾക്കണമേ. (7 പ്രാവശ്യം)

വീണ്ടും - ഓ ഈശോയെ.... (1 പ്രാവശ്യം)

സ്നേഹം നിറഞ്ഞ..... ( 7 പ്രാവശ്യം)

ഇങ്ങനെ 7 പ്രാവശ്യം ആവർത്തിക്കുക.

## ജപമാല സമർപ്പണ പ്രാർത്ഥന

ഓ! മറിയമേ, വ്യാകുലവും, കരുണയും, സ്നേഹവും നിറഞ്ഞ അമ്മേ ഞങ്ങളുടെ എളിയ യാചനകളെ അങ്ങയുടെ പ്രാർത്ഥന യോടു ചേർത്ത് അങ്ങയുടെ പ്രിയപുത്രന് കാഴ്ചവയ്ക്കണമേ. അങ്ങു ഞങ്ങൾക്കായി ചിന്തിയ രക്തക്കണ്ണുനീർക്കണങ്ങളെക്കു റിച്ച് ഈ...... (ആവശ്യം പറയുക) അങ്ങയുടെ പ്രിയ പുത്രനിൽ നിന്ന് ലഭിച്ചു തരണമെ. ഞങ്ങളെ എല്ലാവരെയും നിത്യ ഭാഗ്യ ത്തിൽ ചേർക്കുകയും ചെയ്യണമേ. ഓ! മറിയമേ! അങ്ങയുടെ രക്ത ക്കണ്ണീരാൽ പിശാചിന്റെ ഭരണത്തെ തകർക്കണമേയെന്നും ഞങ്ങളെപ്രതി ബന്ധിതമായ ഈശോയുടെ തൃക്കരങ്ങളാൽ സകല തിന്മകളിലും നിന്നും ലോകത്തെ കാത്തുരക്ഷിക്കണമേ യെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**വെളിപാടുകൾ വഴി കർത്താവ് സി. ഫൗസ്റ്റീനായ്ക്കു നൽകിയ ദൈവകാരുണ്യ ഭക്തിപ്രകടനത്തിനുള്ള അഞ്ച് ഉപാധികൾ**

1. കാരുണ്യവാനായ കർത്താവിന്റെ ചിത്രത്തെ വണങ്ങുക. 2. കരു ണയുടെ ജപമാല പ്രാർത്ഥിക്കുക. 3. ദൈവകാരുണ്യ തിരുനാൾ ആചരിക്കുക (ഈസ്റ്റർ കഴിഞ്ഞു വരുന്ന ആദ്യ ഞായർ). 4. തിരു നാളിന് ഒരുക്കമായി ദൈവകാരുണ്യ നൊവേന നടത്തുക. 5. കരു ണയുടെ മണിക്കൂറിൽ ധ്യാനിക്കുക (ഉച്ചകഴിഞ്ഞ് മൂന്ന് മണി).

## കരുണയുടെ മണിക്കൂർ അനുസ്മരണം

സിസ്റ്റർ ഫൗസ്റ്റീന രേഖപ്പെടുത്തിയിരിക്കുന്ന നമ്മുടെ കർത്താ വിന്റെ വചനങ്ങൾ: "മൂന്ന് മണിക്ക് പ്രത്യേകിച്ച് പാപികൾക്കായി എന്റെ കരുണയിൽ അഭയം തേടുക. ഒരു നിമിഷത്തേക്കേ ഉള്ളൂ എങ്കിലും എന്റെ പീഡാസഹനങ്ങളിലേക്ക് ആഴ്ന്നിറങ്ങുക. സ ഹനസമയത്ത് സർവ്വരാലും പരിത്യക്തമായ എന്റെ അവസ്ഥയിൽ പ്രത്യേകിച്ച് ചിന്താഗ്രസ്തരാവുക. ലോകം മുഴുവനിലും എന്റെ കരുണ ചൊരിയപ്പെടുന്ന മഹനീയ മണിക്കൂറാണിത്. മരണകര മായ എന്റെ ദുഃഖങ്ങളിൽ പങ്കുചേരുവാൻ ഞാൻ നിങ്ങളെ അനു വദിക്കും. എന്റെ സഹനത്തെപ്രതി സമർപ്പിക്കുന്ന ഏതപേക്ഷയും ഈ മണിക്കൂറിൽ ആ ആത്മാക്കൾക്ക് ഞാൻ നിരസിക്കുകയില്ല."

## മൂന്നു മണി പ്രാർത്ഥന

"ഈശോയുടെ ഹൃദയത്തിൽ നിന്നും ഞങ്ങൾക്ക് കാരുണ്യ സ്രോതസ്സായി ഒഴുകിയിറങ്ങിയ തിരുരക്തമേ, തിരുജലമേ, അങ്ങ യിൽ ഞാൻ ശരണപ്പെടുന്നു."



# ദൈവകാരുണ്യ നൊവേന

**നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും**

ദുഃഖവെള്ളിയാഴ്ച മുതൽ ഈസ്റ്റർ കഴിഞ്ഞുവരുന്ന ആദ്യ ഞായർവരെ ഈ നൊവേന നടത്തുക.

“ഈ ഒമ്പതു ദിവസങ്ങളിൽ എല്ലാ ആത്മാക്കളേയും എന്റെ കരുണയുടെ അരുവിയിലേക്ക് നീ നയിക്കണം. ഇതിൽ നിന്നും ജീവിത പരീക്ഷണഘട്ടങ്ങളിലും, പ്രത്യേകിച്ച് മരണ സമയത്തും അവർക്കാവശ്യമായിരിക്കുന്ന ശക്തിയും, ആശ്വാസവും, വേണ്ടുന്ന എല്ലാ അനുഗ്രഹങ്ങളും ആവോളം അവർ നേടിയെടുക്കട്ടെ. ഓരോ ദിവസവും ഓരോ തരത്തിലുള്ള ആത്മാക്കളെ നീ കൂട്ടിക്കൊണ്ടുവരികയും എന്റെ കരുണക്കടലിൽ മുക്കിയെടുക്കുകയും ചെയ്യുക.

ഈ അനുഗ്രഹ നൊവേനയിലൂടെ എന്തെല്ലാം ചോദിച്ചാലും ഞാൻ തരും എന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഈ നവനാൾ ദുഃഖവെള്ളിയാഴ്ച മുതൽ നടത്തുവാനാണ് ദിവ്യനാഥൻ കല്പിച്ചിട്ടുള്ളതെങ്കിലും, ആവശ്യാനുസരണം എപ്പോൾ വേണമെങ്കിലും ഇത് നടത്താവുന്നതാണെന്നും അവിടുന്ന് കല്പിച്ചിട്ടുണ്ട്. ആയതിനാൽ ഫലപ്രദമായ ഈ നൊവേന പാപികളുടെ മാനസാന്തരത്തിനായി കൂടെക്കൂടെ നടത്തുന്നത് ഉത്തമമായിരിക്കും. ഈ ദിവസങ്ങളിൽ കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നത് ഈശോയുടെ വാഗ്ദാനമനുസരിച്ച് അത്യുത്തമം.

(ഓരോ ദിവസത്തെ നൊവേന പ്രാർത്ഥനയോടൊപ്പം ഒരു കരുണയുടെ ജപമാലയും തുടർന്ന് ദൈവകാരുണ്യത്തിന്റെ ലുത്തിനിയായും ചൊല്ലേണ്ടതാണ്.)

## ഒന്നാം ദിനം

**(നിയോഗം: എല്ലാ പാപികളുടേയും മാനസാന്തരത്തിനായും അവരുടെമേൽ ദൈവത്തിന്റെ കരുണ നിറയുന്നതിനായും പ്രാർത്ഥിക്കുക.)**

നിത്യ പിതാവേ! ഏറ്റവും കരുണയുള്ള അങ്ങയുടെ ഹൃദയത്തിൽ എല്ലാ പാപികളേയും നിത്യമായി അങ്ങേ അനന്ത കരുണയിൽ സ്വീകരിക്കണമേ. ഏറ്റവും കരുണയുള്ള ഈശോയേ! ഞങ്ങളോട് ക്ഷമിക്കണമേ. ഞങ്ങളുടെ പാപങ്ങളെ നോക്കരുതേ. അനന്ത നന്മയായ അങ്ങിൽ ഞങ്ങൾ ശരണപ്പെടുന്നു. അങ്ങയുടെ ഏറ്റവും കരുണയുള്ള ഹൃദയത്തിൽ ഞങ്ങളെ സ്വീകരിക്കണമേ. അങ്ങിൽ നിന്ന് ഒരിക്കലും വിട്ടുനിൽക്കാൻ ഇടയാക്കല്ലേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും നിന്നെ ഒന്നിപ്പിക്കുന്ന സ്നേഹം ഞങ്ങൾ യാചിക്കുന്നു. കർത്താവീശോമിശിഹായുടെ കാരുണ്യത്തിന്റെ സർവ്വശക്തിയെ എപ്പോഴും എന്നേക്കും പുകഴ്ത്തട്ടെ. ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.
കരുണയുടെ ജപമാല.....
ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## രണ്ടാം ദിനം

**(നിയോഗം: വൈദികരും സന്യസ്തരും കൂടുതൽ വിശുദ്ധീകരിക്കപ്പെടാനും അങ്ങനെ ദൈവത്തിന്റെ കരുണ അവരിലൂടെ മനുഷ്യസമൂഹത്തിനു മുഴുവൻ ലഭ്യമാകുവാനും വേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയേ! എല്ലാ നന്മകളുടെയും ഉറവിടമേ! അങ്ങയുടെ പ്രസാദവരങ്ങൾ ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. കരുണയുടെ പ്രവൃത്തികൾ ചെയ്യുവാനും അതുവഴി ഞങ്ങളെ കാണുന്നവരെല്ലാം കരുണയുടെ പിതാവിനെ പുകഴ്ത്തുവാനും ഇടവരട്ടെ.

നിത്യനായ പിതാവേ! കരുണാർദ്രമായ അങ്ങയുടെ കണ്ണുകൾ അങ്ങയുടെ മുന്തിരിത്തോപ്പിലെ തെരഞ്ഞെടുക്കപ്പെട്ട വേലക്കാരായ സന്യസ്തരുടെയും വൈദികരുടെയും നേർക്ക് തിരിക്കണമേ. അങ്ങയുടെ അനുഗ്രഹങ്ങൾകൊണ്ട് അവരെ ആഭരണമണിയിക്കണമേ. അങ്ങയുടെ തിരുക്കുമാരന്റെ തിരുഹൃദയത്തോടുള്ള സ്നേഹത്താൽ മുദ്രയിടപ്പെട്ടിരിക്കുന്ന അവർക്ക് അങ്ങയുടെ ശക്തിയും പ്രകാശവും പ്രദാനം ചെയ്യണമേ. അങ്ങനെ അവർ മറ്റുള്ളവരേയും രക്ഷയുടെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനും

ഏകസ്വരത്തിൽ അങ്ങയുടെ അളവില്ലാത്ത കരുണയെ പാടിപുകഴ്ത്തുന്നതിനും ഇടയാകട്ടെ. ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## മൂന്നാം ദിനം

**(നിയോഗം: ഭക്തിയും തീക്ഷ്ണതയും വിശ്വസ്തതയുമുള്ള ദൈവവിശ്വാസികൾക്ക് ദൈവത്തിന്റെ കരുണ സമൃദ്ധമായി ലഭിക്കുന്നതിനും ആത്മീയശക്തി ജ്വലിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ, അങ്ങയുടെ കരുണയുടെ നിക്ഷേപത്തിൽ നിന്നും ഞങ്ങൾക്കെല്ലാവർക്കും സമൃദ്ധമായ അളവിൽ പ്രസാദവരങ്ങൾ വർഷിക്കണമേ. സഹതാപ നിർഭരമായ അങ്ങയുടെ ഹൃദയത്തിൽ ഞങ്ങൾക്ക് അഭയം നൽകണമേ. അവിടെ നിന്ന് അകന്നു പോകുവാൻ ഞങ്ങളെ അനുവദിക്കരുതേ. സ്വർഗസ്ഥനായ പിതാവിനോടുള്ള സ്നേഹത്താൽ അതിതീഷ്ണമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ ഹൃദയത്തെപ്രതി ഈ അനുഗ്രഹം ഞങ്ങൾ അങ്ങയോട് യാചിക്കുന്നു.

നിത്യനായ പിതാവേ, വിശ്വാസികളുടെ ആത്മാക്കളുടെ മേൽ കരുണാർദ്രമായ അങ്ങയുടെ നോട്ടം പതിക്കണമേ. അവർ അങ്ങയുടെ പുത്രന്റെ അനന്തരാവകാശികളാണല്ലോ. അങ്ങേ പുത്രന്റെ കഠിന പീഡകളെപ്രതി അങ്ങയുടെ അനുഗ്രഹങ്ങൾ അവരിൽ ചൊരിയണമേ. അങ്ങയുടെ നിരന്തരമായ സംരക്ഷണം അവരോടുകൂടെ ഉണ്ടായിരിക്കണമേ. അങ്ങനെ അവർ അങ്ങയോടുള്ള സ്നേഹത്തിൽ പരാജയപ്പെടാതിരിക്കട്ടെ. അങ്ങയിലുള്ള പരിശുദ്ധമായ വിശ്വാസത്താൽ അവർ ഉറച്ചുനിൽക്കട്ടെ. സ്വർഗത്തിലുള്ള എല്ലാ മാലാഖമാരോടും വിശുദ്ധന്മാരോടുമൊപ്പം അങ്ങയുടെ അളവില്ലാത്ത കരുണയെ മഹത്ത്വപ്പെടുത്തുന്നതിന് അവർക്കിടയാകട്ടെ. എപ്പോഴും എന്നേക്കും. ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## നാലാം ദിനം

**(നിയോഗം: അവിശ്വാസികളും യേശുവിനെ അറിയാത്തവരും ദൈവത്തിന്റെ കരുണയിൽ നിറയപ്പെട്ട് ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും സഹതാപാർദ്രനായ എന്റെ ഈശോയെ! അങ്ങാ

കുന്നു ലോകം മുഴുവന്റെയും വെളിച്ചം. ദയാ നിർഭരമായ അങ്ങയുടെ ഹൃദയത്തിൽ അവിശ്വാസികളുടേയും അങ്ങേ അറിയാത്തവരുടേയും ആത്മാക്കളെ സ്വീകരിക്കണമേ. അങ്ങയുടെ കൃപാകിരണങ്ങൾ അവരെ പ്രകാശിപ്പിക്കുകയും അങ്ങനെ മഹനീയമായ അങ്ങയുടെ കരുണയെ അവർ വാഴ്ത്തുവാനിടയാവുകയും ചെയ്യട്ടെ. കരുണാസമ്പന്നമായ അങ്ങയുടെ ഹൃദയത്തിൽ നിന്ന് അകന്നുപോകാൻ അവരെ അനുവദിക്കരുതേ.

നിത്യനായ പിതാവേ! അങ്ങയിൽ വിശ്വസിക്കാത്തവരും അങ്ങയെ അറിയാത്തവരും ആണെങ്കിലും ഈശോയുടെ ദയനിറഞ്ഞ ഹൃദയത്തിൽ സ്ഥാനം ലഭിച്ചിരിക്കുന്ന ആത്മാക്കളുടെ മേൽ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാകണമേ. സുവിശേഷ വെളിച്ചത്തിലേക്ക് അവരെ ആനയിക്കണമേ. അങ്ങയെ സ്നേഹിക്കുക എത്ര ആനന്ദപ്രദമായ അനുഭവമാണെന്ന് ഈ ആത്മാക്കൾ അറിയുന്നില്ല. അങ്ങയുടെ കരുണയുടെ സമൃദ്ധിയെ പുകഴ്ത്തുവാൻ ഇവർക്കും വരമേകണമേ. എപ്പോഴും എന്നേക്കും ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## അഞ്ചാം ദിനം

**(നിയോഗം: സത്യസഭയിൽനിന്ന് വേർപിരിഞ്ഞുപോയ സഹോദരങ്ങൾ തിരിച്ചുവരുന്നതിനും ദൈവത്തിന്റെ കരുണയിൽ നിറയപ്പെട്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനും വേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ! നന്മയുടെ ഉറവിടമേ അങ്ങയുടെ പ്രകാശം അന്വേഷിക്കുന്നവരെ അവിടുന്ന് നിരസിക്കുകയില്ലല്ലോ. സത്യസഭയിൽ നിന്ന് വേർപിരിഞ്ഞുപോയ സഹോദരങ്ങളുടെ ആത്മാക്കളെ അങ്ങയുടെ ദയാപൂർണ്ണമായ ഹൃദയത്തിൽ സ്വീകരിക്കണമേ. അങ്ങയുടെ പ്രകാശം നല്കി സഭയുടെ ഐക്യത്തിലേക്ക് അവരെ ആനയിക്കണമേ. സഹതാപ സമ്പൂർണ്ണമായ അങ്ങയുടെ ഹൃദയത്തിൽ നിന്ന് അകന്നുപോകുവാൻ അവരെ അനുവദിക്കരുതേ. പകരം അവർക്കവിടെ സ്ഥാനം നൽകി അങ്ങയുടെ കൃപാസമൃദ്ധിയെ പുകഴ്ത്തുവാനിടയാകട്ടെ.

നിത്യനായ പിതാവേ! വിശ്വാസത്തിൽ നിന്ന് വേർപിരിഞ്ഞുപോയ സഹോദരങ്ങളുടെമേൽ പ്രത്യേകിച്ച് അങ്ങയുടെ പ്രസാദവരങ്ങളെ നിരസിച്ച് മനഃപൂർവ്വം തെറ്റിൽ നിലനിൽക്കുന്നവരുടെമേൽ അങ്ങയുടെ ദയാദൃഷ്ടി തിരിക്കണമേ. അവരുടെ തെറ്റു

കളെ അങ്ങ് പരിഗണിക്കരുതേ. അങ്ങയുടെ പുത്രന് അവരോടുള്ള സ്നേഹവും അവർക്കുവേണ്ടി ഏറ്റ സഹനവും അവർക്കു ഈശോയുടെ ദയാസമൃദ്ധമായ ഹൃദയത്തിലുള്ള സ്ഥാനവും അങ്ങു പരിഗണിക്കണമേ. അങ്ങയുടെ മഹനീയമായ മഹിമയെ പാടിപുകഴ്ത്തുവാൻ അവരേയും അങ്ങേ സവിധത്തിലേക്ക് അടുപ്പിക്കണമേ. എപ്പോഴും എന്നേക്കും ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## ആറാം ദിനം

**(നിയോഗം: എളിമയും ശാന്തതയും ഉള്ളവരുടെയും കൊച്ചുകുട്ടികളുടെയും ആത്മാക്കൾക്കായും അവരുടെമേൽ ദൈവത്തിന്റെ പ്രസാദവരങ്ങളും സർവ്വസമ്പത്തും വർഷിക്കപ്പെടുന്നതിനായും പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ! "ഞാൻ ശാന്തശീലനും വിനീതനുമാകയാൽ എന്നിൽ നിന്ന് പഠിക്കുവിൻ" എന്ന് അങ്ങ് തന്നെ അരുളിചെയ്തിട്ടുണ്ടല്ലോ. വിനീത ഹൃദയരുടെയും ശിശുക്കളുടെയും ആത്മാക്കളെ അങ്ങയുടെ കരുണാനിർഭരമായ ഹൃദയത്തിൽ സ്വീകരിക്കണമേ. സ്വർഗസ്ഥനായ പിതാവിന്റെ പ്രിയപ്പെട്ടവരും, സ്വർഗത്തെ മുഴുവൻ ആനന്ദിപ്പിക്കുന്നവരും ഈ ആത്മാക്കളാണ്. ദൈവസിംഹാസനത്തിന് മുമ്പാകെ പരിമളം പരത്തുന്ന പൂച്ചെണ്ടുകളാണിവർ. അവരുടെ വിശുദ്ധിയുടെ പരിമളത്താൽ ദൈവം തന്നെ സന്തോഷിക്കുന്നു. ഈശോയുടെ കനിവുനിറഞ്ഞ ഹൃദയം ഈ ആത്മാക്കൾക്കൊരു നിത്യഗേഹമാണല്ലോ. സ്നേഹത്തിന്റെയും കരുണയുടെയും മധുരഗാനം അവർ എപ്പോഴും പാടികൊണ്ടിരിക്കുകയും ചെയ്യട്ടെ.

നിത്യനായ പിതാവേ! കനിവിന്നുറവയായ ഈശോയുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന കൊച്ചുകുട്ടികളുടെ ശാന്തതയും എളിമയുമുള്ള ആത്മാക്കളുടെമേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. അങ്ങേ പുത്രന്റെ ഏറ്റവും അടുത്ത പ്രതിഛായകളാണവർ. ഭൂമിയിൽ നിന്നുയരുന്ന അവരുടെ സുഗന്ധം സ്വർഗത്തിൽ അങ്ങയുടെ സിംഹാസനം വരെ എത്തുന്നു. കരുണയുടെ പിതാവേ! സർവ്വ നന്മകളുടെയും ഉറവിടമേ, ഈ ആത്മാക്കളോടുള്ള അങ്ങയുടെ സ്നേഹത്തെ പ്രതിയും അങ്ങേക്കിവരിലുള്ള പ്രസാദത്തെ പ്രതിയും ഞാൻ യാചിക്കുന്നു. ലോകം മുഴുവനെയും അങ്ങ് അനുഗ്രഹിക്കണമെ. അങ്ങനെ എല്ലാ ആത്മാക്കളുമൊ

ന്നിച്ച് അങ്ങയുടെ കരുണയുടെ സ്തുതികൾ പാടിപുകഴ്ത്തുവാൻ ഇടവരട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## ഏഴാം ദിനം

**(നിയോഗം: ദൈവത്തിന്റെ കരുണയെ മഹത്ത്വപ്പെടുത്തുകയും വാഴ്ത്തുകയും ചെയ്യുന്ന ദിവ്യകാരുണ്യ ഭക്തർക്കായും ഈശോയുടെ ചൈതന്യം ആഴത്തിൽ ഗ്രഹിച്ച് സ്വന്തമാക്കി നിത്യജീവനിൽ മഹിമയോടെ പ്രവേശിക്കുന്നതിനായും പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ! അങ്ങയുടെ ഹൃദയം സ്നേഹം തന്നെയാണല്ലോ. അങ്ങയുടെ കരുണയുടെ ആഴത്തെ പുകഴ്ത്തുന്നവരുടെ ആത്മാക്കൾക്ക് അങ്ങയുടെ ഹൃദയത്തിൽ അഭയം നൽകണമേ. ദൈവത്തിന്റെ തന്നെ ശക്തി സ്വീകരിച്ച് ശ്രേഷ്ഠത നിറഞ്ഞവരാണീ ആത്മാക്കൾ. ദുഃഖങ്ങളുടെ നടുവിലും അങ്ങയുടെ കാരുണ്യത്തിൽ ആശ്രയിച്ച് അവർ മുന്നോട്ട് പോകുന്നു. ഈശോയുമായി ഐക്യപ്പെട്ടിരിക്കുന്ന ഈ ആത്മാക്കൾ, മാനവലോകത്തെ മുഴുവൻ തങ്ങളുടെ മാദ്ധ്യസ്ഥം വഴിയായി തോളുകളിൽ സംവഹിക്കുന്നു. ഈ ആത്മാക്കൾ കഠിനമായി വിധിക്കപ്പെടുകയില്ലല്ലോ. ഈ ജീവിതത്തിൽ നിന്നു പിരിയുമ്പോൾ അങ്ങയുടെ കരുണ അവരെ ആലിംഗനം ചെയ്ത് സ്വീകരിക്കുമല്ലോ.

നിത്യനായ പിതാവേ! ഈശോയുടെ കരുണയുള്ള ഹൃദയത്തിലെ അംഗങ്ങളിൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. ജീവിക്കുന്ന സുവിശേഷങ്ങളാണീ ആത്മാക്കൾ. കരുണയുടെ പ്രവൃത്തികളാൽ അവരുടെ ഹൃദയം നിറഞ്ഞിരിക്കുന്നു. സന്തോഷത്താൽ നിറഞ്ഞുതുളുമ്പുന്ന അവരുടെ ഹൃദയം അത്യുന്നതന്റെ കാരുണ്യ സ്തോത്രം ആലപിക്കുന്നു. അങ്ങയിൽ അവർ സമർപ്പിച്ചിരിക്കുന്ന പ്രതീക്ഷക്കും ശരണത്തിനും അനുസൃതമായി അവരോട് കരുണ കാണിക്കണമേയെന്ന് ഞാനങ്ങയോട് യാചിക്കുന്നു. അങ്ങയുടെ അളവില്ലാത്ത കരുണയെ പുകഴ്ത്തുന്നവരെ ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്തും സംരക്ഷിക്കുമെന്ന വാഗ്ദാനം അവരിൽ പൂർത്തിയാകട്ടെ. എപ്പോഴും എന്നേക്കും. ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## എട്ടാം ദിനം

**(നിയോഗം: ഈശോ വളരെയധികം സ്നേഹിക്കുന്ന ശുദ്ധീകരണാത്മാക്കളുടെ നീറുന്ന മനസ്സുകൾ അവിടുത്തെ തിരുരക്തംകൊണ്ട് ആശ്വസിപ്പിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ! കരുണയാണ് അങ്ങ് ആഗ്രഹിക്കുന്നത് എന്നരുളി ചെയ്തിട്ടുണ്ടല്ലോ. ശുദ്ധീകരണ സ്ഥലത്തുള്ള എല്ലാ ആത്മാക്കളെയും അങ്ങയുടെ സഹതാപാർദ്രമായ ഹൃദയത്തിൽ ഞാൻ സമർപ്പിക്കുന്നു. അങ്ങേക്ക് വളരെ പ്രിയപ്പെട്ടവരെങ്കിലും അങ്ങയുടെ നീതി പൂർത്തിയാക്കേണ്ടവരാണിവർ. അങ്ങയുടെ ഹൃദയത്തിൽ നിന്ന് പുറപ്പെട്ട രക്തവും ജലവും അഗ്നിജ്വാലകളെ ശമിപ്പിക്കട്ടെ. അങ്ങനെ അങ്ങയുടെ കരുണയുടെ ശക്തി അവിടെയും പുകഴ്ത്തപ്പെടട്ടെ.

നിത്യനായ പിതാവേ! ഈശോയുടെ ദയനിറഞ്ഞ ഹൃദയത്തിൽ സ്ഥാനമുള്ള ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളുടെമേൽ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാകണമെ. ഈശോ സഹിച്ച കയ്പു നിറഞ്ഞ ക്ലേശങ്ങളെയും ആത്മാവിൽ നിറഞ്ഞ എല്ലാ സഹനങ്ങളെയും പ്രതി ഞാൻ അങ്ങയോട് യാചിക്കുന്നു. നീതി വിധിക്കു വിധേയരായിരിക്കുന്ന ആത്മാക്കളുടെ മേൽ അങ്ങയുടെ കാരുണ്യം വർഷിക്കണമേ. അങ്ങയുടെ പ്രിയപുത്രനായ ഈശോയുടെ തിരുമുറിവുകളിലൂടെ മാത്രം അങ്ങവരെ നോക്കണമേ. അങ്ങയുടെ ദയയ്ക്കും നന്മയ്ക്കും അതിരുകളില്ലെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## ഒൻപതാം ദിനം

**(നിയോഗം: മന്ദത ബാധിച്ച ആത്മാക്കളുടെ രക്ഷക്കായും അവർ ഈശോയുടെ കരുണയിൽ നിറയപ്പെട്ട് ആത്മാവിന്റെ വരദാനഫലങ്ങളാൽ പൂരിതരാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണാർദ്രനായ ഈശോയെ! അങ്ങു കാരുണ്യം തന്നെയാകുന്നു. അങ്ങയുടെ കനിവുനിറഞ്ഞ ഹൃദയത്തിലേക്ക് മന്ദത ബാധിച്ച ആത്മാക്കളെ ഞാൻ കൊണ്ടുവരുന്നു. ജീവനറ്റ ശരീരങ്ങളെപ്പോലെ ആറിത്തണുത്ത ഈ ആത്മാക്കളെ അങ്ങയുടെ സ്നേഹാഗ്നി ജ്വാലയാൽ ഒരിക്കൽക്കൂടി എരിയിക്കണമേ. ഏറ്റവും കാരുണ്യമുള്ള ഈശോയെ അങ്ങയുടെ കാരുണ്യത്തിന്റെ മഹനീയ ശക്തി ഇവരിൽ പ്രവർത്തിപ്പിക്കണമേ. അങ്ങയുടെ

സ്നേഹ തീക്ഷ്ണതയിലേക്ക് ഇവരെ ആനയിക്കണമേ. പരിശുദ്ധമായ സ്നേഹത്തിന്റെ ദാനം അവരിൽ ചൊരിയണമേ. എന്തെന്നാൽ യാതൊന്നും അങ്ങയുടെ ശക്തിക്ക് അതീതമല്ലല്ലോ.

നിത്യനായ പിതാവേ! ഏറ്റവും ദയയുള്ള ഈശോയുടെ തിരുഹൃദയത്തിൽ സ്ഥാനമുള്ള മന്ദത ബാധിച്ച ഈ ആത്മാക്കളുടെ മേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. കാരുണ്യത്തിന്റെ പിതാവേ! അങ്ങേ പുത്രന്റെ കയ്പ്പേറിയ പീഡകളെപ്രതിയും കുരിശിലെ മൂന്നു മണിക്കൂർ സമയത്തെ സഹനത്തെപ്രതിയും ഞാന ങ്ങയോട് യാചിക്കുന്നു. അവരും അങ്ങയുടെ അഗാധ കാരുണ്യത്തെ മഹത്ത്വപ്പെടുത്തുവാനിടയാകട്ടെ ആമ്മേൻ.

1 സ്വ. 1 ന. 1 ത്രി.

കരുണയുടെ ജപമാല.....

ദൈവകാരുണ്യത്തിന്റെ ലുത്തിനിയാ....

## ദൈവകാരുണ്യത്തിന്റെ ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ.
മിശിഹായേ അനുഗ്രഹിക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

സ്വർഗസ്ഥപിതാവായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
പുത്രനായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സ്രഷ്ടാവിന്റെ ഏറ്റവും വലിയ വിശേഷണമായ ദൈവകാരുണ്യമേ,
പരിശുദ്ധാത്മാവിന്റെ അളവില്ലാത്ത സ്നേഹമായ ദൈവകാരുണ്യമേ,
പരിശുദ്ധത്രിത്വത്തിന്റെ അഗ്രാഹ്യരഹസ്യമായ ദൈവകാരുണ്യമേ,
അത്യുന്നതന്റെ സർവ്വശക്തിയുടെ പ്രകടമായ ദൈവകാരുണ്യമേ,
അമാനുഷ സൃഷ്ടികളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവകാരുണ്യമേ,
ഇല്ലായ്മയിൽ നിന്ന് ഞങ്ങളെ വിളിച്ച ദൈവകാരുണ്യമേ,
പ്രപഞ്ചത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ദൈവകാരുണ്യമേ,
ഞങ്ങളിൽ അമർത്യത വിതയ്ക്കുന്ന ദൈവകാരുണ്യമേ,
അർഹിക്കുന്ന ശിക്ഷയിൽ നിന്ന് ഞങ്ങളെ സംരക്ഷിക്കുന്ന ദൈവകാരുണ്യമേ,
പാപത്തിന്റെ ദുരിതത്തിൽ നിന്ന് ഞങ്ങളെ ഉയർത്തുന്ന ദൈവകാരുണ്യമേ,

ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു

സൃഷ്ടലോകത്തിൽ ഞങ്ങളുടെ നീതീകരണമായ ദൈവകാരുണ്യമേ,
യേശുവിന്റെ മുറിവുകളിൽ നിന്ന് ഒഴുകുന്ന ദൈവകാരുണ്യമേ,
യേശുവിന്റെ പരിശുദ്ധഹൃദയത്തിൽ നിന്നും പുറപ്പെടുന്ന ദൈവകാരുണ്യമേ,
കരുണയുടെ മാതാവായ കന്യകാമറിയത്തെ ഞങ്ങൾക്കു തന്ന ദൈവകാരുണ്യമേ,
ദൈവരഹസ്യങ്ങളുടെ വെളിപ്പെടുത്തലിൽ പ്രകാശിതമായിരിക്കുന്ന ദൈവകാരുണ്യമേ,
സാർവത്രികസഭയുടെ സ്ഥാപനത്തിൽ പ്രകടമായിരിക്കുന്ന ദൈവകാരുണ്യമേ,
പരിശുദ്ധകൂദാശകളിൽ അടങ്ങിയിരിക്കുന്ന ദൈവകാരുണ്യമേ,
മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി നൽകിയ ജ്ഞാനസ്നാനത്തിന്റെയും
കുമ്പസാരത്തിന്റെയും കൂദാശകളിൽ അടങ്ങിയിരിക്കുന്നദൈവകാരുണ്യമേ,
വിശുദ്ധ കുർബ്ബാനയിലും പൗരോഹിത്യത്തിലും പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന
ദൈവകാരുണ്യമേ,
ക്രിസ്തീയവിശ്വാസത്തിലേക്ക് ഞങ്ങളെ ക്ഷണിച്ച ദൈവകാരുണ്യമേ,
നീതിമാന്മാരുടെ വിശുദ്ധീകരണത്തിന് പ്രകടിതമായിരിക്കുന്ന ദൈവകാരുണ്യമേ,
വിശുദ്ധരെ പൂർണ്ണതയിലെത്തിക്കുവാൻ സഹായിക്കുന്ന ദൈവകാരുണ്യമേ,
രോഗികളുടെയും സഹിക്കുന്നവരുടെയും ആരോഗ്യപാത്രമായ ദൈവകാരുണ്യമേ,
വേദനിക്കുന്നവരുടെ ആശ്വാസമായ ദൈവകാരുണ്യമേ,
നിരാശയിൽ വേദനിക്കുന്ന ആത്മാക്കളുടെ പ്രതീക്ഷയായ ദൈവകാരുണ്യമേ,
എല്ലാവരെയും എപ്പോഴും എവിടെയും അനുഗമിക്കുന്ന ദൈവകാരുണ്യമേ,
പ്രസാദവരങ്ങളാൽ മുന്നാസ്വാദനം നൽകുന്ന ദൈവകാരുണ്യമേ,
മരിക്കുന്നവരുടെ ആശ്വാസമാകുന്ന ദൈവകാരുണ്യമേ,
ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളുടെ ആശ്വാസമായ ദൈവകാരുണ്യമേ,
അനുഗ്രഹീതരുടെ സ്വർഗ്ഗീയ ആനന്ദമായ ദൈവകാരുണ്യമേ,
എല്ലാ വിശുദ്ധരുടെയും കിരീടമായ ദൈവകാരുണ്യമേ,
അത്ഭുതങ്ങളുടെ വറ്റാത്ത ഉറവയായ ദൈവകാരുണ്യമേ,



കുരിശിൽ മരിച്ച് ഞങ്ങളുടെ മേൽ വലിയ കരുണ കാണിച്ച ദൈവത്തിന്റെ കുഞ്ഞാടേ,

*കർത്താവേ ഞങ്ങളെ ദയാപൂർവ്വം ശ്രവിക്കണമേ.*

എല്ലാ വിശുദ്ധ ബലികളിലും ഞങ്ങൾക്കുവേണ്ടി കരുണാപൂർവ്വം സ്വയം സമർപ്പിച്ചു കൊണ്ടിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,

*കർത്താവേ ഞങ്ങളെ ദയാപൂർവ്വം ശ്രവിക്കണമേ.*

അളവില്ലാത്ത അങ്ങയുടെ കരുണയിൽ ലോകപാപങ്ങളെല്ലാം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,

*കർത്താവേ ഞങ്ങളെ ദയാപൂർവ്വം ശ്രവിക്കണമേ.*

കർത്താവേ കനിയണമേ.
മിശിഹായേ കനിയണമേ.
കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.
കർത്താവിന്റെ എല്ലാ സൃഷ്ടികളിലും അവിടുത്തെ
മൃദുവായ കരുണ പരന്നിരിക്കുന്നു.
കർത്താവിന്റെ കരുണയെ ഞാനെന്നും പാടിപ്പുകഴ്ത്തും.

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, അങ്ങയുടെ കരുണ അനന്തവും, അങ്ങയുടെ ദയ വറ്റാത്തതുമാകുന്നുവല്ലോ. ദയാപൂർവ്വം ഞങ്ങളെ കടാക്ഷിക്കണമേ. ഞങ്ങളുടെമേൽ അങ്ങയുടെ കരുണ വർദ്ധിപ്പിക്കണമേ. അങ്ങനെ ഞങ്ങളുടെ വലിയ പരീക്ഷകളിൽ മനംമടുക്കാതെ അങ്ങയുടെ തിരുമനസ്സു തന്നെയായ കാരുണ്യത്തിന് വിധേയരാകട്ടെ. കാരുണ്യത്തിന്റെ രാജാവും അങ്ങയോടും പരിശുദ്ധാത്മാവോടും കൂടെ വസിക്കുന്നവനുമായ ഞങ്ങളുടെ കർത്താവായ യേശു ഞങ്ങൾക്ക് കാരുണ്യം പകർന്നുതരട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

## സകല വിശുദ്ധരുടെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, അനുഗ്രഹിക്കണമേ.
കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന
കേൾക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന
കൈക്കൊള്ളണമേ.

സ്വർഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

ദൈവത്തിന്റെ പരിശുദ്ധ ജനനീ,
കന്യകകൾക്കു മകുടമായ നിർമ്മലകന്യകേ,
വിശുദ്ധ യൗസേപ്പേ,
വിശുദ്ധ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ
മാലാഖമാരേ,

ഞങ്ങളുടെ  കാവൽ മാലാഖമാരേ,
നവവൃന്ദങ്ങളായ സകല മാലാഖമാരേ,
വിശുദ്ധ സ്നാപക യോഹന്നാനേ,
വിശുദ്ധ പത്രോസേ, പൗലോസേ,
വിശുദ്ധ അന്ത്രയോസേ, യാക്കോബേ,
വിശുദ്ധ യോഹന്നാനേ, തോമ്മായേ,
വിശുദ്ധ ചെറിയ യാക്കോബേ, പീലിപ്പോസേ,
വിശുദ്ധ ബർത്തലുമ്മായേ, മത്തായിയേ,
വിശുദ്ധ മർക്കോസേ, ലെംബൈയേ,
വിശുദ്ധ ലൂക്കായേ, ബർണ്ണവായേ,
വിശുദ്ധ ശെമയോനേ, യൂദായേ,
വിശുദ്ധ മത്തിയാസേ, ജറോമേ,
വിശുദ്ധ എസ്തപ്പാനോസേ, സെബസ്ത്യാനോസേ,
വിശുദ്ധ വിൻസെന്റെ, ഗീവറുഗീസേ,
വിശുദ്ധ ഗർവ്വാസീസേ, പ്രോത്താസീസേ,
വിശുദ്ധ ഫ്രാൻസീസ് സേവ്യറേ, സാലസേ,
വിശുദ്ധ ഡോൺബോസ്കോയേ,
ഡൊമിനിക് സാവിയോയേ,
വിശുദ്ധ അക്വീനോസേ, ആഗസ്തീനോസേ,
വിശുദ്ധ അൽഫോൻസ്ലിഗോരിയേ, അപ്രേമേ,
വിശുദ്ധ അംബ്രോസേ, ഗ്രീഗോരിയോസേ,
വിശുദ്ധ ബർണ്ണദോസേ, ഡൊമിനിക്കോസേ,
വിശുദ്ധ ഫ്രാൻസിസ്ക്കോസേ, ഗൊൺസാലോസേ,
വിശുദ്ധ അമ്മ ത്രേസ്യായേ, കൊച്ചുത്രേസ്യായേ,
വിശുദ്ധ മറിയം മഗ്ദനലനായേ, തെക്ലായേ,
വിശുദ്ധ റോസായേ, മരിയഗൊരേത്തിയേ,
വിശുദ്ധ അഗസ്സായേ, ആഗ്നസ്സേ,
വിശുദ്ധ ക്ലാരയേ, കത്രീനായേ,
വിശുദ്ധ സിസിലിയായേ, അനസ്താസ്സിയായേ,
വിശുദ്ധ ഏലീശ്വായേ, അന്നാമ്മേ
വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയായേ,
വാഴ്ത്തപ്പെട്ട അൽഫോൻസായേ,
വാഴ്ത്തപ്പെട്ട ആഗ്നലെ, ഡാമിയനേ,
കന്യകകളും വിധവകളുമായ സകല പുണ്യവതികളേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

കർത്താവിന്റെ ദാസരായിരിക്കുന്ന സ്ത്രീപുരുഷന്മാരായ സകല വിശുദ്ധരേ,

മുഖ്യപിതാക്കളും ദീർഘദർശികളുമായ സകല വിശുദ്ധരേ,

ഞങ്ങളുടെ കർത്താവിന്റെ ശിഷ്യരായ സകല വിശുദ്ധരേ,

കറയില്ലാത്ത സകല വിശുദ്ധ കുഞ്ഞുപൈതങ്ങളേ,

വേദസാക്ഷികളായ സകല വിശുദ്ധരേ,

മെത്രാന്മാരും വന്ദകരുമായ സകല വിശുദ്ധരേ,

വേദശാസ്ത്രികളായ സകല വിശുദ്ധരേ,

ഗുരുക്കന്മാരും ആചാര്യന്മാരുമായ സകലവിശുദ്ധരേ,
സന്ന്യാസിനികളും തപോധനന്മാരുമായ സകല വിശുദ്ധരേ,

ദയാപരനായിരിക്കുന്ന കർത്താവേ;
ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കണമേ.

ദയാപരനായിരിക്കുന്ന കർത്താവേ;
ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കണമേ.

ദയാപരനായിരിക്കുന്ന കർത്താവേ;
ഞങ്ങളെ നീ അനുഗ്രഹിക്കണമേ.

# മരണസമയത്ത് പ്രാർത്ഥനകൾ

## നന്മരണത്തിനുവേണ്ടിയുള്ള ജപം

ക്രൂശിതനായ ഈശോ, മരണം എന്നെ സമീപിക്കുകയും എന്റെ പഞ്ചേന്ദ്രിയങ്ങൾ ബലഹീനങ്ങളാകുകയും ചെയ്യുമ്പോൾ അങ്ങയുടെ സഹായം ലഭിക്കുന്നതിനുവേണ്ടി ഇപ്പോൾ ഞാൻ നടത്തുന്ന ഈ പ്രാർത്ഥന കാരുണ്യപൂർവ്വം സ്വീകരിക്കണമേ.

ഏറ്റം മാധുര്യവാനായ ഈശോ, ഞാൻ തീർത്തും ക്ഷീണിതനായി, കൺപോളകൾ ഉയർത്തി അങ്ങയെ നോക്കുവാൻ ശക്തിയില്ലാത്തവനായി (ശക്തിയില്ലാത്തവളായി) ശയിക്കുമ്പോൾ എന്റെമേൽ കൃപ തോന്നണമേ. ഇപ്പോഴത്തെ എന്റെ സ്നേഹപൂർണ്ണമായ ഈ വീക്ഷണത്തെ അനുസ്മരിച്ച് എന്റെമേൽ കൃപയുണ്ടാകണമേ.

ഉണങ്ങിയ എന്റെ ചുണ്ടുകൾക്ക് അങ്ങയുടെ തിരുമുറിവുകളെ ചുംബിക്കുവാൻ കഴിവില്ലാതാകുമ്പോൾ, ഇപ്പോൾ ഞാൻ അങ്ങേക്കു നല്കുന്ന സ്നേഹചുംബനങ്ങളെ പുരസ്കരിച്ച് എന്റെമേൽ കൃപയുണ്ടാകണമേ.

അങ്ങയുടെ ക്രൂശിതരൂപമെടുത്ത് ആശ്ലേഷിക്കുവാൻ എന്റെ തണുത്തുതുടങ്ങിയ കരങ്ങൾക്കു കരുത്തില്ലാതാകുമ്പോൾ, ഇപ്പോൾ ക്രൂശിതരൂപത്തെ ആശ്ലേഷിച്ചുകൊണ്ട് അങ്ങയോടു പ്രദർശിപ്പിക്കുന്ന ആഴമായ സ്നേഹം ഓർത്ത് എന്റെമേൽ കാരുണ്യം ഉണ്ടാകണമേ.

മരവിച്ചു വരണ്ടുപോയ എന്റെ നാവ് സംസാരശക്തി നഷ്ട പ്പെടുന്ന മരണവേളയിൽ, ഇപ്പോൾ ഞാൻ അർപ്പിക്കുന്ന യാചന കൾ അനുസ്മരിച്ച് എന്നോടു ദയ തോന്നണമേ. 1 നന്മ.

നീതിമാനായ വിശുദ്ധ യൗസേപ്പേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.



## നന്മരണത്തിനായുള്ള സുകൃതജപം

ഓ! എന്റെ ഈശോയേ, എനിക്കു നല്ല മരണം തരണേ, നല്ല ബുദ്ധി തരണേ. ചാവു ദോഷത്തിൽ വീഴാതിരിപ്പാൻ കാത്തുകൊള്ള ണമേ. ഈശോ മറിയം യൗസേപ്പേ, കഷ്ടത യിൽ നിന്നും ദാരിദ്ര്യദുഃഖത്തിൽ നിന്നും പിശാ ചുക്കളുടെ പരീക്ഷയിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മേൻ.

## ആസന്നമരണർക്കു വേണ്ടിയുള്ള പ്രാർത്ഥന

“അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വ സിപ്പിക്കാം” എന്ന് അരുളിച്ചെയ്തുകൊണ്ടു ദുഃഖിതരെ തന്റെ പക്ക ലേക്കു സ്നേഹപൂർവ്വം സ്വീകരിച്ച കാരുണ്യവാനായ കർത്താവേ, രോഗാതുരനും മരണാസന്നനുമായിരിക്കുന്ന...... എന്ന സഹോദ രന്റെ (സഹോദരിയുടെ) മേൽ കൃപയായിരിക്കണമേ. ജീവിതകാ ലത്ത് അങ്ങയുടെ നാമത്തിൽ ചെയ്തിട്ടുള്ള എല്ലാ സത്പ്രവൃത്തി കളും പുണ്യപ്രവൃത്തികളും പരിഗണിച്ച് മരണനേരത്ത് ഇയാളെ ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമേ. അങ്ങയോ ടുള്ള സ്നേഹത്തെ പ്രതി ഇയാൾ അനുഭവിച്ചിട്ടുള്ള ക്ലേശങ്ങ ളെയും ബുദ്ധിമുട്ടുകളെയും ഓർത്ത് ഈ സഹോദരന്റെ (സഹോ ദരിയുടെ) മേൽ കരുണയായിരിക്കണമേ. അങ്ങയുടെ രക്ഷാക രമായ പീഡാനുഭവത്തെയും കുരിശുമരണത്തെയും പ്രതി അറിഞ്ഞും അറിയാതെയും ഈ സഹോദരന്റെ (സഹോദരിയുടെ) ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം പൊറുക്കുകയും കട ങ്ങളെല്ലാം മോചിപ്പിക്കുകയും ചെയ്യണമേ. കർത്താവേ, അങ്ങ

യുടെ തിരുസഭയുടെ അംഗമായ ഈ സഹോദരനെ (സഹോദരിയെ) അങ്ങയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കുകയും അങ്ങയുടെ കുരിശിന്റെ ശക്തിയാൽ എല്ലാവിധ തിന്മകളുടെയും ശക്തികളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യണമേ. അങ്ങുന്നു തിരുമനസ്സാകുന്നുവെങ്കിൽ ഈ സഹോദരനു (സഹോദരിക്ക്) നല്ലൊരു മരണം പ്രദാനം ചെയ്യുകയും അതുവഴി സ്വർഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കുവാനും സ്വർഗത്തിലെ സകല മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് അങ്ങയെ നിരന്തരം പാടിസ്തുതിക്കുവാനും അനുഗ്രഹിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## ആസന്നമരണർക്കു ചൊല്ലിക്കൊടുക്കാവുന്ന ജപങ്ങൾ

എന്റെ ദൈവമേ, സത്യം തന്നെയായ അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. അന്തമില്ലാത്ത കരുണാസമുദ്രമായ അങ്ങിൽ ഞാൻ ശരണപ്പെടുന്നു. അളവില്ലാത്ത നന്മയായ അങ്ങയെ ഞാൻ സ്നേഹിക്കുന്നു.

സ്വർഗത്തിൽ അങ്ങല്ലാതെ എനിക്ക് ആരാണുള്ളത്? ഭൂമിയിൽ അങ്ങയെയല്ലാതെ ഞാൻ എന്താണ് ആഗ്രഹിക്കുക?

അവിടന്ന് എന്റെ ഹൃദയനാഥനാണ്. എന്റെമേൽ എന്നെന്നും പൂർണ്ണാവകാശമുള്ള ഉടമസ്ഥനാണ്. എന്നോടുള്ള സ്നേഹത്തെ പ്രതി അങ്ങു മരിച്ചു. അങ്ങയോടുള്ള സ്നേഹത്തെ പ്രതി ഞാൻ മരിക്കട്ടെ.

അങ്ങനെ സമാധാനത്തിൽ ഞാൻ നിത്യനിദ്ര പ്രാപിക്കുകയും ചെയ്യട്ടെ. എന്റെ ദൈവമേ, നിത്യ ജീവിതം എനിക്കു തരണമേ.

അളവില്ലാത്ത നന്മയായ ദൈവമേ, അങ്ങയെ അല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഞാൻ അങ്ങയെ എല്ലാ വസ്തുക്കളേക്കാൾ സ്നേഹിക്കുന്നു.

എന്റെ ദൈവമേ, തെറ്റുവരാത്ത സത്യമായ അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. അളവില്ലാത്ത കരുണാസമുദ്രമായ അങ്ങിൽ ഞാൻ ശരണപ്പെടുന്നു. അറുതിയില്ലാത്ത നന്മയായ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. സ്വർഗത്തിൽ അങ്ങല്ലാതെ എനിക്ക് എന്താണുള്ളത്? ഭൂമിയിൽ അങ്ങയെ അല്ലാതെ ഞാനെന്താണ് ആഗ്രഹിക്കുക?

അവിടന്ന് എന്റെ ഹൃദയനാഥനാണ്; എന്നന്നേക്കും എന്റെ ജന്മാവകാശമായിരിക്കുന്ന ഉടയവനുമാണ്.

എന്റെ നേരെയുള്ള സ്നേഹത്തെപ്രതി മരിച്ച അങ്ങയുടെ നേരെയുള്ള സ്നേഹത്തെ പ്രതി ഞാൻ മരിക്കട്ടെ.

അങ്ങനെ സമാധാനത്തിൽ ഞാൻ നിത്യനിദ്ര പ്രാപിക്കുകയും ആശ്വസിക്കുകയും ചെയ്യട്ടെ.

എന്റെ ദൈവമേ, ഞാൻ നശിച്ചുപോകാൻ ഇടവരുത്തരുതേ.

അളവില്ലാത്ത നന്മയായ ദൈവമേ, അങ്ങയെ അല്ലാതെ മറ്റൊന്നും ഞാനാഗ്രഹിക്കുന്നില്ല. ഞാനങ്ങയെ സ്നേഹിക്കുന്നു. ഞാനങ്ങയെ എല്ലാ വസ്തുക്കളേക്കാൾ സ്നേഹിക്കുന്നു.

(ദൈവസ്നേഹത്തിന്റെയും മനസ്താപത്തിന്റെയും പ്രകരണങ്ങളാണ് ആസന്നമരണർക്ക് കൂടെക്കൂടെ ചൊല്ലിക്കൊടുക്കേണ്ടത്).

എന്റെ ഈശോ, ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവിടന്ന് എന്റെ വിധികർത്താവാകും. കർത്താവേ, എന്റെ പാപങ്ങൾ പൊറുക്കണമേ, ഞാനങ്ങയെ സ്നേഹിക്കുന്നു; അങ്ങയെ ഉപദ്രവിച്ചതിനെപ്രതി ദുഃഖിക്കുകയും ചെയ്യുന്നു.

ഏറ്റവും മാധുര്യവാനായ ഈശോ, അങ്ങിൽ നിന്നു പിരിഞ്ഞു പോകാൻ എന്നെ അനുവദിക്കല്ലേ.

ഈശോയുടെ തിരുരക്തമേ, എന്നെ കഴുകി ശുദ്ധിയാക്കണമേ. ഈശോയുടെ പീഡാനുഭവമേ, എന്നെ രക്ഷിച്ചരുളണമേ.

കർത്താവേ, അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.

കർത്താവേ, അങ്ങയെ കാണുവാൻവേണ്ടി ഞാൻ മരിക്കട്ടെ.

മറിയമേ, എന്റെ അമ്മേ, എനിക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കണമേ.

അങ്ങയുടെ കരുണയുള്ള തൃക്കണ്ണുകളെ എന്റെ മേൽ തിരിക്കണമേ. എന്റെ ഈ പ്രവാസ ജീവിതത്തിനു ശേഷം, അങ്ങയുടെ ഉദരത്തിന്റെ വാഴ്ത്തപ്പെട്ട ഫലമായ ഈശോയെ എനിക്കു കാണിച്ചുതരണമേ.

അല്ലയോ മറിയമേ, അങ്ങയുടെ ദാസനെ (ദാസിയെ) സഹായിക്കേണ്ട സമയമിതാണ്.

എന്റെ അമ്മേ, എന്നെ ഉപേക്ഷിക്കല്ലേ.

നാഥാ, സ്വർഗസൗഭാഗ്യമനുഭവിക്കാൻ എനിക്ക് എപ്പോൾ ഇട വരും?

എന്റെ ദൈവമേ, അങ്ങയെ അഭിമുഖമായി കണ്ടു സ്നേഹിക്കുവാൻ എനിക്കെപ്പോൾ ഭാഗ്യം ലഭിക്കും?

എന്റെ ഈശോ, എപ്പോഴും അങ്ങയോടുകൂടെ ആയിരിക്കുവാൻ എനിക്കിടവരുത്തണമേ.

എന്റെ ദൈവമേ! എന്റെ സമസ്തവുമേ!

എന്റെ ദൈവമേ, അങ്ങയെ പ്രാപിക്കുവാൻവേണ്ടി എല്ലാം ഉപേക്ഷിപ്പാൻ ഞാൻ മനസ്സായിരിക്കുന്നു.

എന്റെ ദൈവമേ, ഈശോയുടെ നേരെയുള്ള സ്നേഹത്തെ പ്രതി എന്റെമേൽ കൃപയായിരിക്കണമേ.

കർത്താവേ, അങ്ങേക്ക് ഇഷ്ടമുള്ളിടത്തോളം കാലം എന്നെ ശുദ്ധീകരണ സ്ഥലത്തിൽ ശിക്ഷിച്ചു കൊള്ളുക. ഒരിക്കലും അങ്ങയെ സ്നേഹിക്കുവാൻ കഴിയാത്ത നരകത്തിലേക്ക് എന്നെ തള്ളിക്കളയല്ലേ.

വിലയേറിയ അങ്ങേ തിരുരക്തംകൊണ്ടു രക്ഷിച്ച അങ്ങയുടെ ഈ ദാസനെ (ദാസിയെ) സഹായിക്കണമെന്നു കർത്താവേ, അങ്ങയോടു ഞാനപേക്ഷിക്കുന്നു.

നിത്യനായ ദൈവമേ, നിത്യകാലം അങ്ങയെ സ്നേഹിക്കുവാൻ ഞാനാഗ്രഹിക്കുകയും അതിന് എനിക്കിടവരുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

എന്റെ സ്നേഹം ക്രൂശിക്കപ്പെട്ടിരിക്കുന്നു. എന്റെ സ്നേഹനാഥനായ ഈശോ എനിക്കുവേണ്ടി മരിച്ചിരിക്കുന്നു.

ദൈവമേ, എന്റെ സഹായത്തിനു വന്നരുളുക. കർത്താവേ, എന്നെ സഹായിപ്പാൻ വേഗം വരണമേ.

നിത്യനായ പിതാവേ, ഈശോമിശിഹായുടെ നേരെയുള്ള സ്നേഹത്തെപ്രതി, എനിക്ക് അങ്ങയുടെ വരപ്രസാദം തന്നരുളണമേ.

അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളെക്കുറിച്ച് ഞാൻ മനസ്തപിക്കുന്നു.

എന്റെ ദൈവമേ, അവിടന്ന് എന്റെമേൽ വർഷിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും വേണ്ടി അങ്ങയോടു നന്ദി പറയുവാൻ എനിക്കു കഴിയുന്നതെങ്ങനെ? സ്വർഗത്തിൽ വന്നു നിത്യകാലം അങ്ങേക്കു കൃതജ്ഞതാ സ്തോത്രം ചെയ്യാമെന്നു ഞാനാശിക്കുന്നു.

മറിയമേ, വരപ്രസാദത്തിന്റെ മാതാവേ, കരുണ നിറഞ്ഞ അമ്മേ, ശത്രുവുമായിട്ടുള്ള പോരാട്ടത്തിൽ എന്നെ സംരക്ഷിക്കുകയും എന്റെ മരണനേരത്ത് എന്നെ കൈക്കൊള്ളുകയും ചെയ്യണമേ.

അങ്ങയുടെ കാരുണ്യാധികൃത്തിനൊത്തവണ്ണം ദൈവമേ, എന്റെമേൽ കരുണ കാണിക്കണമേ.

കർത്താവിന്റെ അനുഗ്രഹങ്ങളെ എന്നേക്കും ഞാൻ പാടി സ്തുതിക്കും.

## രോഗി അന്ത്യശ്വാസം വലിക്കുമ്പോൾ ചൊല്ലിക്കൊടുക്കേണ്ട പ്രാർത്ഥന

*(അവസാന നിമിഷമടുക്കുമ്പോൾ പ്രാർത്ഥനകൾ സാവധാനവും ഉയർന്ന സ്വരത്തിലും ചൊല്ലിക്കൊടുക്കേണ്ടതാണ്.)*

കർത്താവേ, അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. എന്റെ ഈശോ! അങ്ങേ തിരുരക്തംകൊണ്ടു വിലയ്ക്കുവാങ്ങിയ ഈ ആത്മാവിനെ അങ്ങയുടെ പക്കൽ ഏല്പിക്കുന്നു.

ഈശോനാഥാ, എന്റെ ആത്മാവിനെ സ്വീകരിക്കണമേ.

എന്റെ ദൈവമേ, എന്നെ സഹായിക്കണമേ. നിത്യകാലം അങ്ങയെ സ്നേഹിക്കുവാനായി ഈ ലോകത്തിൽ നിന്നു വേർപിരിയുവാൻ എന്നെ സഹായിക്കണമേ, എന്നെ അനുവദിക്കണമേ.

എന്റെ ഈശോ, എന്റെ സ്നേഹമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ ഉപദ്രവിച്ചതിനെ പ്രതി മനസ്തപിക്കുകയും ചെയ്യുന്നു. ഒരിക്കലും ഞാനങ്ങയെ ഉപദ്രവിക്കാതിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

എന്റെ ശരണമായ മറിയമേ, എന്നെ സഹായിക്കണമേ, എനിക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കണമേ.

എന്റെ ഈശോ, അങ്ങേ പീഡാനുഭവത്തെ ഓർത്ത് എന്നെ രക്ഷിക്കണമേ. എന്റെ ഈശോ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു.

മറിയമേ, എന്റെ അമ്മേ! ഈ നിമിഷത്തിൽ എനിക്കു സഹായമായിരിക്കണമേ. നന്മരണമദ്ധ്യസ്ഥനായ വി.യൗസേപ്പേ, എന്നെ സഹായിപ്പാൻ വരണമേ, മുഖ്യദൂതനായ വി.മിഖായേലേ, എന്നെ സംരക്ഷിക്കണമേ. എന്റെ കാവൽമാലാഖേ എന്നെ സഹായിക്കണമേ. എന്റെ മദ്ധ്യസ്ഥനായ (മദ്ധ്യസ്ഥയായ) വി.... ഈശോയ്ക്ക് എന്നെ കാഴ്ചവയ്ക്കണമേ. സ്വർഗത്തിലെ സകല വിശുദ്ധരേ, എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണമേ.

ഈശോ! ഈശോ! ഈശോ!

ഈശോ മറിയം യൗസേപ്പേ! എന്റെ ആത്മാവിനു കൂട്ടായിരിക്കണമേ.

പിതാവേ, അവിടത്തെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.

## മരണസമയത്തു ചൊല്ലുന്ന പ്രാർത്ഥന

കാർമ്മി: പിതാവിന്റെയും പുത്രന്റെയും ✶ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ,

സമൂ: ആമ്മേൻ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂ: കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: മിശിഹായേ, അനുഗ്രഹിക്കണമേ.

സമൂ: മിശിഹായേ, അനുഗ്രഹിക്കണമേ.

കാർമ്മി: പരിശുദ്ധ മറിയമേ,

സമൂ: ഈ സഹോദരനു (ഈ സഹോദരിക്കു) വേണ്ടി പ്രാർത്ഥിക്കണമേ.

കാർമ്മി: ദൈവത്തിന്റെ മാലാഖമാരേ,

സമൂ: ഈ സഹോ...

കാർമ്മി: വിശുദ്ധരായ പിതാക്കന്മാരേ,

സമൂ: ഈ സഹോ....

കാർമ്മി: പൂർവ്വപിതാവായ അബ്രാഹമേ,

സമൂ: ഈ സഹോ....

കാർമ്മി: വിശുദ്ധ സ്നാപകയോഹന്നാനേ,

സമൂ: ഈ സഹോ...

കാർമ്മി: നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായ വി.യൗസേപ്പേ,

സമൂ: ഈ സഹോ...

കാർമ്മി: പ്രവാചകന്മാരേ, ശ്ലീഹന്മാരേ,

സമൂ: ഈ സഹോ....

കാർമ്മി: വിശുദ്ധ പത്രോസേ,

സമൂ: ഈ സഹോ.....

കാർമ്മി: വിശുദ്ധ യോഹന്നാനേ,

സമൂ: ഈ സഹോ...

കാർമ്മി: ഞങ്ങളുടെ പിതാവായ മാർതോമ്മാ,

സമൂ: ഈ സഹോ.....

കാർമ്മി: രക്തസാക്ഷികളേ, വന്ദകരേ,
സമൂ: ഈ സഹോ...
കാർമ്മി: വിശുദ്ധ എസ്തപ്പാനോസേ,
സമൂ: ഈ സഹോ...
കാർമ്മി: വിശുദ്ധ ആഗുസ്തീനോസേ,
സമൂ: ഈ സഹോ.....
കാർമ്മി: വിശുദ്ധ ബനദിക്തോസേ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ ഫ്രാൻസിസ് അസ്സീസി,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ സെബസ്ത്യാനോസേ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ ഗീവർഗീസേ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ മറിയം മഗ്ദലേനാ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ കൊച്ചുത്രേസ്യാ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധ ക്ലാരേ,
സമൂ: ഈ സഹോ....
കാർമ്മി: വിശുദ്ധരായ കന്യകമാരേ,
സമൂ: ഈ സഹോ...
കാർമ്മി: അങ്ങയുടെ കോപത്തിൽ നിന്ന്,
സമൂ: കർത്താവേ, ഈ സഹോദരനെ (ഈ സഹോദരിയെ) രക്ഷിക്കണമേ.
കാർമ്മി: ഭയങ്കരമായ നരകശിക്ഷയിൽ നിന്ന്,
സമൂ: കർത്താവേ....
കാർമ്മി: പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്ന്,
സമൂ: കർത്താവേ....
കാർമ്മി: അങ്ങയുടെ മനുഷ്യാവതാരത്തെ ഓർത്ത്,

സമൂ: കർത്താവേ.....

കാർമ്മി: അങ്ങയുടെ പീഡകളും കുരിശുമരണവുമോർത്ത്,

സമൂ: കർത്താവേ....

കാർമ്മി: അങ്ങയുടെ ഉയിർപ്പും സ്വർഗാരോഹണവുമോർത്ത്,

സമൂ: കർത്താവേ....

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂ: മിശിഹായേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: പ്രിയ സഹോദരാ (പ്രിയ സഹോദരീ), സമാധാനത്തോടുകൂടെ പുറപ്പെടുക. നിന്നെ സൃഷ്ടിക്കുകയും രക്ഷിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന്റെ നാമത്തിൽ സമാധാനത്തോടുകൂടെ പുറപ്പെടുക. ദൈവമാതാവായ കന്യകാമറിയവും നീതിമാനായ വിശുദ്ധ യൗസേപ്പും സകല മാലാഖമാരും വിശുദ്ധരും സ്വർഗത്തിലേക്കു നിന്നെ നയിക്കുമാറാകട്ടെ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (38)

(സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു)

കർത്താവേ, കോപത്തോടെ എന്നെ ശകാരിക്കരുതേ:
കോപത്തോടെ എന്നെ ശിക്ഷിക്കരുതേ.
എന്റെ മുറിവുകൾ അഴുകി മലിനമായി:
പാപങ്ങൾ എന്നെ പരിഭ്രാന്തനാക്കി.
വിഷാദമൂകനായി ഞാൻ ദിവസങ്ങൾ കഴിക്കുന്നു:
ദുഃഖാധിക്യത്താൽ ഞാൻ നിലവിളിക്കുന്നു.
അങ്ങ് എന്റെ അഭിലാഷങ്ങൾ അറിയുന്നുവല്ലോ:
എന്റെ നെടുവീർപ്പുകൾ അങ്ങേക്ക് അജ്ഞാതമല്ല.
എന്റെ ഹൃദയം വല്ലാതെ തുടിക്കുകയും,
ഞാൻ ബലഹീനനാവുകയും ചെയ്തു.
കണ്ണുകളുടെ വെളിച്ചംപോലും
എനിക്കു നഷ്ടപ്പെട്ടുപോയി.
കർത്താവേ, ഞാൻ അങ്ങിൽ അഭയം തേടുന്നു:
അങ്ങ് എന്റെ പ്രാർത്ഥന കേൾക്കണമേ.

ദൈവമേ, എന്നെ ഉപേക്ഷിക്കരുതേ:
കർത്താവേ, എന്നിൽ നിന്ന് അകന്നുപോകരുതേ.

രക്ഷകനായ ദൈവമേ,

എന്നെ സഹായിക്കാൻ വേഗം വരണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: പശ്ചാത്തപിക്കുന്ന പാപികളെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന കാരുണ്യവാനായ ദൈവമേ, പാപങ്ങളെല്ലാം പൊറുത്ത് ഈ സഹോദരനെ (സഹോദരിയെ) വിശുദ്ധീകരിക്കണമേ. മനുഷ്യരെല്ലാം ബലഹീനരാണെന്ന് അങ്ങ് ഓർക്കണമേ. ഈ ആളുടെ വേദനയും കണ്ണുനീരും അങ്ങു തൃക്കൺ പാർക്കണമേ. "നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ പ്രവേശിക്കു"മെന്ന് ഈ ആളോട് അരുളിച്ചെയ്യണമേ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (51)

(സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു)
ദൈവമേ, എന്നോടു കരുണ തോന്നണമേ:
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി:
അങ്ങയുടെ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിക്കണമേ:
എന്റെ അപരാധങ്ങൾ മായിച്ചുകളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ:
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങയുടെ തിരുസന്നിധിയിൽ നിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

പശ്ചാത്തപിക്കുന്ന എന്റെ ഹൃദയം

ഞാൻ അങ്ങേക്കു സമർപ്പിക്കുന്നു.
തകർന്ന ഒരു ഹൃദയത്തെ ദൈവം നിരസിക്കയില്ല
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: പ്രിയ സഹോദരാ (പ്രിയ സഹോദരീ), നിന്നെ ദൈവത്തിനു ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ ആത്മാവു ശരീരത്തിൽ നിന്നു പിരിയുമ്പോൾ ദൈവദൂതന്മാർ നിന്നെ സ്വീകരിക്കട്ടെ. ശ്ലീഹന്മാരും രക്തസാക്ഷികളും നിന്നെ അഭിവാദ്യം ചെയ്യട്ടെ. പരിശുദ്ധരായ കന്യകമാർ സ്വർഗ രാജ്യത്തിലേക്കു നിന്നെ ആനയിക്കട്ടെ. ദൈവമാതാവായ കന്യകാമറിയവും നീതിമാനായ മാർ യൗസേപ്പും സന്തോഷപൂർവ്വം നിന്നെ സ്വീകരിക്കട്ടെ. ലോകാരംഭം മുതൽ നിനക്കുവേണ്ടി സജ്ജമാക്കിവച്ചിരിക്കുന്ന വിജയത്തിന്റെ കിരീടം ദൈവപുത്രൻ നിന്നെ അണിയിക്കട്ടെ. പിശാചും അവന്റെ സൈന്യങ്ങളും നിന്റെ മുമ്പിൽനിന്ന് ഓടി ഒളിക്കട്ടെ. നീതിമാന്മാർ സന്തോഷിക്കുകയും സ്വർഗം ആനന്ദിക്കുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ.

കാർമ്മി: ജലപ്രളയത്തിൽ നിന്നു നോഹിനെ രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോദരന്റെ/ സഹോദരിയുടെ ആത്മാവിനെ രക്ഷിക്കണമേ.

കാർമ്മി: നീതിമാനായ ജോബിനെ ദുരിതങ്ങളിൽ നിന്നു രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ....

കാർമ്മി: അബ്രാഹത്തിന്റെ ഏകപുത്രനായ ഇസഹാക്കിനെ മരണത്തിൽ നിന്നു രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ....

കാർമ്മി: സോദോമിലെ അഗ്നിവർഷത്തിൽ നിന്നു ലോത്തിനെ രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ....

കാർമ്മി: ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനങ്ങളെ രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ....

കാർമ്മി: സിംഹങ്ങളുടെ ഗുഹയിൽ നിന്നു ദാനിയേലിനെ രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ...

കാർമ്മി: അനനിയാ, അസ്സറിയാ, മിശായേൽ എന്നിവരെ തീച്ചൂള യിൽ നിന്നു രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ...

കാർമ്മി: കന്യകയായ സൂസന്നയെ ശത്രുക്കളിൽ നിന്നു രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ...

കാർമ്മി: സാവൂളിന്റെയും ഗോലിയാത്തിന്റെയും കരങ്ങളിൽനിന്നു ദാവീദിനെ രക്ഷിച്ച കർത്താവേ,

സമൂ: ഈ സഹോ....

കാർമ്മി: കാരുണ്യവാനായ കർത്താവേ, അങ്ങയുടെ ദാസനായ (ദാസിയായ)...ന്റെ ആത്മാവിനെ ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. ഞങ്ങളോടുള്ള സ്നേഹത്തെപ്രതി മനു ഷ്യനായി പിറക്കുകയും കുരിശിൽ ആത്മാർപ്പണം ചെയ്യു കയും ചെയ്ത കർത്താവേ, ഈ സഹോദരന്റെ (സഹോ ദരിയുടെ) പാപങ്ങളെല്ലാം അങ്ങു മറന്നുകളയണമേ. പരി ശുദ്ധന്മാർ നിത്യാനന്ദമനുഭവിക്കുന്ന സ്വർഗരാജ്യത്തി ലേക്ക് ഈ ആളെ സ്വീകരിക്കണമേ. (ലോകമെല്ലാം പരി ത്യജിച്ച് തന്റെ കുരിശും വഹിച്ചുകൊണ്ട് അങ്ങയെ അനു ഗമിച്ച ഈ ആളിനു വാഗ്ദാനപ്രകാരമുള്ള പ്രതിഫലം പ്രദാനം ചെയ്യണമേ). ജീവിതകാലത്ത് അങ്ങയെ പ്രീതി പ്പെടുത്തുവാൻ ഈ ആൾ അനുഷ്ഠിച്ചിട്ടുള്ള ഭക്തകൃത്യ ങ്ങളും പരിത്യാഗപ്രവൃത്തികളും വിസ്മരിച്ചുകളയരുതേ, ആരുമാരുമറിയാതെ ഈ ആൾ മറ്റുള്ളവർക്കു ചെയ്തി ട്ടുള്ള സഹായങ്ങളും സേവനങ്ങളും അങ്ങു പരിഗണി ക്കണമേ. അങ്ങയുടെ പീഡാനുഭവത്തിനുമുമ്പ് അങ്ങു നിത്യപിതാവിനോടു ചെയ്ത പ്രാർത്ഥന ആത്മാർത്ഥ മായി ആവർത്തിക്കുവാൻ ഈ സഹോദരനെ (സഹോ ദരിയെ) യോഗ്യനാക്കണമേ (യോഗ്യയാക്കണമേ).

സമൂ: ആമ്മേൻ.

## മിശിഹായുടെ അന്ത്യപ്രാർത്ഥന

കാർമ്മി: വിശുദ്ധ യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (യോഹ 19).

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മി: അനന്തരം ഈശോ സ്വർഗത്തിലേക്കു കണ്ണുകളുയർത്തി ഇപ്രകാരം പ്രാർത്ഥിച്ചു. "പിതാവേ, ഇതാ സമയമായിരിക്കുന്നു; അങ്ങയുടെ പുത്രനെ അങ്ങു മഹത്ത്വപ്പെടുത്തണമേ. ലോകത്തിൽ ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തി; എന്നെ ഏല്പിച്ച ജോലി ഞാൻ പൂർത്തിയാക്കുകയും ചെയ്തു.

അങ്ങു ലോകത്തിൽ നിന്നു തിരഞ്ഞെടുത്ത് എന്നെ ഏല്പിച്ച മനുഷ്യരെ അങ്ങയുടെ നാമം ഞാൻ അറിയിച്ചു. അവർ അങ്ങയുടേതായിരുന്നു. അവരെ അങ്ങ് എനിക്കു നല്കി. അവർ അങ്ങയുടെ ആജ്ഞകളനുസരിക്കുകയും ചെയ്തു. അങ്ങ് എനിക്ക് നല്കിയിട്ടുള്ളതെല്ലാം അങ്ങിൽ നിന്നു തന്നെയാണെന്ന് അവർക്ക് ഇപ്പോൾ മനസ്സിലായിരിക്കുന്നു. ഞാൻ ലോകത്തിൽ നിന്ന് അങ്ങയുടെ പക്കലേക്കു വരികയാണ്. എന്നാൽ, അവർ ലോകത്തിൽ തന്നെ ജീവിക്കുകയാണല്ലോ.

പരിശുദ്ധനായ പിതാവേ, അങ്ങ് എനിക്ക് ഏല്പിച്ചു തന്നിരിക്കുന്നവരെ അങ്ങയുടെ നാമത്തിൽ കാത്തുകൊള്ളണമേ. അങ്ങനെ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിത്തീരട്ടെ."

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മി: കാരുണ്യവാനായ ദൈവമേ, അങ്ങയുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.
(3 പ്രാവശ്യം)

സമൂ: ആമ്മേൻ.

കാർമ്മി: ഈശോ, മറിയം, യൗസേപ്പേ,

സമൂ: ഈ ആത്മാവിനു കൂട്ടായിരിക്കണമേ. (3 പ്രാവശ്യം)

കാർമ്മി: കർത്താവേ, അങ്ങയുടെ ദാസന്റെ (ദാസിയുടെ) ആത്മാവിനെ നീതിമാന്മാരുടെ രാജ്യത്തു പ്രവേശിപ്പിക്കണമേ.

സമൂ: അയാൾക്കു നിത്യാശ്വാസം നല്കുകയും ചെയ്യണമേ.

## പൂർണ്ണ ദണ്ഡവിമോചനത്തിനുള്ള അന്തിമാശീർവ്വാദം

*സൂചന: രോഗി മരിക്കാറാകുമ്പോൾ പുരോഹിതൻ താഴെ കാണുന്ന പ്രാർത്ഥന ചൊല്ലി പൂർണ്ണദണ്ഡവിമോചനം നല്കുന്നു.*

പുരോഹിതനില്ലെങ്കിൽ കുരിശുരൂപം മുത്തിക്കൊണ്ട് മരണാസന്നന് ആ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

പുരോ: പിതാവായ ദൈവമേ, അങ്ങയുടെ ദാസനായ (ദാസിയായ) ...യെ കാരുണ്യപൂർവ്വം തൃക്കൺ പാർക്കണമേ. അങ്ങേ പ്രിയപുത്രനായ ഈശോമിശിഹായുടെ പീഡകളും കുരിശുമരണവും പരിഗണിച്ച് ഈ ആളുടെ പാപങ്ങൾക്ക് മാപ്പുകൊടുക്കണമേ. അങ്ങയെ ആശ്രയിക്കുന്നവരെ സ്നേഹപൂർവ്വം കാത്തുരക്ഷിക്കുന്ന ദൈവമേ, അങ്ങേ തിരുക്കുമാരന്റെ രക്തംകൊണ്ട് ഈ ആളുടെ പാപങ്ങൾ കഴുകിക്കളഞ്ഞ് നിത്യാനന്ദത്തിലേക്ക് ഈ ആളെ പ്രവേശിപ്പിക്കുകയും ചെയ്യണമേ.

സമൂ: ആമ്മേൻ.

*പുരോഹിതൻ കൈകൾ രണ്ടും കമിഴ്ത്തി രോഗിയുടെ മേൽ നീട്ടിപ്പിടിക്കുന്നു.*

പുരോ: കാരുണ്യവാനായ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. എനിക്ക് ലഭിച്ചിരിക്കുന്ന അധികാരമുപയോഗിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ പാപങ്ങൾ ഞാൻ മോചിക്കുകയും നിനക്കു പൂർണ്ണദണ്ഡവിമോചനം നല്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവം നിന്റെ പാപങ്ങൾക്കുള്ള ശിക്ഷകളെല്ലാം ഇളച്ചുതരികയും പറുദീസായുടെ വാതിൽ തുറന്ന് നിന്നെ അതിൽ പ്രവേശിപ്പിക്കുകയും ചെയ്യട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നിന്നോടു കൂടെയുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ.

# സഭാത്മക പ്രാർത്ഥനകൾ

## മരിച്ചവർക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ്

*(കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് ഹൈക്കലായിൽ കറുപ്പു വിരിച്ചിരിക്കുന്നതിന്റെ തലയ്ക്കൽ ജനങ്ങളുടെ നേരെ തിരിഞ്ഞു നില്ക്കുന്നു).*

ശുശ്രൂ: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം, നമുക്കു സമാധാനം.

കാർമ്മി: കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിന്റെ ദാസനെ ആശ്വസിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

### ഗാനം

(മൽക്കാമിശിഹാ....)

*എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും.*

മഹിമയോടന്തിമവിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ.

*കർത്താവേ, നിന്നെ ഞാനാശ്രയിച്ചു.*

കർത്താവേ, നിൻ കുരിശിനെ ഞാ-
നാരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നല്കുന്നു.

*ആകാശവും ഭൂമിയും നിന്റേതാകുന്നു.*

ആകാശവുമീഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നല്കണമേ മൃതനായുസ്സും.

*അവരാനന്ദകീർത്തനങ്ങൾ പാടും.*

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ
മാമ്മോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

*അവന്റെ സന്തോഷത്തിൽ അവരാനന്ദിക്കും.*

കർത്താവേ, നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻ സുതരെ
നിത്യവിരുന്നിൽച്ചേർക്കണമേ.

*അവരിലാരും അവശേഷിച്ചില്ല.*

മഴ പെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടി മുളയ്ക്കുന്നു
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

ബാവാ പുത്രൻ റൂഹായേ,
മൃതനാമെന്നിൽക്കനിയേണം
ജീവൻ നല്കി മഹോന്നതമാം
പ്രഭയുടെ നാട്ടിൽച്ചേർക്കേണം.

*ആദിമുതൽ എന്നേക്കും ആമ്മേൻ.*

തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു
നിരവധിയാമെൻപാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

ശുശ്രൂ: പ്രാർത്ഥിക്കാം, നമുക്കു സമാധാനം.

കാർമ്മി: കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും, നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## പ്രബോധനഗാനം

*(കുർബാന കഴിഞ്ഞയുടനെയാണെങ്കിൽ)*

(കമ്പെൽ മാറൻ...)

കാർമ്മി: കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമൊടെ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസ്സന്നിധിയിൽ

സമൂ: കൈക്കൊള്ളണമേ....

കാർമ്മി: പൂർവ്വന്മാരാം നോഹ് അബ്രാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

സമൂ: കൈക്കൊള്ളണമേ.....

കാർമ്മി: പുരുവത്സലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരുനവമാം ബലിപോൽ നാഥാ.

സമൂ: കൈക്കൊള്ളണമേ....

*(മറ്റവസരങ്ങളിൽ)*

(ലാതെക്റേലാക്...)

കാർമ്മി: ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം.

സമൂ: ഉന്നതനൃപനാം....

കാർമ്മി: വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

സമൂ: ഉന്നതനൃപനാം...

കാർമ്മി: അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ

|  |  |
|---|---|
|  | മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ. |
| സമൂ: | ഉന്നതനൃപനാം... |

## അനുതാപകീർത്തനം

| | |
|---|---|
| ശുശ്രൂ: | അഗാധത്തിൽ നിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. |

*സമൂഹം രണ്ടു ഗണമായി തുടരുന്നു (സ. 129)*

അഗാധത്തിൽ നിന്നു നിന്നെ ഞാൻ വിളിക്കുന്നു.
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ.

എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.
കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും?

എന്തുകൊണ്ടെന്നാൽ പാപമോചനം നിന്റെ പക്കൽ
നിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.
എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരേപ്പോലെ
കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു.
പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം
അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

| | |
|---|---|
| ശുശ്രൂ: | അഗാധത്തിൽ നിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.<br>പ്രാർത്ഥിക്കാം, നമുക്കു സമാധാനം. |

കാർമ്മി: സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കുകയും, നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും, കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.


കാർമ്മി: കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടുകൂടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ, നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടും കൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും, സ്വർഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും, ദുഷ്ടജനങ്ങൾ നീതിമാന്മാരിൽ നിന്നു വേർതിരിക്കപ്പെടുകയും ചെയ്യുന്ന ഭയാനകമായ വിധിദിവസത്തിൽ, നിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽ തന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യത്തിലേക്കു ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ.

# കുരിശിന്റെ വഴി



## പ്രാരംഭഗാനം

(കുരിശു ചുമന്നവനേ...)

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ,
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേവരുന്നു ഞങ്ങൾ.
ലോകൈകനാഥാ, നിൻ
ശിഷ്യനായ്ത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശുവഹിച്ചു നിൻ
കാല്പാടു പിഞ്ചെല്ലാൻ
കല്പിച്ച നായകാ,
നിൻ ദിവ്യരക്തത്താ-
ലെൻ പാപമാലിന്യം
കഴുകേണമേ, ലോകനാഥാ.

## പ്രാരംഭപ്രാർത്ഥന

നിത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലി കഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.

അങ്ങു ഞങ്ങളെ സ്നേഹിച്ചു: അവസാനം വരെ സ്നേഹിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് അങ്ങു അരുളിച്ചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി; വ്യാകുലയായ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്ന് ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ.
പരിശുദ്ധ ദൈവമാതാവേ,
ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ
ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

*(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

മരണത്തിനായ് വിധിച്ചു കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.
അറിയാത്ത കുറ്റങ്ങൾ
നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ;
കൈവല്യദാതാ, നിൻ
കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ
അവസാനവിധിയിൽ നീ-
യലിവാർന്നു ഞങ്ങൾക്കാ-
യരുളേണമേ നാകഭാഗ്യം.

## ഒന്നാം സ്ഥലം

### ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു.

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു;
എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ രക്ഷിച്ചു.



മനുഷ്യകുലത്തിന്റെ പാപപ്പരിഹാരത്തിനുള്ള ബലി ആരംഭിച്ചു കഴിഞ്ഞു.... ഈശോ പീലാത്തോസിന്റെ മുമ്പിൽ നില്ക്കുന്നു....അവിടത്തെ ഒന്നു നോക്കുക.... ചമ്മട്ടിയടിയേറ്റ ശരീരം.... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ..... തലയിൽ മുൾമുടി... ഉറക്കമൊഴിഞ്ഞ കണ്ണുകൾ.... ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ...... ദാഹിച്ചു വരണ്ട നാവ്...... ഉണങ്ങിയ ചുണ്ടുകൾ.

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു. കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു...എങ്കിലും, അവിടന്ന് എല്ലാം നിശ്ശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും നിർദ്ദയമായി വിമർശിക്കുമ്പോഴും, കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ...
പരിശുദ്ധ ദൈവമാതാവേ....

*(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശു ചുമന്നിടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു.
നീങ്ങുന്നു ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.
"എൻ ജനമേ, ചൊൽക
ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേറ്റാൻ?
പൂന്തേൻ തുളുമ്പുന്ന
നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു:
എന്തേ, യിദം നിങ്ങ-
ളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി?"

## രണ്ടാം സ്ഥലം

### ഈശോമിശിഹാ കുരിശു ചുമക്കുന്നു.

ഈശോമിശിഹായേ...



ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടന്നു മുന്നോട്ടു നീങ്ങുന്നു.... ഈശോയുടെ ചുറ്റും നോക്കുക.... സ്നേഹിതന്മാർ ആരുമില്ല....യൂദാസ് അവിടത്തെ ഒറ്റിക്കൊടുത്തു... പത്രോസ് അവിടത്തെ പരിത്യജിച്ചു... മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടത്തെ അത്ഭുതപ്രവൃത്തികൾ കണ്ടവരും അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ?... ഓശാനപാടി എതിരേറ്റവരും ഇന്നു നിശബ്ദരായിരിക്കുന്നു... ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു തന്റെ കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശു ചുമന്നുകൊണ്ടു ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ, എന്റെ ക്ലേശങ്ങളെല്ലാം പരാതി കൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ...
പരിശുദ്ധ ദൈവമാതാവേ...

*(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശിൻ കനത്ത ഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ
നിറയും പെരുവഴിയിൽ.
തൃപ്പാദം കല്ലിന്മേൽ
തട്ടിമുറിഞ്ഞു.
ചെന്നിണം വാർന്നൊഴുകി:
മാനവരില്ലാ
വാനവരില്ലാ
താങ്ങിത്തുണച്ചീടുവാൻ.
അനുതാപമൂറുന്ന
ചുടുകണ്ണുനീർ തൂകി-
യണയുന്നു മുന്നിൽ ഞങ്ങൾ.

## മൂന്നാം സ്ഥലം

### ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു.

ഈശോമിശിഹായേ...

കല്ലുകൾ നിറഞ്ഞ വഴി...ഭാരമുള്ള കുരിശ്....ക്ഷീണിച്ച ശരീരം....വിറയ്ക്കുന്ന കാലുകൾ....അവിടന്നു മുഖം കുത്തി നിലത്തുവീഴുന്നു....മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു....യൂദന്മാർ അവിടത്തെ പരിഹസിക്കുന്നു....പട്ടാളക്കാർ അടിക്കുന്നു...ജനക്കൂട്ടം ആർപ്പുവിളിക്കുന്നു. അവിടന്നു മിണ്ടുന്നില്ല...



"ഞാൻ സഞ്ചരിക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വച്ചു. ഞാൻ വലത്തേക്കു തിരിഞ്ഞുനോക്കി, എന്നെ അറിയുന്നവർ ആരുമില്ല, ഓടിയൊളിക്കുവാൻ ഇടമില്ല, എന്നെ രക്ഷിക്കുവാൻ ആളുമില്ല."

"അവിടന്നു നമ്മുടെ ഭാരം ചുമക്കുന്നു; നമുക്കുവേണ്ടി അവിടന്നു സഹിച്ചു."

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടെ ഞാനും നിലത്തു വീണുപോകുന്നു. മറ്റുള്ളവർ അതു കണ്ടു പരിഹസിക്കുകയും, എന്റെ വേദന വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ എനിക്ക് വീഴ്ചകളുണ്ടാകുമ്പോൾ എന്നെതന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ. 1 സ്വർഗ. 1 നന്മ.

കർത്താവേ....

പരിശുദ്ധ ദൈവമാതാവേ...

*(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

വഴിയിൽക്കരഞ്ഞു വന്നോരമ്മയെ
തനയൻ തിരിഞ്ഞുനോക്കി
സ്വർഗീയകാന്തി ചിന്തും മിഴികളിൽ
കൂരമ്പു താണിറങ്ങി.
"ആരോടു നിന്നെ ഞാൻ
സാമ്യപ്പെടുത്തും
കദനപ്പെരുങ്കടലേ?"
ആരറിഞ്ഞാഴത്തി-
ലലതല്ലി നില്ക്കുന്ന
നിൻമനോവേദന?
നിൻ കണ്ണുനീരാൽ
കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം.

## നാലാം സ്ഥലം

### ഈശോ വഴിയിൽ വച്ച് തന്റെ മാതാവിനെ കാണുന്നു.

ഈശോമിശിഹായേ...

കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു.... ഇടയ്ക്കു സങ്കടകരമായ ഒരു കൂടിക്കാഴ്ച....അവിടത്തെ മാതാവു ഓടിയെത്തുന്നു.... അവർ പരസ്പരം നോക്കി....കവിഞ്ഞൊഴുകുന്ന നാലു കണ്ണുകൾ....വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ...അമ്മയും മകനും സംസാരിക്കുന്നില്ല...മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു....അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു....



നാല്പതാം ദിവസം ഉണ്ണിയെ ദൈവാലയത്തിൽ കാഴ്ച വച്ച സംഭവം മാതാവിന്റെ ഓർമ്മയിൽ വന്നു. "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്നു പരിശുദ്ധനായ ശിമയോൻ അന്നു പ്രവചിച്ചു.

''കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു." "ഈ ലോകത്തിലെ നിസ്സാര സങ്കടങ്ങൾ നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു."

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യരക്ഷിതാവേ, സഹനത്തിന്റെ ഏകാന്തനിമിഷങ്ങളിൽ അങ്ങേ മാതാവിന്റെ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങേ മാതാവിന്റെയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങളാണെന്നു ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ. 1 നന്മ

കർത്താവേ....

പരിശുദ്ധ ദൈവമാതാവേ....

*(അഞ്ചാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*
കുരിശു ചുമന്നു നീങ്ങും നാഥനെ
ശിമയോൻ തുണച്ചിടുന്നു
നാഥാ നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ ഭാഗ്യം.
നിൻ കുരിശെത്രയോ
ലോലം, നിൻ നുക-
മാനന്ദദായകം.
അഴലിൽ വീണുഴലുന്നോർ-
ക്കവലംബമേകുന്ന
കുരിശേ നമിച്ചിടുന്നു.
സുരലോകനാഥാ, നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം.

## അഞ്ചാം സ്ഥലം

### ശിമയോൻ ഈശോയെ സഹായിക്കുന്നു.

ഈശോമിശിഹായേ....



ഈശോ വളരെയധികം തളർന്നു കഴിഞ്ഞു....ഇനി കുരിശോടുകൂടെ മുന്നോട്ടു നീങ്ങാൻ ശക്തനല്ല....അവിടന്നു വഴിയിൽ വച്ചുതന്നെ മരിച്ചുപോയേക്കുമെന്നു യൂദന്മാർ ഭയന്നു... അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽ നിന്ന് വരുന്നത് അവർ കണ്ടു.... കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു.... അവിടത്തെ കുരിശു ചുമക്കുവാൻ അവർ അയാളെ നിർബ്ബന്ധിച്ചു. അവർക്കു ഈശോയോടു സഹതാപം തോന്നീട്ടല്ല, ജീവനോടെ അവിടത്തെ കുരിശിൽ തറയ്ക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ എന്നെത്തന്നെ വിസ്മരിച്ച് ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു.... എന്നാൽ "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്ന് അങ്ങു അരുളിച്ചെയ്തിട്ടുണ്ടല്ലോ." അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കാൻ എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗൃഹീതനാകും, അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാവുകയും ചെയ്യും. 1 സ്വർഗ. 1 നന്മ.

കർത്താവേ...

പരിശുദ്ധ ദൈവമാതാവേ...

*(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*


വാടിത്തളർന്നൂ മുഖം-നാഥന്റെ
കണ്ണുകൾ താണുമങ്ങി
വേറോനിക്കാ മിഴിനീർ തൂകിയാ-
ദിവ്യാനനം തുടച്ചു.
മാലാഖമാർക്കെല്ലാ-
മാനന്ദമേകുന്ന
മാനത്തെപ്പൂനിലാവേ,
താബോർ മാമല-
മേലേ നിൻമുഖം
സൂര്യനെപ്പോലെ മിന്നി
ഇന്നാമുഖത്തിന്റെ
ലാവണ്യമൊന്നാകെ
മങ്ങി, ദുഃഖത്തിൽ മുങ്ങി.

## ആറാം സ്ഥലം

### വെറോനിക്കാ മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു.

ഈശോമിശിഹായേ...

ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു.... അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു.... അവൾക്ക് അവിടത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു... ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ.... സ്നേഹം പ്രതിബന്ധം അറിയുന്നില്ല.....



"പരമാർത്ഥഹൃദയർ അവിടത്തെ കാണും." "അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല." അവൾ ഭക്തിപൂർവ്വം തന്റെ തൂവാലയെടുത്തു... രക്തംപുരണ്ട മുഖം വിനയപൂർവ്വം തുടച്ചു....

"എന്നോടു സഹതപിക്കുന്നവരുണ്ടോ എന്നു ഞാൻ അന്വേഷിച്ചു നോക്കി. ആരെയും ഞാൻ കണ്ടില്ല; എന്നെയാശ്വസിപ്പിക്കാൻ ആരുമില്ല." പ്രവാചകൻ വഴി അങ്ങ് അരുളിച്ചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കായെപ്പോലെ അങ്ങയോടു സഹതപിക്കാനും അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിപ്പിക്കണമേ. 1 സ്വർഗ. 1 നന്മ.

കർത്താവേ....
പരിശുദ്ധ ദൈവമാതാവേ....

*(ഏഴാം സ്ഥലത്തേക്കു പോകുമ്പോൾ)*

ഉച്ചവെയിലിൽ പൊരിഞ്ഞു- ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു
ദേഹം തളർന്നു താണു-രക്ഷകൻ
വീണ്ടും നിലത്തുവീണു.
ലോകപാപങ്ങളാ-
ണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം.
ഭാരം നിറഞ്ഞൊരാ
ക്രൂശു നിർമ്മിച്ചതെൻ
പാപങ്ങൾ തന്നെയല്ലോ;
താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു; കനിയേണമെന്നിൽ.

## ഏഴാം സ്ഥലം

### ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു.

ഈശോമിശിഹായേ.....



ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു.... മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു..... ശരീരമാകെ വേദനിക്കുന്നു... "ഞാൻ പൂഴിയിൽ വീണുപോയി; എന്റെ ആത്മാവു ദുഃഖിച്ചു തളർന്നു." ചുറ്റുമുള്ളവർ പരിഹസിക്കുന്നു.... അവിടന്ന് അതൊന്നും ഗണ്യമാക്കുന്നില്ല.... "എന്റെ പിതാവ് എനിക്കുതന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ അവിടന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല.

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായെ, അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെക്കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നുവീഴുകയും എഴുന്നേൽക്കുവാൻ കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേതൃക്കൈ നീട്ടി ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ. 1നന്മ.

കർത്താവേ....
പരിശുദ്ധ ദൈവമാതാവേ.....

*(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

"ഓർശ്ലേമിൻ പുത്രിമാരേ, നിങ്ങളി-
ന്നെന്നെയോർത്തെന്തിനേവം
കരയുന്നു? നിങ്ങളേയും സുതരേയു-
മോർത്തോർത്തു കേണുകൊൾവിൻ."
വേദന തിങ്ങുന്ന
കാലം വരുന്നു
കണ്ണീരണിഞ്ഞകാലം.

'മലകളേ, ഞങ്ങളെ
മൂടുവിൻ വേഗ'മെ-
ന്നാരവം കേൾക്കുമെങ്ങും.
കരൾനൊന്തു കരയുന്ന
നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി.

## എട്ടാം സ്ഥലം

### ഈശോമിശിഹാ ഓർശ്ലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

ഈശോമിശിഹായേ....



ഓർശ്ലേത്തിന്റെ തെരുവുകൾ ശബ്ദായമാനമായി.... പതിവില്ലാത്ത ബഹളംകേട്ട് സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു....അവർക്കു സുപരിചിതനായ ഈശോ കൊലക്കളത്തിലേയ്ക്കു നയിക്കപ്പെടുന്നു.... അവിടത്തെപേരിൽ അവർക്കു അനുകമ്പ തോന്നി.... ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര അവരുടെ ഓർമ്മയിൽ വന്നു... സൈത്തിൻ കൊമ്പുകളും ജയ്‌വിളികളും...അവർ കണ്ണുനീർവാർത്തു കരഞ്ഞു.... അവരുടെ സഹതാപപ്രകടനം അവിടത്തെ ആശ്വസിപ്പിച്ചു.... അവിടന്ന് അവരോടു പറയുന്നു: "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു കരയുവിൻ."

ഏതാനും വർഷങ്ങൾക്കുള്ളിൽ ഓർശ്ലേം ആക്രമിക്കപ്പെടും....അവരും അവരുടെ കുട്ടികളും പട്ടിണികിടന്നു മരിക്കും....ആ സംഭവം അവിടന്നു പ്രവചിക്കയായിരുന്നു....അവിടന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ

കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളോർത്തു കരയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ....

പരിശുദ്ധ ദൈവമാതാവേ....

*(ഒമ്പതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കൈകാലുകൾ കുഴഞ്ഞു നാഥന്റെ
തിരുമെയ് തളർന്നുലഞ്ഞു
കുരിശുമായ് മൂന്നാമതും പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ.
"മെഴുകുപോലെന്നുടെ
ഹൃദയമുരുകി
കണ്ഠം വരണ്ടുണങ്ങി
താണുപോയ് നാവെന്റെ;
ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി."
വളരുന്നു ദുഃഖങ്ങൾ
തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം.

## ഒൻപതാം സ്ഥലം

### ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു.

ഈശോമിശിഹായേ....

മുന്നോട്ടു നീങ്ങുവാൻ അവിടത്തേക്കു ഇനി ശക്തിയില്ല... രക്തമെല്ലാം തീരാറായി... തല കറങ്ങുന്നു... ശരീരം വിറയ്ക്കുന്നു....അവിടന്ന് അതാ നിലംപതിക്കുന്നു.....സ്വയം എഴുന്നേല്ക്കുവാൻ ശക്തിയില്ല....ശത്രുക്കൾ അവിടത്തെ വലിച്ചെഴുന്നേല്പിക്കുന്നു....ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല...അവിടന്നു നടക്കുവാൻ ശ്രമിക്കുന്നു....

"നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" എന്നു ശാവോലിനോട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടന്ന് ആവർത്തിക്കുന്നു.

ലോകപാപങ്ങൾക്കു പരിഹാരം ചെയ്ത കർത്താവേ... അങ്ങേ



പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാവുന്നു! എങ്കിലും ജീവിതഭാരം നിമിത്തം, ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു വേദന തീരുംമുമ്പ് മറ്റൊന്നു വന്നു കഴിഞ്ഞു. ജീവിതത്തിൽ നിരാശനാകാതെ അവയെല്ലാം അങ്ങയെ ഓർത്തുസഹിക്കുവാൻ എനിക്കു ശക്തിതരണമേ. എന്തെന്നാൽ എന്റെ ജീവിതം ഇനി എത്ര നീളുമെന്ന് എനിക്കറിഞ്ഞുകൂടാ. "ആർക്കും വേല ചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തുവരികയാണല്ലോ."

1 സ്വർഗ. 1 നന്മ.

കർത്താവേ....
പരിശുദ്ധ ദൈവമാതാവേ....

*(പത്താം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*
എത്തീവിലാപയാത്ര കാൽവരി-
ക്കുന്നിൻ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം ശത്രുക്ക-
ളൊന്നായുരിഞ്ഞു നീക്കി.
"വൈരികൾ തിങ്ങിവ-
രുന്നെന്റെ ചുറ്റിലും
ഘോരമാം ഗർജ്ജനങ്ങൾ.
ഭാഗിച്ചെടുത്തെന്റെ
വസ്ത്രങ്ങളെല്ലാം"
പാപികൾ വൈരികൾ.
നാഥാ, വിശുദ്ധിതൻ
തൂവെള്ള വസ്ത്രങ്ങൾ
കനിവാർന്നു ചാർത്തേണമെന്നെ.

## പത്താം സ്ഥലം

### ദിവ്യരക്ഷകന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു.

ഈശോമിശിഹായേ....

ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടത്തേക്കു മീറ കലർത്തിയ വീഞ്ഞുകൊടുത്തു: എന്നാൽ അവിടന്ന് അതു സ്വീകരിച്ചില്ല. അവിടത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച് ഓരോരുത്തർ ഓരോ ഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽ കൂടാതെ നെയ്യപ്പെട്ടതായിരുന്നു. അത് ആർക്കു ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്ന് അവർ പരസ്പരം പറഞ്ഞു.



''എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ മേലങ്കിക്കു വേണ്ടി അവർ ചിട്ടിയിട്ടു" എന്നുള്ള തിരുവെഴുത്തു അങ്ങനെ അന്വർത്ഥമായി.

രക്തത്തിൽ ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി അങ്ങയെ ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ.....
പരിശുദ്ധ ദൈവമാതാവേ.....


*(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*
കുരിശിൽക്കിടത്തീടുന്നു നാഥന്റെ
കൈകാൽ തറച്ചിടുന്നു.
മർത്യനു രക്ഷനല്കാനെത്തിയ
ദിവ്യമാം കൈകാലുകൾ.
“കനിവറ്റ വൈരികൾ

ചേർന്നു തുളച്ചെന്റെ
കൈകളും കാലുകളും."
പെരുകുന്നു വേദന-
യുരുകുന്നു ചേതന
നിലയറ്റ നീർക്കയം
"മരണം പരത്തിയോ-
രിരുളിൽക്കുടുങ്ങി ഞാൻ
ഭയമെന്നെയൊന്നായ് വിഴുങ്ങി."

## പതിനൊന്നാം സ്ഥലം

### ഈശോമിശിഹാ കുരിശിൽ തറയ്ക്കപ്പെടുന്നു.

ഈശോമിശിഹായേ...



ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു.... ആണിപ്പഴുതുകളിലേക്കു കൈകാലുകൾ വലിച്ചുനീട്ടുന്നു.... ഉഗ്രമായ വേദന... മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്ത വിധം ദുസ്സഹമായ പീഡകൾ... എങ്കിലും അവിടത്തെ അധരങ്ങളിൽ പരാതിയില്ല... കണ്ണുകളിൽ നൈരാശ്യമില്ല... പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് അവിടന്ന് പ്രാർത്ഥിക്കുന്നു.

ലോകരക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങു ലോകത്തിൽ നിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനേക്കാൾ വലിയ ഭൃത്യനില്ലെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളെയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു. അങ്ങയോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ചു, അങ്ങേക്കുവേണ്ടി മാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ.....
പരിശുദ്ധ ദൈവമാതാവേ....


*(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശിൽ കിടന്നു ജീവൻ പിരിയുന്നു
ഭൂവനൈകനാഥനീശോ
സൂര്യൻ മറഞ്ഞിരുണ്ടു- നാടെങ്ങു-
മന്ധകാരം നിറഞ്ഞു.
"നരികൾക്കുറങ്ങുവാ-
നളയുണ്ടു പറവയ്ക്കു
കൂടുണ്ടു പാർക്കുവാൻ
നരപുത്രനൂഴിയിൽ
തലയൊന്നു ചായ്ക്കുവാ-
നിടമില്ലൊരേടവും."
പുൽക്കൂടു തൊട്ടങ്ങേ
പുൽകുന്ന ദാരിദ്ര്യം
കുരിശോളം കൂട്ടായി വന്നു.

## പന്ത്രണ്ടാം സ്ഥലം

### ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങി മരിക്കുന്നു.

ഈശോമിശിഹായേ..



രണ്ടു കള്ളന്മാരുടെ നടുവിൽ അവിടത്തെ അവർ കുരിശിൽ തറച്ചു....കുരിശിൽ കിടന്നുകൊണ്ടു ശത്രുക്കൾക്കുവേണ്ടി അവിടന്നു പ്രാർത്ഥിക്കുന്നു.... നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു... മാതാവും മറ്റു സ്ത്രീകളും കരഞ്ഞുകൊണ്ടു കുരിശിനു താഴെ നിന്നിരുന്നു.

"ഇതാ നിന്റെ മകൻ" എന്ന് അമ്മയോടും, "ഇതാ നിന്റെ അമ്മ" എന്ന് യോഹന്നാനോടും അവിടന്ന് അരുളിച്ചെയ്തു. പന്ത്രണ്ടു മണി സമയമായിരുന്നു. "എന്റെ പിതാവേ, അങ്ങേ

കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന രുളിച്ചെയ്ത് അവിടന്നു മരിച്ചു. പെട്ടെന്ന് സൂര്യൻ ഇരുണ്ടു. മൂന്നു മണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദൈവാലയത്തിലെ തിരശ്ശീല നടുവേ കീറിപ്പോയി. ഭൂമിയിളകി; പാറകൾ പിളർന്നു; പ്രേതാലയങ്ങൾ തുറക്കപ്പെട്ടു.

ശതാധിപൻ ഇതെല്ലാം കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് 'ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു' എന്നു വിളിച്ചുപറഞ്ഞു. കണ്ടു നിന്നിരുന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി.

"എനിക്ക് ഒരു മാമ്മോദീസാ മുങ്ങുവാനുണ്ട്. അതു പൂർത്തിയാകുന്നതു വരെ ഞാൻ അസ്വസ്ഥനാകുന്നു." കർത്താവേ, അങ്ങു ആഗ്രഹിച്ച മാമ്മോദീസാ അങ്ങു മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങു പൂർത്തിയാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരു ദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ. "എന്റെ പിതാവേ, ഭൂമിയിൽ ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തി; എന്നെ ഏല്പിച്ചിരുന്ന ജോലി ഞാൻ പൂർത്തിയാക്കി. ആകയാൽ അങ്ങേപ്പക്കൽ എന്നെ മഹത്ത്വപ്പെടുത്തണമേ."

1 സ്വർഗ. 1 നന്മ

കർത്താവേ....
പരിശുദ്ധ ദൈവമാതാവേ....


*(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

അരുമസൂതന്റെ മേനി മാതാവു
മടിയിൽക്കിടത്തീടുന്നു.
അലയാഴിപോലെ നാഥേ, നിൻദുഃഖ-
മതിരുകാണാത്തതല്ലോ.
പെരുകുന്ന സന്താപ-
മുനയേറ്റഹോ നിന്റെ
ഹൃദയം പിളർന്നുവല്ലോ
ആരാരുമില്ല, തെ-
ല്ലാശ്വാസമേകുവാ-
നാകുലനായികേ.
"മുറ്റുന്ന ദുഃഖത്തിൽ
ചുറ്റും തിരഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും."

## പതിമൂന്നാം സ്ഥലം

### മിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു.

ഈശോമിശിഹായേ...



അന്ന് വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്ന് ശാബതമാകും. അതുകൊണ്ടു ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തൻമൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു ശരീരം താഴെയിറക്കണമെന്ന് അവർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്നു മിശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടു പേരുടെയും കണങ്കാലുകൾ തകർത്തു. ഈശോ പണ്ടേ മരിച്ചു കഴിഞ്ഞിരുന്നു എന്നു കണ്ടതിനാൽ അവിടത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തം കൊണ്ട് അവിടത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെ നിന്നു രക്തവും വെള്ളവും ഒഴുകി. അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏറ്റം വ്യാകുലയായ മാതാവേ, അങ്ങേ വത്സലപുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങു അനുഭവിച്ച സങ്കടം ആർക്കു വിവരിക്കാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയിലെടുത്തതു മുതൽ ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അപ്പോൾ അങ്ങു സഹിച്ച പീഡകളെ ഓർത്തു ജീവിതദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമേ.

1 സ്വർഗ. 1 നന്മ

കർത്താവേ....

പരിശുദ്ധ ദൈവമാതാവേ....


*(പതിനാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

നാഥന്റെ ദിവ്യദേഹം വിധിപോലെ
സംസ്ക്കരിച്ചീടുന്നിതാ
വിജയം വിരിഞ്ഞു പൊങ്ങും ജീവന്റെ
ഉറവയാണാക്കുടീരം.
മൂന്നു നാൾ മത്സ്യത്തി-
നുള്ളിൽ കഴിഞ്ഞൊരു
യൗനാൻ പ്രവാചകൻപോൽ
ക്ലേശങ്ങളെല്ലാം
പിന്നിട്ടു നാഥൻ
മൂന്നാം ദിനമുയിർക്കും.
പ്രഭയോടുയിർത്തങ്ങേ
വരവേല്പിനെത്തിടാൻ
വരമേകണേ ലോകനാഥാ.

## പതിനാലാം സ്ഥലം

### ഈശോമിശിഹായുടെ മൃതദേഹം കല്ലറയിൽ സംസ്ക്കരിക്കുന്നു.

ഈശോമിശിഹായേ...



അനന്തരം പീലാത്തോസിന്റെ അനുവാദത്തോടെ റാംസാക്കാരനായ യൗസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറു റാത്തലോളം സുഗന്ധക്കൂട്ടുമായി നിക്കൊദേമൂസും അയാളുടെ കൂടെ വന്നിരുന്നു. യൂദന്മാരുടെ ആചാരമനുസരിച്ചു കച്ചകളും പരിമള ദ്രവ്യങ്ങളും കൊണ്ടു ശരീരം പൊതിഞ്ഞു. ഈശോയെ കുരിശിൽ തറച്ചിടത്ത് ഒരു തോട്ടവും അവിടെ ഒരു പുതിയ കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും, കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈ

ശോയെ അവിടെ സംസ്ക്കരിച്ചു.

"അങ്ങു എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല; അങ്ങേ പരിശുദ്ധൻ അഴിഞ്ഞുപോകുവാൻ അനുവദിക്കയുമില്ല."

അനന്തമായ പീഡകൾ സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിച്ച മിശിഹായേ, അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടെ ജീവിക്കുമെന്നു ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടെ സംസ്ക്കരിക്കപ്പെട്ടിരിക്കുകയാണല്ലോ. രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ. 1 നന്മ.

കർത്താവേ.....
പരിശുദ്ധ ദൈവമാതാവേ....

## സമാപന ഗാനം

ലോകത്തിലാഞ്ഞുവീശി സത്യമാം
നാകത്തിൻ ദിവ്യകാന്തി;
സ്നേഹം തിരഞ്ഞിറങ്ങി പാവന
സ്നേഹപ്രകാശതാരം.
നിന്ദിച്ചു മർത്യനാ
സ്നേഹത്തിടമ്പിനെ
നിർദ്ദയം ക്രൂശിലേറ്റി;
നന്ദിയില്ലാത്തവർ
ചിന്തയില്ലാത്തവർ
നാഥാ, പൊറുക്കേണമേ.
നിൻ പീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നല്കേണമേ നിൻവരങ്ങൾ.

## സമാപന പ്രാർത്ഥന

നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലി വസ്തുവായിത്തീർന്ന പ്രിയപുത്രനെ തൃക്കൺപാർക്കണമേ. ഞങ്ങൾക്കുവേണ്ടി മരണംവരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ടു ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ.

അങ്ങേ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആ തിരുരക്തത്തെയോർത്തു ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

ഞങ്ങളുടെ പാപം വലുതാണെന്നു ഞങ്ങളറിയുന്നു. എന്നാൽ അങ്ങേ കാരുണ്യം അതിനേക്കാൾ വലുതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ അവയ്ക്കുവേണ്ടിയുള്ള ഈ പരിഹാരബലിയേയും ഗൗനിക്കണമേ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കാൻ അവിടത്തെ പീഡകൾ ധാരാളം മതിയല്ലോ.

തന്റെ പുത്രനെ ഞങ്ങൾക്കു നല്കിയ പിതാവിനു സ്തുതിയും കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രനു ആരാധനയും രക്ഷണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ.

1 സ്വർഗ. 1 നന്മ.

## മനസ്താപപ്രകരണം

## സെഹിയോൻ ധ്യാനകേന്ദ്രത്തിനു വേണ്ടിയുള്ള പ്രാർത്ഥന

**പരിശുദ്ധാത്മാവായ ദൈവമേ, അങ്ങു രൂപപ്പെടുത്തുകയും നട്ടുവളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന സെഹിയോൻ ധ്യാനകേന്ദ്രത്തെ ഓർത്ത് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഇന്നുവരെ വന്നു പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്ത എല്ലാ ദൈവമക്കളെയും അങ്ങയുടെ സ്നേഹത്തിൽ കാത്തുകൊള്ളണമേ. ഇവിടെ ശുശ്രൂഷകൾ ചെയ്തിട്ടുള്ളവരേയും, ഇപ്പോൾ ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നവരേയും അനുഗ്രഹിക്കണമേ. ഈ ആലയത്തിലെ എല്ലാ ശുശ്രൂഷകളിലും യേശുവിന്റെ തിരുരക്തത്തിന്റെ സാന്നിദ്ധ്യമുണ്ടാകട്ടെ. ഇതിനെതിരെ പ്രവർത്തിക്കുന്ന എല്ലാ ദുഷ്ടാത്മസേനകളും യേശുവിന്റെ തിരുരക്തത്തിന്റെ ശക്തിയാൽ നിർവീര്യമാകട്ടെ. യേശുവിന്റെ തിരുരക്തം ഒരു കോട്ടയായി ഈ ആലയത്തിനു ചുറ്റിലും ഉണ്ടാകട്ടെ. ആമ്മേൻ.**

# സ്തോത്രഗീതം

ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു
അങ്ങേക്കായെന്നും സ്തോത്രങ്ങൾ
പാരിതിന്നധിനാഥനായങ്ങേ
ഞങ്ങളെന്നും സ്തുതിക്കുന്നു
നിത്യ സൽപിതാവാകുമങ്ങയെ
ആരാധിക്കുന്നു പാരാകെ-2

ദൈവദൂതന്മാരേവരും പിന്നെ
സ്വർഗവാസികൾ സർവ്വരും
സ്വർഗവും ക്രോവേസ്രാപ്പേൻ വൃന്ദവും
സ്വർഗസംഗീതം മീട്ടുന്നു
സൈന്യാധീശനാം ദൈവം സംശുദ്ധൻ
സംശുദ്ധൻ നിത്യം സംശുദ്ധൻ-2

ഭൂവും വാനവും തൻ മഹിമയാൽ
തിങ്ങിടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യ-
നിവ്യന്മാർ, വേദസാക്ഷികൾ
നിത്യാനന്ദപ്രതാപവാനങ്ങേ
വാഴ്ത്തീടുന്നു നിരന്തരം-2

നിസ്തുലൻ പ്രഭാപൂരിതൻ താതാ
നിത്യനാം ഏക സൂനുവേ
പാപനാത്മാ ത്രിയേക ദൈവമേ
സ്തോത്രമെന്നുമെന്നേയ്ക്കുമേ
ലോകമാകവെ പാവനം സഭാ
കീർത്തിക്കുന്നങ്ങേ സാദരം-2

പ്രഭാവമെഴും രാജനാണു നീ
ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ

ദിവ്യനാം സൂനുവാണു നീ
മർത്ത്യരക്ഷയ്ക്കായ് കന്യകയിൽ നി-
ന്നങ്ങുമന്നിടേ ജാതനായ്-2

മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗവാതിൽ തുറന്നഹോ
ദൈവത്തിന്റെ വലതുഭാഗത്തായ്
വാഴ്വൂ നീ ദിവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരൂ-
മെന്നും വിശ്വസിക്കുന്നിവർ-2

*(ശിരസ്സ് കുനിക്കുന്നു)*

നിന്നനർഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തൊരീ ദാസരിൽ
നിൻകൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം

*(ശിരസ്സ് ഉയർത്തുന്നു)*

നിത്യാനന്ദത്തിലങ്ങേ സ്നേഹിത-
രൊത്തു ചേരാൻ കനിയണേ-2

കാത്തിടൂ നാഥാ നിൻ ജനങ്ങളെ
ആശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളെ,
ഉന്നതിയിവർക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവനനാമവും തഥാ-2

ഇന്നു ഞങ്ങളിൽ പാപമേശായ്‌വാൻ
നിന്നനുഗ്രഹം നല്കണേ
ആശ്രയിച്ചിവർ തീവ്രമായങ്ങിൽ
തിങ്ങും കാരുണ്യം പുൽകുവാൻ
അർപ്പിച്ചുനിന്നിലാശ സർവ്വവും
ലേശം ലജ്ജിക്കയില്ല ഞാൻ-2

## സെഹിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ച് ധ്യാനിക്കാൻ ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സെഹിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനം ആരംഭിക്കുന്നത് ഞായറാഴ്ചകളിൽ മാത്രമാണ്. ശനിയാഴ്ച ആരെയും പ്രതീക്ഷിക്കുന്നില്ല.
2. എല്ലാ മാസത്തിലെയും ആദ്യ ഞായറാഴ്ച ഒഴികെ മറ്റെല്ലാ ആഴ്ചകളിലും ഞായറാഴ്ച 2.00 pm ന് ധ്യാനം ആരംഭിച്ച്, വെള്ളിയാഴ്ച 8.30 am ന് അവസാനിക്കുന്നു. (മാസത്തിലെ ആദ്യ ഞായറാഴ്ച ധ്യാനം ഇല്ല)
3. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധ്യാനത്തിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ഒരു കാരണവശാലും ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ശരിയായ അഡ്രസും ഫോൺ നമ്പറും എഴുതിയിരിക്കണം.
4. സീറ്റ് ലഭിക്കാത്തവരുടെ മണിയോർഡർ തിരിച്ചയയ്ക്കുന്നതാണ്.
5. മാനസിക രോഗികൾക്കും, കിടപ്പുരോഗികൾക്കും ധ്യാനിക്കുന്നതിന് ഇവിടെ സൗകര്യം ഇല്ല. ഒരു കാരണവശാലും മാനസിക രോഗികളോ, മാനസിക രോഗത്തിന് മരുന്ന് കഴിക്കുന്നവരോ വരരുത്.
6. മദ്യപിച്ച് വരുന്നവർക്ക് ധ്യാനത്തിൽ പ്രവേശനം ലഭിക്കുന്നതല്ല.
7. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുമായി വരുന്നവരെ ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
8. എല്ലാ വെള്ളിയാഴ്ചകളിലും 9.00 am മുതൽ 3.30 pm വരെ ഏകദിന ധ്യാനം ഉണ്ടായിരിക്കുന്നതാണ്.
9. മണിയോർഡർ അയയ്ക്കുമ്പോൾ ധ്യാനത്തിന് വരുന്ന വ്യക്തികൾ സ്ത്രീയോ പുരുഷനോ എന്നെഴുതേണ്ടതാണ്.
10. ധ്യാനത്തിൽ പങ്കെടുക്കുന്നവർ, രണ്ടാഴ്ച മുമ്പു മുതൽ പ്രാർത്ഥിച്ചും ഉപവസിച്ചും ഒരുങ്ങുക.
11. ധ്യാനത്തിൽ സംബന്ധിക്കുന്നവർ ആരംഭം മുതൽ അവസാനം വരെ പരിപൂർണ നിശബ്ദത പാലിക്കേണ്ടതാണ്.
12. സമ്പൂർണ്ണ ബൈബിൾ, പാട്ടു പുസ്തകം, നോട്ടുബുക്ക്, പേന, ജപമാല എന്നിവ വചന ക്ലാസ്സുകളിൽ വരുമ്പോൾ കൈയിൽ ഉണ്ടായിരിക്കണം.
13. ബ്രഷ്, പേസ്റ്റ്, സോപ്പ്, ചീർപ്പ്, ബെഡ്ഷീറ്റ് തുടങ്ങിയ വ്യക്തിപരമായി ആവശ്യമുള്ളവ എല്ലാവരും കൊണ്ടുവരണം.
14. ധ്യാനത്തിന് വരുന്നവർ പേര് രജിസ്റ്റർ ചെയ്ത്, ബാഡ്ജ് സ്വീകരിക്കുകയും ധ്യാനം കഴിയുന്നതുവരെ ബാഡ്ജ് ധരിക്കുകയും വേണം.
15. രജിസ്ട്രേഷൻ തുക തിരിച്ചുകൊടുക്കുന്നതല്ല.

## മാറാനാത്ത മീഡിയ സെന്റർ
## സെഹിയോൻ ടെലിവിഷൻ ഓഫീസ്

സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ മീഡിയസെന്ററും, സെഹിയോൻ ടെലിവിഷൻ ഓഫീസും പാലക്കാട് സാൻജോ ടവറിൽ (Opp. K.S.R.T.C) പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സെഹിയോനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ, ഓഡിയോ, വീഡിയോ സിഡികൾ, പ്രാർത്ഥനപുസ്തകങ്ങൾ എന്നിവ ഇവിടെ നിന്ന് ലഭിക്കുന്നതാണ് (പ്രവർത്തി സമയം 9 am to 5 pm).

**അന്വേഷണങ്ങൾക്ക്: ഡയറക്ടർ, മാറാനാത്ത മീഡിയ സെന്റർ, സാൻജോ ടവർ (Opp. K.S.R.T.C), പാലക്കാട് - 678 014**

## സെഹിയോനിൽ എത്തിച്ചേരാനുള്ള വഴി

പാലക്കാട് - കോഴിക്കോട് ബസ്സ് റൂട്ടിൽ മണ്ണാർക്കാട് ബസ്സ്റ്റാന്റിൽ നിന്നും ആനക്കട്ടി ബസ്സിൽ കയറി, താവളം സെഹിയോൻ ധ്യാനകേന്ദ്രം സ്റ്റോപ്പിൽ ഇറങ്ങുക.

***അഡ്രസ്:* ഫാ. സേവ്യർഖാൻ വട്ടായിൽ,**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം, താവളം-678 589,
അട്ടപ്പാടി-പാലക്കാട്. ഫോൺ: 04924-253333, 253647
E-mail: Fr.vattayil@gmail.com, sehion@gmail.com
Website: www.sehion.org

**ധ്യാന രജിസ്ട്രേഷൻ സംബന്ധമായ അന്വേഷണങ്ങൾക്ക് ഫോൺ വിളിക്കുന്നവർ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ മാത്രം വിളിക്കുക.**

***ശ്രദ്ധിക്കുക***

താമസിച്ചുള്ള ധ്യാന ദിവസങ്ങളിൽ, ധ്യാനത്തിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതിനാൽ പുറമേ നിന്ന് പ്രാർത്ഥിക്കുവാൻ വരുന്നവരെ കാണാൻ സാധിക്കുകയില്ല. അങ്ങനെയുള്ളവർ വെള്ളിയാഴ്ചകളിൽ വരുക.

**സമയം : 8 am മുതൽ 1 pm വരെ.**



## മാതാവിനോടുള്ള സംരക്ഷണ പ്രാർത്ഥന

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ, മനുഷ്യകുലം മുഴുവന്റെയും മാതാവും മദ്ധ്യസ്ഥയും സഹായവും സംരക്ഷകയുമാകുവാൻ ദൈവം മുൻകൂട്ടി തിരഞ്ഞെടുത്തിരിക്കുന്ന അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ മാതാവും സംരക്ഷകയുമായി ഇന്ന് ഞങ്ങൾ അങ്ങയെ സ്വീകരിക്കുന്നു. അമ്മേ, അങ്ങയുടെ ശക്തമായ സംരക്ഷണത്താൽ ആത്മീയവും ശാരീരികവുമായ എല്ലാ ആപത്തുകളിൽനിന്നും പ്രത്യേകിച്ച് പൈശാചിക ശക്തികളുടെ ഉപദ്രവങ്ങൾ, അഗ്നിബാധ, ജലപ്രളയം, ഇടിമിന്നൽ, കൊടുങ്കാറ്റ്, ഭൂമികുലുക്കം, വാഹനാപകടങ്ങൾ എന്നിവയിൽനിന്നും കള്ളന്മാർ, അക്രമികൾ എന്നിവരിൽ നിന്നും ഞങ്ങളെയും ഞങ്ങളുടെ ഭവനത്തെയും സംരക്ഷിക്കണമേ. ഈ ഭവനത്തിൽ വസിക്കുന്ന എല്ലാവരും അങ്ങയുടെ സ്വന്തമായതുകൊണ്ട് എല്ലാ അത്യാഹിതങ്ങളിൽനിന്നും ശാരീരിക അസുഖങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കണമേ. ഏറ്റം പ്രധാനമായി പാപം വർജ്ജിക്കുന്നതിനും എല്ലാ കാര്യത്തിലും ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് ദൈവാനുഗ്രഹത്തിൽ ജീവിക്കുന്നതിനും എന്നേക്കുമായി അങ്ങേക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ എല്ലാവർക്കുമായി അങ്ങേ തിരുക്കുമാരനോടു അപേക്ഷിക്കണമേ... ആമ്മേൻ

**കർത്താവായ യേശുവേ, വേഗം വരണമേ!**

"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും"

(സങ്കീ 116 : 12-13).




## അഡ്രസ്സ്

**ഫാ. സേവ്യർഖാൻ വട്ടായിൽ**

സെഹിയോൻ ധ്യാനകേന്ദ്രം

താവളം പി.ഒ., അട്ടപ്പാടി, പാലക്കാട് - 678 589

ഫോൺ:04924-253333, 253647.


## സെഹിയോനിൽ എത്തിച്ചേരാനുള്ള വഴി

പാലക്കാട്-കോഴിക്കോട് റൂട്ടിൽ മണ്ണാർക്കാട് ബസ്സ്റ്റാന്റിൽ നിന്നും ആനക്കട്ടി ബസ്സിൽ കയറി, താവളം ധ്യാനകേന്ദ്രം സ്റ്റോപ്പിൽ ഇറങ്ങുക.